# സത്യദൂതൻ

മുക്കാൽ നൂറ്റാണ്ട് പിന്നിട്ട മലയാളത്തിലെ ഏക ഇസ്‌ലാമിക പ്രസിദ്ധീകരണം


പുസ്തകം 74
ലക്കം 1
ജനുവരി 2005
സുൽഹ് 1383
ദുൽഖഅദ് - ദുൽഹജ്ജ് 1425



**ചീഫ് എഡിറ്റർ**
മൗലവി മുഹമ്മദ് ഇസ്മായിൽ

**എഡിറ്റർ**
ഏ. എം. മുഹമ്മദ് സലിം

**എഡിറ്റോറിയൽ ബോർഡ്**
പ്രൊഫ. മഹ്മൂദ് അഹ്മദ്
(ചെയർമാൻ)

കെ.വി. ഈസക്കോയ
കെ. വി. ഹസ്സൻ കോയ
പി. എം. ബഷീർ അഹ്മദ്
ഐ. കെ. അഹ്മദ്കുട്ടി

**മാനേജർ**
എം.കെ. ഇമ്പിച്ചിക്കോയട്ടി

**സെക്രട്ടറി**
പി. എം. അഹ്മദ് ഹസ്സൻ

**സർക്കുലേഷൻ മാനേജർ**
എസ്. മുഹമ്മദ് സലിം



വരിസംഖ്യ - 100 ക.
ഒറ്റപ്രതി - 10 ക.



*വിലാസം*
**സത്യദൂതൻ**
**ജി. എച്ച്. റോഡ്, കോഴിക്കോട്.**
**ഫോൺ: 0495 - 2721609**
e-mail: sathyadoothan@ahmadiyya.com



**സ്ഥാപിതം**
**1925**


## ഉള്ളടക്കം


4 യുഗശബ്ദം

5 മുഖക്കുറിപ്പ്

ലേഖനം

6 ***കിടിലം കൊള്ളിക്കുന്ന പ്രകമ്പനങ്ങൾ***
ഹദ്റത്ത് അഹ്മദ് (അ)

8 ***നന്മയിൽ മത്സരബുദ്ധ്യാ മുന്നേറുക***
ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ്

10 ***ദൈവിക ശിക്ഷകൾ***
ഖലീഫത്തുൽ മസീഹ് - IV

13 ***ജിഹാദ്***
അഷ്റഫ് എം. എ. സ്കോട്ട്ലാന്റ്

17 ***പാകിസ്താനിൽ നിന്നൊരു രക്തസാക്ഷിത്വം***
എസ്. മുഹമ്മദ് സലീം

20 ***നവോത്ഥാനവും ഹസ്കലാത്തും***
എ. എം. മുഹമ്മദ് സലീം

24 ***മൂസാനബിയുടെ ആത്മീയ പ്രയാണം (തുടർച്ച)***
എ. പി. കുഞ്ഞാമു

27 ***ജമാഅത്തെ ഇസ്‌ലാമിയുടെ ഒരു കിരാത തത്വം***
ഹദ്റത്ത് മിർസാ ത്വാഹിർ അഹ്മദ്

31 കുറിപ്പുകൾ, അനുസ്മരണം
വാർത്തകൾ.


**മുഖചിത്രം : സൂറ അൽസഫിലെ വിജയത്തിന്റെ സുവിശേഷം ആലേഖനം ചെയ്ത ഒരു അലങ്കാര വിളക്ക് - 16-ാം നൂറ്റാണ്ട്.**

**(ബ്രിട്ടീഷ് മ്യൂസിയം - ലണ്ടൻ )**


Printed & Published by A. P. Kunhamoo, for the Kerala Ahmadiyya Jama-at at Geethanjali Offset Press, Feroke, Calicut.
Edited by A. M. Muhammed Salim. Typeset, Layout & Cover Design : Victory *Creations*, CLT - 1.

## ഖുർആനിൽ നിന്ന്


'ആ നിശ്ചിത സമയത്തെ പ്രകമ്പനം ഒരു ഭയങ്കര സംഭവം തന്നെയാണ്. നിങ്ങൾ അത് കാണുന്ന നാളിൽ മുല കൊടുക്കുന്ന എല്ലാ മാതാക്കളും അവർ മുലയൂട്ടുന്ന ശിശുക്കളെ വിസ്മരിച്ചുപോകും. എല്ലാ ഗർഭിണികളും തങ്ങളുടെ ഗർഭം പ്രസവിച്ചുപോകും. ജനങ്ങളെ മത്തു പിടിച്ചവരായി നിനക്ക് കാണാം. യഥാർത്ഥത്തിൽ അവർ മത്തു പിടിച്ചവരായിരിക്കുകയില്ല' (22: 2-3).

## നബിവചനം

'ഖിയാമത്തു നാളിൽ അല്ലാഹു ഭൂമിയെ കൈയ്യിലെടുക്കും. ആകാശത്തെ വലത് കൈയ്യിൽ ചുരുട്ടി പിടിക്കുകയും ചെയ്യും. എന്നിട്ട് അവൻ ചോദിക്കും ഞാനാണ്. രാജാവ് ഭൂമിയിലെ രാജാക്കന്മാർ എവിടെ'

(ബുഖാരി, മുസ്‌ലിം).

# സർവ്വനാശത്തിന്റെ കാലം



**വാഗ്ദത്ത മസീഹ്**

“മനുഷ്യനുണ്ടായ നാൾ തുടങ്ങി നാളിതുവരെ സംഭവിച്ചിട്ടില്ലാത്തവിധം അത്യന്തം ഭയങ്കരമായ നാശം ഭൂമുഖത്തുണ്ടാകാൻ പോകുന്നു. അധികമായ സ്ഥലങ്ങളും അവിടങ്ങളിൽ ഒരിക്കലും ജനവാസം ഉണ്ടായിട്ടില്ലെന്ന് തോന്നുമാറുള്ള തരത്തിൽ അടിമേൽ മറിഞ്ഞു പോകും. ഇതോടുകൂടി ഭൂമിയിലും ആകാശത്തിലും ഭയങ്കരരൂപത്തിലുള്ള മറ്റു പലനാശങ്ങളും സംഭവിക്കും. ഇങ്ങേയറ്റം ബുദ്ധിയുള്ളവരുടെ ദൃഷ്ടിയിൽ ഈ സംഗതികൾ എത്രയും അസാധാരണമായവയായിത്തീരും.........

എന്റെ വരവോടുകൂടി ദൈവക്രോധത്തിന്റെ ആ ഗോപ്യമായ ഒരുക്കങ്ങൾ - അവ ദീർഘകാലമായിട്ട് ഗോപ്യമായിരുന്നു - വെളിപ്പെടുക തന്നെ ചെയ്യും. എന്തെന്നാൽ “നാം ഒരു പ്രവാചകനെ എഴുന്നേൽപിച്ചല്ലാതെ (ഒരു ജനതയേയും) ശിക്ഷിക്കുകയില്ല” എന്ന് ദൈവം ഖുർആനിൽ (17:16) പറഞ്ഞിരിക്കുന്നു. ആകയാൽ, പശ്ചാത്തപിച്ച് മാനസാന്തരപ്പെടുന്നവർക്ക് അഭയവും രക്ഷയും ലഭിക്കും.

**ഹഖീഖത്തുൽ വഹ്‌യ്**

മുഖക്കുറിപ്പ്

# പ്രകൃതി ക്ഷോഭങ്ങൾ നൽകുന്ന പാഠം

**'ഭൂമി ശക്തമായി പ്രകമ്പനം ചെയ്യപ്പെടുകയും, ഭൂമി അതിന്റെ ഭാരങ്ങൾ പുറന്തള്ളുകയും അതിനെന്ത് സംഭവിച്ചുവെന്ന് മനുഷ്യൻ ചോദിക്കുകയും ചെയ്യുമ്പോൾ' (99:1–4)(ജലം) 'നിറക്കപ്പെട്ട സമുദ്രത്തെക്കൊണ്ട് സത്യം തീർച്ചയായും നിന്റെ നാഥന്റെ ശിക്ഷ സംഭവിക്കുക തന്നെ ചെയ്യും. അതിനെ തട്ടിനീക്കാൻ ആരുമില്ല' (52;7–9). 'സമുദ്രങ്ങൾ കീറിയൊഴുക്കപ്പെടുമ്പോൾ' (82:4). 'ആ നിശ്ചിത സമയത്തെ പ്രകമ്പനം ഒരു ഭയങ്കര സംഭവം തന്നെയാണ്. നിങ്ങൾ അത് കാണുന്ന നാളിൽ മുല കൊടുക്കുന്ന എല്ലാ മാതാക്കളും അവർ മുലയൂട്ടുന്ന ശിശുക്കളെ വിസ്മരിച്ചുപോകും. എല്ലാ ഗർഭിണികളും തങ്ങളുടെ ഗർഭം പ്രസവിച്ചുപോകും. ജനങ്ങളെ മത്തുപിടിച്ചവരായി നിനക്ക് കാണാം. യഥാർത്ഥത്തിൽ അവർ മത്തു പിടിച്ചവരായിരിക്കുകയില്ല' (22: 2–3).**

ഖുർആനിൽ വിവരിക്കപ്പെട്ട ഖിയാമത്തിന് സദൃശമായ ഭയജനകമായ പ്രകൃതിദുരന്തങ്ങൾക്ക് അരങ്ങേറ്റം കുറിച്ചുവോ? ഡിസം: 26–ന് മനുഷ്യന്റെ, നിസ്സഹായതയും നിസ്സാരതയും വെളിപ്പെടുത്തിക്കൊണ്ട് ഒന്നര ലക്ഷത്തിലധികം പേരെ കൊന്നൊടുക്കി ഏഷ്യൻ രാജ്യങ്ങളിലേക്കും ദ്വീപുകളിലേക്കും ഇരമ്പിക്കയറിയ രാക്ഷസ തിരയുടെ സംഹാരതാണ്ഡവം കണ്ടപ്പോൾ ഈ കാലഘട്ടത്തിന്റെ പൊതുവേയുള്ള മാർഗ്ഗഭ്രംശത്തെ നോക്കി ദൈവനിയുക്തനായ വാഗദത്ത മഹ്ദി ഹദ്റത്ത് അഹ്മദ് (അ) പറഞ്ഞ വാക്കുകൾക്ക് പ്രസക്തിയേറുകയാണ്.

*'..... ആ നാളുകൾ അടുത്തുവരുന്നു. അല്ല അവ പടിവാതിൽക്കലെത്തിക്കഴിഞ്ഞിരിക്കുന്നു. ഒരു മഹാപ്രളയത്തിന്റെ (ഖിയാമ)ത്തിന്റെ കാഴ്ച ലോകം കാണുന്നതാണ്. ഭൂകമ്പങ്ങൾ മാത്രമല്ല ഭയങ്കരമായ മറ്റു വിപത്തുകളും ആകാശത്തു നിന്നും ഭൂമിയിൽ നിന്നും വെളിപ്പെടും. ഇതെല്ലാം സംഭവിക്കുന്നത് മനുഷ്യൻ ദൈവത്തെ മറന്ന് ഭക്തിമാർഗ്ഗത്തെ ഉപേക്ഷിക്കുകയും അവർ മുഴുമനസ്സാലെ ലൗകികത്തിൽ തന്നെ പതിക്കുകയും ചെയ്തതിനാലത്രെ.... അല്ലയോ യൂറോപ്പേ നീ രക്ഷയിലല്ല, അല്ലയോ ഏഷ്യാ നീയും രക്ഷയിലല്ല! ഓ ദ്വീപുകളിൽ വസിക്കുന്നവരേ നിങ്ങളാൽ നിർമ്മിതമായ ഒരു ദൈവവും ആ നാളിൽ നിങ്ങളെ സഹായിക്കില്ല!! (ഹഖീഖത്തുൽ വഹ്യ്).*

ഭൂമിയുടെ ഭ്രമണം, പരിക്രമണം, രാപ്പകലുകളുടെ മാറ്റങ്ങൾ, ഭൂഫലകങ്ങളുടെ ചലനങ്ങൾ, ഋതുഭേദങ്ങൾ എന്നീ പ്രാപഞ്ചിക പ്രതിഭാസങ്ങളിലൊന്നും മനുഷ്യന്റെ കരങ്ങൾക്ക് യാതൊരു പങ്കുമില്ല. ഖുർആൻ ചോദിക്കുന്നു: 'ഭൂമിയിൽ ഉള്ള വസ്തുക്കളിൽ നിന്ന് അവരെന്താണ് സൃഷ്ടിച്ചിട്ടുള്ളതെന്ന് എനിക്ക് കാണിച്ചുതരിക. ആകാശങ്ങളുടെ സൃഷ്ടിയിൽ അവർക്ക് പങ്കുണ്ടോ?' (35:41). തികച്ചും ദൈവത്തിന്റെ കരങ്ങൾ കൊണ്ട് രൂപകല്പന ചെയ്ത് സൃഷ്ടിക്കുകയും അവന്റെ നിയന്ത്രണത്തിൽ വർത്തിക്കുകയും ചെയ്യുന്നതാണ് പ്രപഞ്ചം. ദൈവം തന്റെ സ്വന്തം പ്രതിഛായയിൽ സൃഷ്ടിച്ച മനുഷ്യന് വേണ്ടിയാണ് ഈ പ്രപഞ്ചം സൃഷ്ടിച്ചത്. പ്രപഞ്ചത്തിന്റെ സർവ്വ സാരവും മനുഷ്യനാണ്. ദൈവികഗുണങ്ങൾ സ്വാംശീകരിച്ച് മനുഷ്യൻ ഉന്നതിയിലേക്ക് കരേറാൻ ദൈവം ആഗ്രഹിക്കുന്നു. ഈ ലക്ഷ്യ സാക്ഷാൽക്കാരത്തിന്നാണ് സുവിശേഷങ്ങളും താക്കീതുകളുമായി കരുണാവാരിധിയായ ദൈവം പ്രവാചകന്മാരെ നിയമിക്കുന്നത്. ദൈവിക വെളിപാടുകളിലൂടെ പ്രവാചകന്മാർ ലോകത്തിന് സമർപ്പിച്ച ധാർമ്മിക നിയമങ്ങളും, പ്രപഞ്ചവും രണ്ടും ദൈവത്തിന്റെ സൃഷ്ടികളാണ്. മനുഷ്യൻ ദൈവത്തിന്റെ ഇച്ഛക്കെതിരെ പാപപങ്കിലമായ ജീവിതം നയിക്കുമ്പോൾ പ്രകൃതി പ്രകമ്പിതമായി നാശം വിതക്കും. പ്രവാചകന്മാർ മനുഷ്യ സമൂഹത്തിന് മുമ്പിൽ സമർപ്പിച്ച ഈ അദൃശ്യമായ ദൈവിക നിയമം മാനവചരിത്രം അനുഭവങ്ങളിലൂടെ സാക്ഷ്യപ്പെടുത്തിയ സത്യമാണ്. പ്രകൃതി ക്ഷോഭം ശിക്ഷയുടെ രൂപത്തിൽ സംഹാരതാണ്ഡവമാടുന്നതിന് മുമ്പേ മനുഷ്യൻ മറന്നുപോകുന്ന ഈ സനാതന നിയമം പ്രവാചകനെ അയച്ച് ഓർമ്മിപ്പിക്കൽ അല്ലാഹുവിന്റെ നടപടിക്രമമാണ്. ഖുർആൻ പറയുന്നു: 'ഒരു ദൂതനെ അയക്കുന്നത് വരെ നാം ശിക്ഷിക്കാറില്ല' (17:16) ഈ കാലഘട്ടത്തിന്റെ താക്കീത് വാഗ്ദത്ത മസീഹിലൂടെ ലോകം ശ്രവിച്ചുകഴിഞ്ഞു. ഖുർആൻ പറയുന്നു: 'തീർച്ചയായും നാം അവരെ ശിക്ഷ കൊണ്ട് പിടിച്ചിരിക്കുന്നു. എന്നിട്ട് അവർ തങ്ങളുടെ നാഥന് കീഴ്പ്പെട്ടില്ല. അവർ വിനയം കാണിക്കുന്നുമില്ല. അവസാനം അവരുടെ മേൽ കഠിനശിക്ഷയുടെ ഒരു വാതിൽ നാം തുറന്നുവിട്ടപ്പോൾ അവരതാ പെട്ടെന്ന് നിരാശരായി തീരുന്നു. അവനത്രെ നിങ്ങൾക്ക് ചെവികളും കണ്ണുകളും ഹൃദയങ്ങളും ഉണ്ടാക്കി തന്നിട്ടുള്ളത്. പക്ഷേ, നിങ്ങൾ അല്പം മാത്രമേ നന്ദി കാണിക്കുന്നുള്ളൂ. (23:77–79) ■

## ലേഖനം

# കിടിലം കൊള്ളിക്കുന്ന പ്രകമ്പനങ്ങൾ

**ഹദ്റത്ത് അഹ്മദ് (അ)**

✍

**ഈ കാലഘട്ടത്തിന്റെ അപഭ്രംശങ്ങളെ നോക്കി വാഗ്ദത്ത മസീഹ് ഹദ്റത്ത് അഹ്മദ് (അ) ദിവ്യജ്ഞാനത്താൽ ഉരുവിട്ട ഭയാനകമായ താക്കീതുകൾ**

✍

"അല്ലാഹുവിന്റെ വഹ്‌യിൽ ഭൂകമ്പങ്ങളെ പറ്റി അടിക്കടി പറയപ്പെട്ടിരിക്കുന്നു. ഖിയാമത്തിന്റെ മാതൃകയിലുള്ള ഭൂകമ്പങ്ങൾ ആയിരിക്കുമെന്നും വിവരിച്ചിരിക്കുന്നു. വിശുദ്ധ ഖുർആൻ 99-ാം അദ്ധ്യായം (സൂറാ: ഖിയാമ) തുടക്കത്തിൽ വിവരിച്ചത് പോലുള്ള ഭൂകമ്പം തന്നെയായിരിക്കുമെന്ന് ഉറപ്പിച്ചു പറയാൻ എനിക്ക് സാദ്ധ്യമല്ല. ഇത് സാധാരണ ഭൂകമ്പം അല്ലാതിരിക്കാൻ സാദ്ധ്യതയുണ്ട്. ഖിയാമത്തിന്റെ ദൃശ്യം അവതരിപ്പിക്കുന്ന മറ്റെന്തെങ്കിലും ഭയങ്കരമായ വിപത്ത് ആയിരിക്കുകയും ചെയ്യാം. അത്തരം ഒരു വിപത്ത് ഈ കാലം കണ്ടിരിക്കുകയില്ല. ജീവനും കെട്ടിടങ്ങൾക്കും ഭയങ്കരനാശം സംഭവിക്കും. അത്തരം അസാധാരണമായ അടയാളം വെളിപ്പെടാതിരിക്കുകയും ജനങ്ങൾ സ്വയം സംസ്കരണത്തിന് തയ്യാറാകാതിരിക്കുകയുമാണെങ്കിൽ ഞാൻ ഒരു കള്ളവാദി തന്നെയായിരിക്കും. ദൈവം ഭൂകമ്പം എന്ന പദം കൊണ്ട് വ്യവച്ഛേദിച്ചിരിക്കുന്ന ഈ ഭയങ്കരമായ വിപത്ത് മതപരമായ ഭിന്നിപ്പിന്റെ കാരണമായോ ആരുടെയെങ്കിലും മേൽ ആപതിക്കുന്നതല്ല. ആരെങ്കിലും എന്റെ അനുയായി വൃന്ദത്തിൽ പ്രവേശിച്ചിട്ടില്ലാത്തതിനാൽ സംഭവിക്കുന്നതുമല്ല. ഇവരെല്ലാം ഈ അസ്വാസ്ഥ്യത്തിൽ നിന്നും മുക്തരാകുന്നു. ഏതെങ്കിലും മതവുമായി ബന്ധപ്പെട്ടവരായിരിക്കെ കുറ്റകൃത്യങ്ങളിൽ ഏർപ്പെടുന്ന സ്വഭാവക്കാരും ചതിയിലും വഞ്ചനകളിലും മുഴുകിയവരും വ്യഭിചാരിയും കൊലയാളിയും കള്ളനും ദ്രോഹിയും ദുർഭാവനക്കാരനും ദുർഭാഷിയും ദുർവൃത്തനും ആരോ അവരും അതിനെതൊട്ട് പേടിക്കേണ്ടതാകുന്നു. അവർ പശ്ചാത്തപിച്ച് പിന്മാറുന്നുവെങ്കിൽ അവർക്കും വ്യസനിക്കേണ്ടിവരില്ല. നന്മ പ്രവർത്തിക്കുന്നവരും സദ്വൃത്തരുമാണെങ്കിൽ ഈ വിപത്ത് ഒഴിഞ്ഞുപോകാവുന്നതാണ്." (ബറാഹീൻ. പഞ്ചം. പു. 120)

"ഇത് എപ്പോഴാണ് സംഭവിക്കുക? കുറച്ച് നാളുകൾക്കുള്ളിലോ കുറച്ച് ആഴ്ചകൾക്കുള്ളിലോ കുറച്ച് മാസങ്ങൾക്കുള്ളിലോ കുറച്ച് കൊല്ലങ്ങൾക്കുള്ളിലോ എന്ന് എന്നോട് പറയപ്പെട്ടിട്ടില്ല. അടുത്തോ അകലത്തോ എപ്പോൾ അത് സംഭവിച്ചാലും അത് ഒരു ഭൂകമ്പമോ മറ്റേതെങ്കിലുമോ ആയാലും അത് അതിന്റെ കാഠിന്യത്തിൽ ഭയാനകം തന്നെയായിരിക്കും. എന്റെ സഹജീവികളായിട്ടുള്ളവരോടുള്ള അഗാധമായ അനുകമ്പ കാരണം ഞാൻ നിർബന്ധിതനായിത്തീർന്നിട്ടല്ലെങ്കിൽ ഞാനിത് പറയുമായിരുന്നില്ല. അതുകൊണ്ട് കേട്ടുകൊണ്ടാലും: ഞാനിതാ നിങ്ങൾക്ക് മുന്നറിയിപ്പ് നൽകിക്കഴിഞ്ഞിരിക്കുന്നു; ഭൂമിയിതാ കേൾക്കുന്നു. സദ്വൃത്തിയിൽ നിന്ന് ആർ വ്യതിചലിക്കുന്നുവോ അകൃത്യങ്ങളിലേയ്ക്ക് ചാഞ്ഞിരിക്കുന്നുവോ ഭൂമിയെ തന്റെ പാപങ്ങളാൽ പങ്കിലമാക്കുന്നുവോ അവൻ പിടിക്കപ്പെടും. തന്റെ കോപം ഭൂമിയിൽ പതിക്കാൻ പോകുന്നതായി സർവ്വശക്തൻ താക്കീത് ചെയ്യുന്നു. എന്തുകൊണ്ടെന്നാൽ, ഭൂമിയിൽ പാപവും തിന്മയും നിറഞ്ഞിരിക്കുന്നു. പൂർവ്വപ്രവാചകന്മാർ ദീർഘദർശനം ചെയ്തതിന്മണ്ണം അന്ത്യം അടുത്തിരിക്കുന്നതായി അറിഞ്ഞുകൊൾവിൻ. എന്നെ അയച്ചിരിക്കുന്നവനെ സാക്ഷിയാക്കിക്കൊണ്ട് ഞാനിതാ പറയുന്നു, ഇതെല്ലാം ദൈവത്തിൽ നിന്നുള്ള അറിയിപ്പുകളത്രെ; എന്നിൽ നിന്നുള്ളതല്ല. എന്റെ ഈ മുന്നറിയിപ്പുകൾ കുറേയെല്ലാം ശ്രദ്ധിച്ചുവെങ്കിൽ ഹാ, എത്ര നന്നായിരുന്നു! എങ്കിൽ ലോകം നാശത്തിൽ നിന്ന് രക്ഷപ്പെടുമായിരുന്നു. മനുഷ്യരെ ഭ്രാന്തരാക്കിക്കളയുന്ന ആ നാളുകൾ ഇതാ അടുത്തിരിക്കുന്നു. നിർഭാഗ്യവാനായ ബുദ്ധിഹീനർ പറയുന്നു, ഇതെല്ലാം കള്ളമാണെന്ന്. സൂര്യൻ ഉദിക്കാറായിരിക്കെ അവൻ ഉറക്കത്തിലായിരിക്കുന്നതെന്തേ?" ('അൽ ഇൻദാർ' 1905)

''ആകാശത്തിലാകെയും ഘോരാരവങ്ങളാണ്; എന്നാലോ നിങ്ങൾ അതറിയുന്നില്ല. പകൽ പ്രകാശപൂർണ്ണമായിരുന്നു. എന്നാൽ മേഘപടലങ്ങൾ അന്തരീക്ഷങ്ങൾ കനത്തുപോയി. കുറച്ചുനാളുകൾക്ക് ശേഷം ഒരു ദൃഷ്ടാന്തം വെളിപ്പെടുന്നതാണ്. അത് മൂലം ഗ്രാമങ്ങളും നഗരങ്ങളും സമതലങ്ങളുമെല്ലാം അടിമേൽ മറിഞ്ഞുപോകും. ദൈവത്തിന്റെ ക്രോധംമൂലം സൃഷ്ടിജാലങ്ങളിൽ ഒരു

വിപ്ലവം സംഭവിക്കുന്നതാണ്. വിവസ്ത്രനായ ഒരാൾക്ക് തന്റെ കൗപീനം ധരിക്കുവാൻ പോലും സമയം കിട്ടുകയില്ല. ഒരു ഭൂകമ്പം പെട്ടെന്ന് മനുഷ്യരെയും വൃക്ഷങ്ങളെയും പാറകളെയും സമുദ്രങ്ങളെയും കുലുക്കിക്കളയുകയും ഒരു ഇമവെട്ടിന്നടിയിൽ ഭൂമി അടിമേൽ മറിയുകയും വേലിയേറ്റങ്ങൾപോലെ രക്തപ്പുഴയൊഴുകുകയും ചെയ്യും. മുല്ലപ്പൂപോലുള്ള തൂവെള്ള വസ്ത്രങ്ങൾ രാത്രിയിൽ അണിഞ്ഞവർ രക്താഭമായ വസ്ത്രങ്ങളുമായി ഉറക്കമുണരും. മനുഷ്യരും ജനങ്ങളും ബോധമറ്റവരായി മാറും. കുയിലുകളും രാപ്പാടികളും പാട്ടു മറക്കും. എല്ലാ യാത്രക്കാർക്കും ആ മുഹൂർത്തം കഠിനതരമായിരിക്കും. സഞ്ചാരികൾ പ്രാണസങ്കടത്താൽ തന്നത്താനറിയാതെ സ്വയം വഴിമറക്കുകയും ചെയ്യും. മരിച്ചുവീഴുന്നവരുടെ ചോരയിൽ മലമ്പുഴകളിലെ വെള്ളം ചെമന്ന വീഞ്ഞുപോലെ രക്താഭമായിത്തീരും.... ആ ദൈവീകദൃഷ്ടാന്തം രോഷപ്രകടനത്തിന്റെ ഒരു മാതൃകയായിമാറും. ആകാശം അതിന്റെ ഊരിപ്പിടിച്ച കഠാരവുമായി ഭൂമിയെ ആക്രമിക്കും. ഓ വിവരം കെട്ട വങ്കാ, നീ എന്നെ നിഷേധിക്കുന്നതിന് ബദ്ധപ്പെടല്ല. ഈ ദൃഷ്ടാന്തളുടെ പൂർത്തീകരണത്തെയാണ് എന്റെ സത്യം ആശ്രയിച്ചിരിക്കുന്നത്. ഇതെല്ലാം സത്യദൈവത്തിൽ നിന്നുള്ള വെളിപാടുകളത്രെ. അവ തെറ്റാതെ പുലരുക തന്നെ ചെയ്യും. ഭക്തിവിനയങ്ങളോടും സഹനത്തോടും അൽപം കൂടി കാത്തുനിൽക്കുവിൻ. ഈ ദുർഭാവനകളൊക്കെയും മാപ്പ് ചെയ്യപ്പെടുമെന്ന് ഭാവിക്കേണ്ട. ഇത് കടമാണെന്ന് ഓർത്തുകൊള്ളുവിൻ; നിങ്ങൾക്കിത് തീർച്ചയായും തിരിച്ചുകിട്ടും" (ബറാഹീൻ അഞ്ചാംഭാഗം പു. 120).

"മനുഷ്യനുണ്ടായ നാൾ തുടങ്ങി നാളിതുവരെ സംഭവിച്ചിട്ടില്ലാത്തവിധം അത്യന്തം ഭയങ്കരമായ നാശം ഭൂമുഖത്തുണ്ടാകാൻ പോകുന്നു. അധികമായ സ്ഥലങ്ങളും അവിടങ്ങളിൽ ഒരിക്കലും ജനവാസം ഉണ്ടായിട്ടില്ലെന്ന് തോന്നുമാറുള്ള തരത്തിൽ അടിമേൽ മറിഞ്ഞു പോകും. ഇതോടുകൂടി ഭൂമിയിലും ആകാശത്തിലും ഭയങ്കരരൂപത്തിലുള്ള മറ്റു പലനാശങ്ങളും സംഭവിക്കും. ഇങ്ങേയറ്റം ബുദ്ധിയുള്ളവരുടെ ദൃഷ്ടിയിൽ ഈ സംഗതികൾ എത്രയും അസാധാരണമായവയായിത്തീരും. അവയെ സംബന്ധിച്ച് യാതൊന്നും പ്രകൃതിശാസ്ത്രത്തിന്റെയോ തത്വജ്ഞാനത്തിന്റെയോ ഗ്രന്ഥങ്ങളിലെ ഏടുകൾ പരിശോധിച്ചാൽ കാണപ്പെടുകയില്ല*... അപ്പോൾ സംഭവിക്കാൻ പോകുന്നതെന്തായിരിക്കുമെന്ന് വച്ച് മനുഷ്യർ വല്ലാതെ പരിഭ്രമിക്കും.... ആ നാളുകൾ അടുത്തടുത്തുവരുന്നു. അല്ലാ, അവ പടിവാതിൽക്കൽ എത്തിക്കഴിഞ്ഞിരിക്കുന്നു. ഒരു മഹാപ്രളയ (ഖിയാമ)ത്തിന്റെ കാഴ്ച ലോകം കാണുന്നതാണ്. ഭൂകമ്പങ്ങൾ മാത്രമല്ല, ഭയങ്കരങ്ങളായ മറ്റു വിപത്തുകളും ആകാശത്തിൽ നിന്നും ഭൂമിയിൽ നിന്നും വെളിപ്പെടും. ഇതെല്ലാം സംഭവിക്കുന്നത് മനുഷ്യൻ ദൈവത്തെ മറന്ന് ഭക്തിമാർഗ്ഗത്തെ ഉപേക്ഷിക്കുകയും അവർ മുഴുമനസ്സാലെ ലൗകീകത്തിൽ തന്നെ പതിക്കുകയും ചെയ്തതിനാലത്രെ. ഞാൻ വന്നിട്ടില്ലായിരുന്നെങ്കിൽ ഈ വിപത്തുകൾ പുറകോട്ട് മാറ്റിവെക്കപ്പെടുമായിരുന്നു. എന്റെ വരവോടുകൂടി ദൈവക്രോധത്തിന്റെ ആ ഗോപ്യമായ ഒരുക്കങ്ങൾ – അവ ദീർഘകാലമായിട്ട് ഗോപ്യമായിരുന്നു – വെളിപ്പെടുക തന്നെ ചെയ്യും. എന്തെന്നാൽ "നാം ഒരു പ്രവാചകനെ എഴുന്നേൽപിച്ചല്ലാതെ (ഒരു ജനതയേയും) ശിക്ഷിക്കുകയില്ല" എന്ന് ദൈവം ഖുർആനിൽ (17:16) പറഞ്ഞിരിക്കുന്നു. ആകയാൽ, പശ്ചാത്തപിച്ച് മാനസാന്തരപ്പെടുന്നവർക്ക് അഭയവും രക്ഷയും ലഭിക്കും. എവൻ ആപത്തിനെ ഭയപ്പെടുന്നുവോ അവൻ കരുണ ചെയ്യപ്പെടും.... അല്ലയോ, യൂറോപ്പേ നീ രക്ഷയിലല്ല! അല്ലയോ ഏഷ്യാ, നീയും രക്ഷയിലല്ല!! ഓ ദീപുകളിൽ വസിക്കുന്നവരേ, നിങ്ങളാൽ നിർമ്മിതമായ ഒരു ദൈവം ആ നാളിൽ നിങ്ങളെ സഹായിക്കുകയില്ല!!!! മഹാനഗരങ്ങൾ മറിഞ്ഞുവീഴുന്നത് ഞാൻ കാണുന്നു. ജനബാഹുല്യമുള്ള പ്രദേശങ്ങൾ ശൂന്യങ്ങളായി ഭവിക്കുന്നതും ഞാൻ കാണുന്നു. ആ സർവ്വശക്തനായ ഏകദൈവം ഏറിയ കാലം മൗനമവലംബിച്ചു. തന്റെ മുമ്പാകെ നിന്ദ്യമായ പല കർമ്മങ്ങളും ചെയ്യപ്പെട്ടിട്ടും അവൻ അനങ്ങാതിരുന്നു. എന്നാൽ ഇനി അവൻ അത്യന്തം ഭയങ്കരതയോടുകൂടി തന്റെ മുഖം കാണിക്കും. ആ കാലം വിദൂരമല്ല. ചെവിയുള്ളവർ കേട്ടുകൊള്ളട്ടെ. ഞാൻ എല്ലാവരേയും ദൈവത്തിന്റെ രക്ഷയിൽ ഒരുമിച്ചുകൂട്ടുവാൻ ആവുന്നതും ശ്രമിച്ചു. എന്നാൽ, നിയതിനിയമം പൂർത്തിയാകേണ്ടത് ആവശ്യമാണല്ലോ. ഞാൻ സത്യമായും സത്യമായും നിങ്ങളോട് പറയുന്നു, ഈ രാജ്യത്തിന്റെ അവധിയും സമീപിച്ചുകൊണ്ടിരിക്കുന്നു. നൂഹിന്റെ കാലം നിങ്ങളുടെ കൺമുമ്പിൽ വരും; ലൂത്തിന്റെ രാജ്യത്ത് സംഭവിച്ചത് നിങ്ങൾ നിങ്ങളുടെ സ്വന്തം കണ്ണുകൾകൊണ്ട് കാണും.** എന്നാൽ ദൈവം ക്രോധം വെളിപ്പെടുത്തുന്നതിൽ സാവധാനിയാകുന്നു. തന്മൂലം നിങ്ങൾ ദൈവകാരുണ്യത്തിന് പാത്രമായിത്തീരുന്നതിന്ന് പശ്ചാത്തപിച്ച് മാനസാന്തരം വരുത്തുവിൻ! ഏതൊരുവൻ ദൈവത്തെ കൈവെടിയുന്നുവോ അവൻ മനുഷ്യനല്ല; വെറും ഒരു കീടമാകുന്നു. എവൻ ആ സർവ്വശക്തനെ ഭയപ്പെടുന്നില്ലയോ അവൻ മൃതപ്രായനാകുന്നു; ജീവനുള്ളവനല്ല." (ഹക്കീക്കത്തുൽ വഹ്‌യ്, പു. 256–257).

*വിവ: എൻ. അബ്ദുറഹീം*

---

* ഈ പ്രവചനത്തിന്ന് ശേഷം ലോകത്തിന്റെ വിവിധഭാഗങ്ങളിലുണ്ടായ പ്രകൃതികോപങ്ങളേയും വൻനാശങ്ങളേയും പറ്റി അഭൂതപൂർവ്വമെന്നും ചരിത്രത്തിലില്ലാത്തതെന്നും മറ്റും വിശേഷിപ്പിക്കപ്പെട്ടിരിക്കുന്നു. – (വിവ:)

** ചരിത്രത്തിൽ തുല്യത ഇല്ലാത്തതെന്ന് വിവരിക്കപ്പെട്ട ജലപ്രളയങ്ങളു

*(ശേഷം 38-ാം പേജിൽ)*

ഖുത്ബ സംഗ്രഹം

# നന്മയിൽ മത്സരബുദ്ധ്യാ മുന്നേറുക

ഹസ്റത്ത് മിർസാ മസ്റൂർ അഹ്മദ്

ഖലീഫത്തുൽ മസീഹ്

അല്ലാഹു വിശുദ്ധ ഖുർആനിൽ പറയുന്നു: ഓരോരുത്തനും ഓരോ ലക്ഷ്യസ്ഥാനമുണ്ട്. അതിന്റെ നേർക്ക് അവൻ മുഖം തിരിക്കുന്നു. അതുകൊണ്ട്, നിങ്ങൾ സൽക്കാര്യങ്ങളിൽ അഹമികയാ മുന്നേറുക. നിങ്ങൾ എവിടെയായിരുന്നാലും അല്ലാഹു നിങ്ങളെ ഒരുമിച്ച് കൂട്ടിക്കൊണ്ടുവരും. അല്ലാഹു താനുദ്ദേശിക്കുന്ന എല്ലാ കാര്യത്തിനും പൂർണമായ കഴിവുള്ളവനാകുന്നു (2:149).

നല്ല കാര്യങ്ങളിൽ നിലകൊള്ളേണ്ടതും അതിൽ മുന്നേറേണ്ടതും ഓരോ മുസ്ലിമിന്റേയും കടമയായി അല്ലാഹുതആല ഈ വചനത്തിൽ പറഞ്ഞിരിക്കുന്നു. സത്യവിശ്വാസികൾക്ക് സൽകാര്യങ്ങളിൽ പരസ്പരം മത്സരിച്ച് മുന്നേറാനുള്ള കല്പനയുണ്ടായിരിക്കെ അവരുടെ ഏതെങ്കിലും തരത്തിലുള്ള ഏതെങ്കിലുമൊരു നന്മ അന്യരെക്കാൾ കുറഞ്ഞുപോകുന്നത് അവരെങ്ങനെ സഹിക്കും. അന്യരെക്കാൾ മുന്നേറാൻ അവർ ശ്രദ്ധിക്കാതിരിക്കുന്നതെങ്ങനെ? കാരണം സൽക്കാര്യങ്ങൾ ചെയ്യുന്നതും സൽക്കർമ്മങ്ങളനുഷ്ഠിക്കുന്നതും സത്യവിശ്വാസികളുടെ മാത്രം പ്രത്യേകതയാണ്.

ലോകത്ത് വിവിധ സംഘടനകളും അസോസിയേഷനുകളുമുണ്ട്. അവരുടേതായ ഉദ്ദേശ്യലക്ഷ്യങ്ങളും അവർക്കുണ്ട്. വിവിധതരം മുദ്രാവാക്യങ്ങളും അവർ ഉയർത്തിപ്പിടിക്കുന്നു. അതു നേടിയെടുക്കാൻ അവർ പരിശ്രമിക്കുന്നു. വ്യക്തിപരമായ നിലയിലും മനുഷ്യനു തന്റെ ജീവിതത്തിൽ ഒരു ലക്ഷ്യമുണ്ടായിരിക്കുകയും അതിനെക്കുറിച്ച് ചിന്തിക്കുകയും അതു കരസ്ഥമാക്കാൻ വേണ്ടി കഠിനമായി അദ്ധ്വാനിക്കുകയും ചെയ്യുന്നു. പക്ഷേ, ഈ സകല ലക്ഷ്യങ്ങളുടേയും ഉദ്ദേശ്യം ഭൗതികതയാണ്, അഥവാ സുഖലോലുപതയാണ്. എന്നാൽ, ഈ ഭൗതികോദ്ദേശ്യം നിങ്ങൾക്കു കിട്ടിക്കഴിഞ്ഞാൽ നിങ്ങളുടെ പര്യവസാനം ശുഭമായിരിക്കുമെന്ന വാഗ്ദാനം അല്ലാഹു നൽകുന്നില്ല. അതിനൊരു ജാമ്യവുമില്ല. നേരെമറിച്ച്, അല്ലാഹുവും അവന്റെ റസൂലും പറഞ്ഞതും കാലത്തിന്റെ ഇമാം വിശദീകരിച്ചതുമായ ഇസ്ലാമികാധ്യാപനങ്ങളനുസരിച്ച് പ്രവർത്തിക്കുകയാണെങ്കിൽ, അതിലൂടെ നിങ്ങൾ ലോകത്ത് ഉത്തമ സൃഷ്ടികളായിത്തീരുമെന്ന് മാത്രമല്ല പരലോകത്തും അല്ലാഹുവിന്റെ തൃപ്തി കരസ്ഥമാക്കുന്നവരായി മാറുമെന്ന് ഞാൻ നിങ്ങളോടു വാഗ്ദാനം ചെയ്യുന്നു.

ഇന്ന് സൽക്കാര്യങ്ങളിൽ മുൻകടക്കാനും അതിനെ ഒരു ലക്ഷ്യമാക്കിയെടുക്കാനും ആരെങ്കിലും അകമഴിഞ്ഞ് ആഗ്രഹിക്കുന്നുവെങ്കിൽ അത് അഹ്മദികൾ മാത്രമാണ്. ഞാൻ പറഞ്ഞതുപോലെ, നാം പരസ്പരം മുൻകടക്കേണ്ടതും മറ്റുള്ളവർ അവഗണിച്ചുതള്ളുന്നതും എന്നാൽ ഓരോ അഹ്മദിയിൽ നിന്നും പ്രതീക്ഷിക്കുന്നതുമായ ആ സൽക്കർമ്മങ്ങളെന്താണ്? അല്ലാഹുവിനോടുള്ള കടപ്പാടും മനുഷ്യരോടുള്ള കടപ്പാടും നിറവേറ്റലാണത്. അതായത് അല്ലാഹുവിനോടും അവന്റെ സൃഷ്ടികളോടുമുള്ള ബാധ്യതകൾ നിറവേറ്റുക എന്നാണ് അല്ലാഹുവിനോടുള്ള കടപ്പാട്? അല്ലാഹുവിനോടുള്ള കടപ്പാടെന്നുപറഞ്ഞാൽ, അവനെ ഭയന്നും പേടിച്ചും ആരാധനാകർമ്മങ്ങളെ സൃഷ്ടിക്കുക എന്നതാണ്. അവനെ ആരാധിക്കുന്നതിനും അവന്റെ സാമീപ്യം പ്രാപിക്കുന്നതിനും അവനെ സ്മരിക്കുന്നതിനുമുള്ള അവസരങ്ങളൊന്നും പാഴാക്കിക്കളയാതിരിക്കുക എന്നതാണ്.

സമസൃഷ്ടികളോടുള്ള കടപ്പാട് എന്നാൽ എന്താണ്? ബന്ധുമിത്രാദികളോടും സഹോദരങ്ങളോടും നല്ല രീതിയിൽ പെരുമാറുക എന്നതാണത്. ഒന്നാമതായി ഭാര്യയോടുള്ള കടമ ഭർത്താവ് നിറവേറ്റണം. ഭർത്താവിനോടുള്ള കടമ ഭാര്യ നിറവേറ്റണം. ഭാര്യയും ഭർത്താവും അവരുടെ ഇരുപക്ഷത്തുമായി വരുന്ന ബന്ധുമിത്രാദികളോടുള്ള കടമ നിറവേറ്റണം. ദരിദ്രജനതയെ പരിചരിക്കണം. ജമാഅത്തിൽ ഇതിനായി വിശാലമായ വ്യവസ്ഥിതി തന്നെയുണ്ട്. ആ വ്യവസ്ഥിതിയ്ക്കു വിധേയരായിക്കൊണ്ട് സാമ്പത്തിക ത്യാഗം ചെയ്യേണ്ടതാണ്. നാം വിശാലമായ നിലയിൽ തന്നെ ദൈവകൃപയാൽ അഗതികളേയും ദരിദ്രജനതകളേയും വിധവകളേയും സഹായിക്കുന്നുണ്ട്.

അതിൽ നിങ്ങളും ഭാഗഭാക്കാകേണ്ടതാണ്. കലഹങ്ങളിൽ നിന്നും വഴക്കുകളിൽ നിന്നും വിട്ടുനിൽക്കേണ്ടതാണ്. ദ്രോഹപ്രവർത്തനങ്ങൾക്ക് വ്യാപാരപരമായ കാര്യങ്ങളിലും പ്രശ്നങ്ങൾ വർധിച്ചുവരികയാണ്. മറ്റുള്ളവന്റെ മുതൽ വഞ്ചിച്ചു തിന്നുന്നതിനെക്കുറിച്ച് ഒരു അഹ്മദി ചിന്തിക്കൻ പോലും പാടില്ല. പൂർണ്ണമായും അതിൽ നിന്ന് വിട്ടു നിൽക്കേണ്ടതാണ്. അതിൽനിന്ന് രക്ഷപ്പെടുന്നതിനുവേണ്ടി അല്ലാഹുവിനോട് സദാസഹായം തേടുകയും പാപപ്പൊറുതിക്കായി അർപ്പിക്കുകയും ചെയ്യേണ്ടതാണ്.

ഇസ്ലാമിന്റെ ഈ ഉദാത്തമായ അധ്യാപനമനുസരിച്ച് നന്മകളിൽ മത്സരബുദ്ധിയോടെ മുന്നേറേണ്ടതും അതിലേക്കു ശ്രദ്ധിക്കുകയും അതിനുവേണ്ടി പരിശ്രമിക്കുകയും ചെയ്യേണ്ടതും ഉള്ള കഴിവും ശക്തിയും പൂർണ്ണമായും ഉപയോഗിച്ച് പ്രവർത്തിക്കേണ്ടതും ഓരോ അഹ്മദിയുടേയും നിർബന്ധകടമയാണ്. ഓരോരുത്തർക്കും വിവിധ കഴിവുകളാണ് അല്ലാഹു നൽകിയിട്ടുള്ളത്. അതനുസരിച്ച് പ്രവർത്തിക്കേണ്ടത് അനിവാര്യമാണ്.

ഇത്രമാത്രം പോര, നന്മയിൽ മുന്നേറുന്നതിന് മറ്റുള്ളവരെ സഹായിക്കുകയും വേണം. നന്മയുടെ പരമഫല പ്രാപ്തിയിലായിക്കഴിഞ്ഞാൽ മറ്റുള്ളവരെയും അവിടംവരെ എത്തിക്കാൻ ശ്രമിക്കണം. കാരണം, നിങ്ങൾ ഇഷ്ടപ്പെടുന്നത് മറ്റുള്ളവർക്കുവേണ്ടിയും ഇഷ്ടപ്പെടുക എന്നാണ് കല്പന. ഇപ്രകാരം നന്മയിൽ മുൻകടക്കാനുള്ള ഓട്ടവും പരസ്പരം കാൺകെ നന്മ പ്രവർത്തിക്കാനുള്ള വാസനയും ഉണ്ടാകുന്നതാണ്.

നന്മകളെ സ്വീകരിക്കുന്നവർ മാത്രമാകാതെ, അതിൽ മത്സരിച്ച് തഖ്‌വ അഥവാ ഈശ്വരഭക്തിയുടെ പരമമായ പദവികൾ കരസ്ഥമാക്കുന്നവരായിത്തീരാൻ അല്ലാഹു നമുക്കു സൗഭാഗ്യം തന്നരുളുമാറാകുന്നു. നമ്മുടെ വാക്കും പ്രവൃത്തിയും ഇരുത്തവും നില്പുമെല്ലാം അല്ലാഹുവിന്റെ തൃപ്തിയ്ക്കനുയോജ്യമായി തീരുമാറാകട്ടെ. ആരാധനയുടെ പരമമായ നില പ്രാപിക്കുന്നവനും സാമ്പത്തിക ത്യാഗത്തിന്റെ അത്യുന്നതപദവി കരസ്ഥമാക്കുന്നവനും ആയിത്തീരുന്നു. നമ്മെ, വാഗ്ദത്ത മസീഹ് ഹസ്റത്ത് മിർസാ ഗുലാം അഹ്മദ്(അ) തന്നെ വിശ്വസിച്ചിട്ടുള്ളവർക്കായി ചെയ്തിട്ടുള്ള സകല പ്രാർത്ഥനകളുടേയും അവകാശികളാക്കിത്തീർക്കുമാറാകട്ടെ. (10-9-2004)

## ലോകസമാധാനത്തിന് ഐക്യത്തോടെ വർത്തിക്കുക

ഹസ്റത്ത് ഖലീഫത്തുൽ മസീഹ് അയ്യദഹുല്ലാഹ് വിശുദ്ധ ഖുർആനിലെ ഹുജുറാത്ത് അധ്യായത്തിലെ 10, 11 വചനങ്ങൾ പാരായണം ചെയ്തുകൊണ്ടാണ് ഖുത്ബയ്ക്ക് തുടക്കം കുറിച്ചത്.

"വിശ്വാസികളിൽപ്പെട്ട രണ്ടുവിഭാഗങ്ങൾ തമ്മിൽ യുദ്ധത്തിലേർപ്പെട്ടാൽ നിങ്ങൾ അവർക്കിടയിൽ രഞ്ജിപ്പുണ്ടാക്കുക. എന്നിട്ട് അവരിലൊരുവിഭാഗം മറുവിഭാഗത്തെ ആക്രമിക്കുന്നതായാൽ ആക്രമിക്കുന്ന വിഭാഗത്തോട് അവർ അല്ലാഹുവിന്റെ കല്പനയിലേക്ക് മടങ്ങുന്നതുവരെ നിന്ന് യുദ്ധം ചെയ്യുക. അങ്ങനെ അവർ മടങ്ങിയാൽ അവരുടെയിടയിൽ ന്യായപൂർവം നിങ്ങൾ രഞ്ജിപ്പുണ്ടാക്കുകയും നീതി പാലിക്കുകയും ചെയ്യുക. നീതി പാലിക്കുന്നവരെ അല്ലാഹു തീർച്ചയായും സ്നേഹിക്കുന്നു. സത്യവിശ്വാസികൾ സഹോദരൻ തന്നെയാണ്. അതിനാൽ നിങ്ങളുടെ ആ സഹോദരങ്ങൾക്കിടയിൽ നിന്ന് രഞ്ജിപ്പുണ്ടാക്കുകയും അല്ലാഹുവിനെ ഭയപ്പെടുകയും ചെയ്യുക, നിങ്ങൾക്കു കരുണ ചെയ്യപ്പെടുന്നതിനു വേണ്ടി.

വിവിധ രാജ്യങ്ങളിലെ കുഴപ്പങ്ങളുടെയും കലഹങ്ങളുടെയും വാർത്തകൾ കൊണ്ട് വർത്തമാനപത്രങ്ങൾ ഇന്നു നിറഞ്ഞിരിക്കുകയാണ്. അതു കാണുമ്പോൾ ലോകം മുഴുവൻ കുഴപ്പങ്ങളുടെ ആവാസകേന്ദ്രമായി ത്തീർന്നിരിക്കുകയാണെന്ന് തോന്നിപ്പോകുന്നു.

ഇക്കാലത്തെ ഇമാമിനെ വിശ്വസിച്ചവർക്കുള്ള ഉപദേശമാണിത്. അതായത് ലഹളകൾ പൊട്ടിപ്പുറപ്പെടുമ്പോൾ നിങ്ങൾ രഞ്ജിപ്പിനായി ശ്രമിക്കേണ്ടതാണ്. ഭാര്യയും ഭർത്താവും തമ്മിലുള്ള വഴക്കാണെങ്കിലും തൊഴിലുപരമായ കുഴപ്പമാണെങ്കിലും സ്വാർത്ഥതല്പരരായ തമ്മിലടിയാണെങ്കിലും ജനതകൾ തമ്മിലുള്ള ലഹളയാണെങ്കിലും – ഇന്നു ഞാൻ ജനതകളെ ഉദ്ധരിച്ചുകൊണ്ടല്ല പ്രത്യുത സമൂഹങ്ങളെ ഉദ്ധരിച്ചുകൊണ്ടാണ് പറയുന്നത് – ജനതകളും ഈ നിയമത്തെ സ്വായത്തമാക്കുകയാണെങ്കിൽ ലോകത്ത് സമാധാനം നിലവിൽ വരുന്നതാണ്. അഥവാ അത്തരം ഒരവസ്ഥ ഉണ്ടാകുകയാണെങ്കിൽ സത്യവിശ്വാസി ഒരുമിച്ചിരിക്കുകയും വഴക്കിടുന്നവരെ രഞ്ജിപ്പിലേക്ക് ചായിക്കുകയും വേണം. അനുസരണം കെട്ടവരാകുന്നതെന്തിനെന്ന് അവരോട് ചോദിക്കണം. മനസ്സിലാക്കിക്കൊടുക്കുമ്പോൾ തെറ്റിൽ നിന്ന് പിന്തിരിഞ്ഞാൽ വളരെ നല്ലത്. ഇല്ലെങ്കിൽ, വിധി അംഗീകരിക്കുന്നില്ലെങ്കിൽ ശിക്ഷ കൊടുക്കുക. അവനോട് സഹാനുഭൂതി കാണിക്കരുത്. ജമാഅത്ത് പരമായ നിലയിൽ ചില വഴക്കുകളിൽ തീർപ്പാകുമ്പോൾ ചിലയാളുകൾ അത് അംഗീകരിക്കൻ തയ്യാറാകുന്നില്ല. അതംഗീകരിക്കുക എന്നുപദേശിക്കുന്നതിനു പകരം ചില ബന്ധുക്കൾ അന്യായമായിട്ട് അയാളെ പിന്തുണയ്ക്കുന്നു. ഇപ്രകാരം ശിക്ഷയ്ക്കർഹനായ വ്യക്തിയുടെ ശുദ്ധീകരണം നടക്കുകയില്ല. അത്തരം വ്യക്തികളെ തിരുനബി നന്നാക്കാൻ മുഴുസമൂഹത്തോടും കല്പിക്കുന്നത്, ആർക്കെങ്കിലും ശിക്ഷ വിധിക്കപ്പെട്ടാൽ ബാക്കി പരിഷ്ക്കരണത്തിനായി സമൂഹം കനിവ് പ്രവർത്തിക്കുക എന്നാണ്.

ഒരുകൂട്ടർ രഞ്ജിപ്പിന് തയ്യാറായാൽ സമൂഹത്തിനും ജമാഅത്ത് വ്യവസ്ഥിതിക്കുമുള്ള കല്പന, പിന്നീടൊരു കാര്യവും സ്വന്തം അഭിമാനത്തിന്റെ പ്രശ്നമാക്കിയെടുക്കരുതെന്നാണ്. വിധിയിൽ എഴുതപ്പെട്ട നിബന്ധനയുടെ അടിസ്ഥാനത്തിൽ കാര്യങ്ങൾ നീക്കേണ്ടതാണ്.

*(ശേഷം 26-ാം പേജിൽ)*

ലേഖനം

# ദൈവിക ശിക്ഷകൾ

ഖലീഫത്തുൽ മസീഹ് - IV

**മണ്ണ്, വെള്ളം, വായു എന്നീ ധാതുക്കളിലൂടെയാണ് ദൈവിക ശിക്ഷകൾ പ്രാവർത്തികമാകുന്നത്. ജനസമൂഹങ്ങളെ അഗ്നി കൊണ്ട് ശിക്ഷിക്കൽ ഭാവിയിൽ നടക്കാനിരിക്കുന്നു.**

വിശുദ്ധ ഖുർആന്റെ അദ്ധ്യാപനപ്രകാരം പ്രകൃതി നിയമങ്ങൾക്കകത്ത് നിന്നുകൊണ്ട് ദൈവേച്ഛയാൽ മനുഷ്യന് രക്ഷാശിക്ഷകൾ നൽക്കപ്പെടുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ ദൈവശിക്ഷകൾ എന്ന നിലക്ക് താഴെ പറയുന്ന രീതിയിലുള്ള ശിക്ഷകൾ ഖുർആനിൽ പ്രതിപാദിക്കപ്പെട്ടിരിക്കുന്നു.

### 1. മഴ

നിരന്തരമായ പേമാരിയാൽ ജലനിരപ്പ് ഉയരുകയും ജീവജാലങ്ങൾ അതിൽ മുങ്ങിപ്പോവുകയും ചെയ്യുന്നു.

"ഇവർക്ക് മുമ്പ് നൂഹിന്റെ ജനത സത്യത്തെ നിഷേധിക്കുകയുണ്ടായി. അങ്ങനെ അവർ നമ്മുടെ ദാസനെ നിരാകരിച്ചു. 'ഇവൻ ഭ്രാന്തനാണ്. ഇവൻ വിരട്ടപ്പെട്ടിരിക്കുന്നു' എന്നവർ പറഞ്ഞു.

"അതിനാൽ അദ്ദേഹം തന്റെ നാഥനെ വിളിച്ച് പ്രാർത്ഥിച്ചു. 'ഞാൻ പരാജിതനാണ്. എന്നെ നീ സഹായിക്കേണമേ'. അപ്പോൾ കുത്തിയൊലിക്കുന്ന വെള്ളത്തോടുകൂടി ആകാശത്തിന്റെ കവാടങ്ങൾ നാം തുറന്നുവിട്ടു. നാം ഭൂമിയിൽ നിന്ന് ഉറവുകളൊഴുക്കുകയും ചെയ്തു. അപ്പോൾ (ആകാശത്ത് നിന്നും ഭൂമിയിൽ നിന്നുമുള്ള) വെള്ളം നിർണിതമായ കാര്യത്തിന് കൂടി ചേർന്നു." (54:10-13).

### 2. പ്രചണ്ഡമായ കാറ്റ്

വീശിയടിക്കുന്ന ഭയാനകമായ കൊടുങ്കാറ്റിനാൽ ആ ജനവാസകേന്ദ്രങ്ങൾ പ്രേതനഗരം പോലെയായി മാറി. ശവശരീരങ്ങൾ പിഴുതിട്ട മരത്തടികൾ പോലെ ആ ഭൂമിയിൽ വീണുകിടന്നു.

"ആദ് സമുദായം (സത്യത്തെ) നിഷേധിച്ചു. അപ്പോൾ എന്റെ ശിക്ഷയും മുന്നറിയിപ്പും എങ്ങനെ ആയിരുന്നു.

നില നിൽക്കുന്ന ദുശ്ശകുനം ബാധിച്ച ഒരു നാളിൽ അവരുടെ മേൽ നാമൊരു കൊടുങ്കാറ്റ് അയച്ചു. കടപുഴകിയ ഈന്തപ്പന താഴ്ത്തടികളെയെന്നപോലെ ജനങ്ങളെ അതെടുത്തു നീക്കിക്കൊണ്ടിരുന്നു." (54:19-21)

### 3. പ്രകമ്പനങ്ങൾ

അതിഭയങ്കരമായ പൊട്ടിത്തെറികൾ മൂലം ആകാശത്ത് നിന്നുണ്ടാകുന്ന ശിലാവർഷങ്ങൾ. ഉദാഹരണത്തിന്, പെട്ടെന്നുള്ള അഗ്നിപർവത സ്ഫോടനത്താൽ നശിപ്പിക്കപ്പെട്ട ജനപഥങ്ങളുടെ ചരിത്രം താക്കീതെന്നോണം ഖുർആൻ അവതരിപ്പിക്കുന്നു.

"അങ്ങിനെ സൂര്യോദയ സമയത്ത് ആ മുന്നറിയിപ്പു നൽകപ്പെട്ട ശിക്ഷ അവരെ പിടികൂടി. എന്നിട്ട് ആ പട്ടണത്തിന്റെ മേൽഭാഗത്തെ നാം കീഴ്ഭാഗമാക്കി മറിച്ചു. ചുട്ടുപഴുത്ത കളിമൺകല്ലുകളെ അവരുടെ മേൽ നാം വർഷിക്കുകയും ചെയ്തു." (15:74-75).

### 4. പൊടിക്കാറ്റ്

മണ്ണും പൊടിയും വഹിച്ചുകൊണ്ട് വീശിയടിക്കുന്ന കാറ്റ് ജനവാസകേന്ദ്രങ്ങളെ ഒരു സ്മരണ മാത്രമാക്കി അവശേഷിപ്പിച്ചു.

"അതിന്റെ നാഥന്റെ കൽപ്പനയനുസരിച്ച് സർവ്വ വസ്തുക്കളെയും അത് (ആ കാറ്റ്) തകർക്കുകയുണ്ടായി. അങ്ങനെ അവരുടെ വാസസ്ഥലങ്ങളല്ലാതെ മറ്റൊന്നും കാണപ്പെടാത്ത സ്ഥിതിയിൽ അവർ ആയിതീർന്നു. ഇങ്ങിനെയാണ് കുറ്റവാളികളായ ജനങ്ങൾക്ക് നാം പ്രതിഫലം നൽകുക." (46:20)

### 5. വെള്ളപ്പൊക്കം

പെട്ടെന്ന് ഒരു സ്ഥലത്ത് സംഭവിക്കുന്ന ജലപ്രളയം ഫലഭൂയിഷ്ടമായ ആ പ്രദേശത്തെ വന്ധ്യവും ജനവാസയോഗ്യമല്ലാത്ത ഭൂമിയുമാക്കി മാറ്റി. വാളൻ പുളിയും കയ്പു ഫലവൃക്ഷങ്ങളും ഈന്തമരങ്ങളും മാത്രം വളരുന്ന സ്ഥലമായി അത് മാറി.

“എന്നാൽ അവർ പിന്തിരിഞ്ഞു പോയി തന്നിമിത്തം സർവ്വത്ര നാശകരമായ ഒരു ജലപ്രവാഹം അവരുടെ നേരെ നാം അയച്ചു. അവരുടെ രണ്ടു തോട്ടങ്ങൾക്കുപകരം കയ്പ്പുള്ള കായ്കനികളും കാഞ്ഞിര മരങ്ങളും അൽപ്പം ചില ഈന്തവൃക്ഷങ്ങളുമുള്ള രണ്ടു തോട്ടങ്ങൾ നാം അവർക്ക് കൊടുക്കുകയും ചെയ്തു.”

## 6. ഭൂകമ്പം

ഭൂവൽക്കത്തിലുണ്ടാകുന്ന കമ്പനങ്ങൾ അവിടുത്തെ ജനങ്ങളുടെ വാസസ്ഥലങ്ങളെ കൽക്കൂനകളാക്കി മാറ്റി.

“എന്നാൽ അവർ (സമൂദ് സമുദായം) അദ്ദേഹത്തെ ധിക്കരിച്ചു. എന്നിട്ട് അവർ അതിന്റെ (ഒട്ടകത്തിന്റെ) പിന്തുട ഞരമ്പ് മുറിച്ചു ഞൊണ്ടിയാക്കി. അപ്പോൾ അവരുടെ പാപം നിമിത്തം അവരുടെ നാഥൻ അവരെ ഉന്മൂലനം ചെയ്തു. അങ്ങനെ അവൻ അവരെ നിലംപരിശാക്കി.” (91:15)

## 7. വരൾച്ച

കഠിനമായ വരൾച്ച. അതായത്, മനുഷ്യന് കിട്ടാത്തവിധം ഭൂമിയിൽ നിന്ന് ജലവിതാനം താഴ്ന്നുപോകൽ.

“പറയുക നിങ്ങൾ ചിന്തിച്ചിട്ടുണ്ടോ നിങ്ങളുടെ വെള്ളം വറ്റിപ്പോയാൽ ഒഴുകുന്ന ശുദ്ധജലം നിങ്ങൾക്ക് ആരാണ് കൊണ്ടുവന്നുതരിക? (68:31)

## 8. ക്ഷാമം

ഭയത്തോടെ അഗാധമായ ഉത്കണ്ഠയോടെ രാജ്യത്തെ ബാധിക്കുന്ന കൊടുംപട്ടിണി.

“അല്ലാഹു ഒരു പട്ടണത്തെ ഉദാഹരണമായി എടുത്തുകാണിക്കുന്നു. അത് നിർഭയമായും സമാധാനമായും നിലകൊള്ളുകയായിരുന്നു. അതിന് നാനാദിക്കുകളിൽ നിന്നും സമൃദ്ധമായി അതിന്റെ വിഭവങ്ങൾ എത്തിക്കൊണ്ടിരുന്നു. അപ്പോൾ അല്ലാഹുവിന്റെ അനുഗ്രഹങ്ങൾക്ക് അവർ നന്ദികേട് കാണിച്ചു. തന്നിമിത്തം അല്ലാഹു അവരുടെ പ്രവർത്തനഫലമായി അതിലെ (നിവാസികൾക്ക്) വിശപ്പിന്റെയും ഭയത്തിന്റെയും വസ്ത്രം ധരിപ്പിച്ചുകൊണ്ട് ശിക്ഷയുടെ രുചി അനുഭവപ്പെടുത്തിക്കൊടുത്തു.” (16:113)

## 9. യുദ്ധങ്ങൾ

യുദ്ധം ദേശങ്ങളെ നശിപ്പിക്കുന്നു. നാശങ്ങളുടെയും യാതനകളുടെയും അനന്തമായ പരമ്പരകൾ അത് സമ്മാനിക്കുന്നു. ‘അദ്ദറാ’ എന്ന പദം വലിയ യുദ്ധങ്ങളിൽ നിന്നുണ്ടാകുന്ന എല്ലാവിധ നാശങ്ങളെയും സൂചിപ്പിക്കുന്ന പദമാണ്. സ്വാതന്ത്ര്യം ഇല്ലാതാകൽ, സാമ്പത്തിക ഘടനയുടെ തകർച്ച, സാമൂഹിക സംവിധാനത്തിന്റെ അരക്ഷിതാവസ്ഥ, കുഴഞ്ഞുമറിയൽ മുതലായവ.

“ഒരു നാട്ടിലും അതിന്റെ ജനങ്ങളെ കഷ്ടപ്പാടും ദുരിതവും കൊണ്ട് നാം പിടികൂടിയിട്ടില്ലാത്ത ഒരു പ്രവാചകനേയും നാം അയച്ചിട്ടില്ല. അവർ വിനയം കാണിക്കുന്നതിന് വേണ്ടി”(7:95)

## 10. പറവകൾ

ദൈവശിക്ഷയായിക്കൊണ്ട് ഒരു കൂട്ടം പറവകൾ ഒരു ജനതയിൽ വന്നിറങ്ങി.

“അവരുടെ മേൽ കൂട്ടം കൂട്ടമായി പക്ഷികളെ അവനയക്കുകയും ചെയ്തു. അവ ചുട്ട കളിമൺകല്ലുകളിന്മേൽ അവരെ എടുത്തടിക്കുന്നുണ്ടായിരുന്നു.” (105:14–15).

## 11. അണക്കെട്ടുകളുടെ തകർച്ച

അണക്കെട്ടുകൾ തകരുകയും ആ സംഭരണികളിലുള്ള വെള്ളം ജനങ്ങളുടെ മേൽ ഒഴുക്കുകയും ചെയ്യൽ.

“തൽഫലമായി നിന്റെ നാഥൻ അവരുടെ മേൽ ശിക്ഷയുടെ ചമ്മട്ടികൾ കോരിച്ചൊരിഞ്ഞു. തീർച്ചയായും നിന്റെ നാഥൻ അതെല്ലാം നോക്കിക്കൊണ്ടിരിക്കുന്നു.” (89:14–15)

## 12. സാംക്രമികരോഗങ്ങൾ

ഊഷരമായ വരണ്ട കാലാവസ്ഥ, ഈർപ്പമുള്ള കാലാവസ്ഥ എന്നിവയുടെ പെട്ടെന്നുള്ള മാറ്റം ചില സൂക്ഷ്മജീവികളുടെ ആവിർഭാവത്തിനു കാരണമാകുന്നു. അത് സാംക്രമമികരോഗാണുക്കളായി പരിണമിച്ച് രോഗങ്ങളും പകർച്ചവ്യാധികളും ഉണ്ടാക്കുന്നു. വെട്ടുകിളികൾ, കീടങ്ങൾ പേനുകൾ, തേളുകൾ, കൊതുകുകൾ, തവളകൾ, ബാക്ടീരിയകൾ, സൂക്ഷ്മാണുക്കൾ മുതലായ രക്തജന്യരോഗങ്ങളുണ്ടാക്കുന്നതും രക്തചംക്രമണത്തെ ബാധിക്കുന്നതുമായ കോളറ മുതലായ രോഗങ്ങളും.

“അപ്പോൾ നാം അവരുടെ മേൽ വെള്ളപ്പൊക്കവും വെട്ടുകിളികളും ചെള്ളും തവളകളും രക്തവും വ്യക്തമായ ദൃഷ്ടാന്തങ്ങളായി അയച്ചു. എന്നാൽ അവർ അഹങ്കരിച്ചു. കുറ്റവാളികളായ ഒരു ജനമായിരുന്നു അവർ” (7:134).

## 13. അടിമത്തം

മറ്റൊരു ജനതയുടെ കീഴിലുള്ള അടിമത്തം പീഢനങ്ങളുടെയും ശിക്ഷയുടെയും വിവിധ രൂപങ്ങളിലേക്ക് ഒരു ജനതയെ വിധേയമാക്കുന്നു. അടിമകളാക്കപ്പെട്ടവരുടെ വിശ്വാസം കൊണ്ട് മാത്രമല്ല ഇത് സംഭവിക്കുന്നത്. അവരുടെ കർമ്മങ്ങൾ കൊണ്ടുകൂടിയാണ്. വിശുദ്ധ ഖുർആനിലെ ഒരു പ്രവചന പ്രകാരം അവസാനകാലം വരെ യഹൂദികളെ മറ്റു രാജ്യക്കാർ അടിമകളാക്കി വെക്കും എന്നും പ്രവചനമുണ്ട്.

“തീർച്ചയായും പുനരുത്ഥാന നാൾ വരെ അവരുടെ മേൽ കഠിന മർദ്ദനങ്ങൾ ഏൽപ്പിക്കുന്നവരെ എഴുന്നേൽപ്പിക്കുന്നതാണെന്ന് നിന്റെ നാഥൻ പ്രഖ്യാപിച്ച സന്ദർഭം (ഓർക്കുക). തീർച്ചയായും നിന്റെ നാഥൻ ശിക്ഷ നൽകുന്നതിനു വേഗമുള്ളവനാണ്. നിശ്ചയം അവൻ സർവഥാ പൊറുക്കുന്നവനും കരുണാമയനുമത്രെ (7:168).

മുകളിൽ പ്രസ്താവിച്ച എല്ലാവിധ ശിക്ഷകളും പ്രകൃതികളുടെ നാലു ഘടകങ്ങളിൽ മുന്ന് ഘടകവുമായി മാത്രം ബന്ധപ്പെട്ടതാണ്. പ്രസ്തുത ദൈവിക ശിക്ഷകൾ മണ്ണ്, വെള്ളം, വായു, എന്നിവയുമായി ബന്ധപ്പെട്ടതും അതിൽ നിവസിക്കുന്നവരെ ബാധിക്കുന്നതുമാണ്. ഇവിടെയൊന്നും നാലാമത്തെ ഘടകത്തെക്കുറിച്ച് പറഞ്ഞിട്ടില്ല; അതായത് അഗ്നിയെക്കു

റിച്ച്. തീ കൊണ്ടുള്ള പരീക്ഷണങ്ങൾക്ക് ദൈവഭക്തരായ ദിവ്യാത്മാക്കൾ വിധേയരായി എന്ന് നമുക്കറിയാം. സൂറത്തൽ-ബുറുജിലെ (അദ്ധ്യായം 85) വിഷയസാരമനുസരിച്ച് അത്തരത്തിൽ അഗ്നികൊണ്ട് പരീക്ഷിക്കപ്പെട്ട ഒരാൾ ഇബ്റാഹിം നബി(അ) യാണ്. പുരാതനകാലത്തെ ജനതകളുടെ ശിക്ഷയെ സംബന്ധിച്ച് പ്രതിപാദിച്ചിടത്തൊന്നും അഗ്നികൊണ്ടുള്ള ശിക്ഷയെക്കുറിച്ച പരാമർശിച്ചിട്ടില്ല. ഖുർആന്റെ പ്രവചനത്തെക്കുറിച്ച് മനസ്സിലാക്കുമ്പോൾ ഭാവിയിലുള്ള ജനങ്ങൾക്ക് വേണ്ടിയാണ് അഗ്നികൊണ്ടുളള ശിക്ഷ ഒരുക്കിവെക്കപ്പെട്ടിട്ടുള്ളതെന്ന് വ്യക്തമാകുന്നു. കാരണം, നബി തിരുമേനിയെ (സ) നിരന്തരമായി നിഷേധിച്ചതിന്റെ ഫലമായി ഭാവിയിലെ ജനതക്കാണ് അഗ്നികൊണ്ടുള്ള ശിക്ഷയെപ്പറ്റിയുള്ള താക്കീത്. ഇതിനെ സംബന്ധിച്ച് സൂചനയും ചെറു വിവരണവും ഖുർആൻ നൽകുന്നു.

''അന്നാളിൽ സത്യനിഷേധികൾക്ക് മഹാനാശം നിങ്ങൾ നിഷേധിച്ചുകൊണ്ടിരിക്കുന്നതിലേക്ക് നിങ്ങൾ പോകുക. അതെ, മൂന്നുതലങ്ങളുള്ള ഒരു നിഴലിലേക്ക് നിങ്ങൾ പോയ്ക്കൊള്ളുക. (ആ നിഴൽ) തണുപ്പുള്ളതല്ല. തീജ്വാലയിൽ നിന്നു രക്ഷപ്പെടാൻ അത് പ്രയോജനപ്പെടുകയില്ല. അത് വമിച്ച സൗധസമാനമായ തീപ്പൊരികൾ പരത്തും. കൂറ്റൻ കപ്പലുകളെ ബന്ധിച്ച തടിച്ച കയർപോലിരിക്കും. അത്. അന്ന് സത്യനിഷേധികൾക്ക് കൊടുനാശം" (75:29-35)

ഈ വചനങ്ങളിൽ പ്രതിപാദിക്കപ്പെട്ട പ്രതീകാത്മക വിവരണങ്ങളിൽ നിന്നു മനസ്സിലാകുന്നത് അത് ഇക്കാലത്തെ അഗ്നികൊണ്ടുള്ള യുദ്ധസാമഗ്രികളുപയോഗിച്ച യുദ്ധങ്ങളെ കുറിച്ചാണ് എന്നാണ്. ഇക്കാലത്താണ് കര-നാവിക-വ്യോമ മേഖലകളിൽ വ്യാപരിക്കുന്ന ഭീതിജനകമായ യുദ്ധശക്തികളുടെ കരിനിഴലുള്ളത്. മുന്നിൽ നിന്നും തീമഴ ഭൂമിയിലേക്ക് വർഷിക്കപ്പെടും. ഈ വചനത്തെ ''അതിൽ നിന്നും വമിച്ച ബഹുനിലക്കെട്ടിടം പോലുള്ള അഗ്നിസ്ഫുലിംഗം വിക്ഷേപിക്കപ്പെടും" എന്നു വിവർത്തം ചെ യ്യാവുന്നതാണ്. ബാലിസ്റ്റിക് മിസൈലുകൾ ഉപയോഗിച്ചുകൊണ്ടുള്ള ഇക്കാലത്തെ യുദ്ധങ്ങൾക്ക് ഇത് ഏറ്റവും അനുയോജ്യമായ വിവരണമാകും.

അതുപോലെ അഗ്നിയെക്കുറിച്ചുള്ള 'തലക്ക് മുകളിൽ തൂങ്ങിനിൽക്കുന്ന ഭീതി' എന്നി പ്രതിപാദനവും ഇക്കാലത്തെ സംബന്ധിച്ചുള്ളതാണ്.

"പരദൂഷകനും അപവാദം പറഞ്ഞു പരത്തുന്നവനുമായ ഓരോരുത്തനും നാശം. ധനം ശേഖരിക്കുകയും അത് എണ്ണിയെണ്ണി കണക്കാക്കിക്കൊണ്ടിരിക്കുകയും ചെയ്തിട്ടുള്ളവൻ തന്റെ ധനം അവനെ ശാശ്വതനാക്കിയിരിക്കുകയാണെന്ന് അവൻ ധരിക്കുന്നു. അങ്ങനെയല്ല തീർച്ചയായും 'ഹുത്വമ'യിൽ അവൻ തള്ളപ്പെടുന്നതാണ്. ആ 'ഹുത്വമ' എന്താണെന്ന് നിനക്കറിയാമോ? അല്ലാഹു കത്തിച്ച് ജ്വലിപ്പിക്കുന്ന അഗ്നിയാണത്. ഹൃദയത്തിന്റെ ആഴങ്ങളിലേക്ക് ആ അഗ്നി ചെന്നെത്തുന്നു. അത് സ്തംഭങ്ങളിൽ ബന്ധിതമായിക്കും. (എങ്കിലും അതിന്റെ മാരകമായ താപം അതിനെ അതിർവർത്തിച്ച് കടന്നെത്തുന്നതാണ്)" 104:2-10)

ഇവിടെ പ്രതിപാദിച്ചത് ഒരു വ്യക്തിയെയല്ല. ഒരു ജനതയെയാണ്. ധനാഢ്യനും പിശുക്കനുമായ ഒരാൾ അദ്ദേഹത്തിന്റെ ധനം അയാളെ അനശ്വരനാക്കുമെന്നു കരുതുന്നു എന്ന് പറയുന്നതിൽ കാര്യമില്ല. നേരെ മറിച്ച് സാമ്പത്തികമായി ഉയർന്ന രാജ്യങ്ങൾ സാമ്പത്തിക മേധാവിത്വം കൈവരിക്കുന്നതോടെ എക്കാലവും ഈ സാമ്പത്തിക മേധാവിത്വം അവരോടൊപ്പമുണ്ടാവുമെന്ന് തെറ്റിദ്ധരിക്കുന്നു. അവർക്ക് നൽകപ്പെടുന്ന താക്കീത് അഗ്നി കൊണ്ടുള്ളതാണ്.

ഇക്കാലത്തെ ന്യൂക്ലിയർ ആയുധങ്ങൾ ഈ വിവരണത്തിന്റെ യഥാർത്ഥ സാക്ഷാൽക്കാരമാണ്. അണു വിഖണ്ഡനത്തിന് (Nuclear Fission) ശേഷമുള്ള ആണവ സ്ഫോടനവും (Atomic explosion) 'ഹുത്വമ' (വിഖണ്ഡനത്തിന് വിധേയമായ ആറ്റം അഥവാം ഏറ്റവും ചെറിയ അണു) എന്ന പദവും ഇതിലേക്കാണ് സൂചന നൽകുന്നത്. എന്ത് തന്നെയായാലും ഈ വചനത്തിലെ താക്കീത് ഈ ലോകവുമായി ബന്ധപ്പെട്ടതാണെന്നതിൽ സംശയമില്ല. അഹങ്കാരികളും ഉന്മത്തരുമായ ഭൗതികോന്മുഖരായ ജനത യാതൊരു കണക്കും ആർക്കും ബോധിപ്പിക്കേണ്ടാത്തവിധം ശാശ്വതന്മാരാണെന്ന് കരുതുന്നു. അവരെപ്പറ്റിയാണ് ഈ വചനം സൂചിപ്പിക്കുന്നത്.

അഗ്നികൊണ്ടുള്ള ശിക്ഷയെപ്പറ്റി പറയുന്ന മേൽപറഞ്ഞ വചനങ്ങളെ അതിന് മുൻപ് പ്രതിപാദിച്ച വിഷയവുമായി ബന്ധിപ്പിച്ചാൽ മണ്ണ്, വെള്ളം, വായു, അഗ്നി എന്നീ വസ്തുക്കളെല്ലാം ദൈവത്തിന്റെ കൽപ്പനപ്രകാരം ശിക്ഷകൾ നൽകാനായി അവന്ന് വഴിപ്പെട്ടുനിൽക്കുന്നു. അതേപ്രകാരം അതേ വസ്തുക്കൾ തന്നെ അനുഗ്രഹദായകമായും വർത്തിക്കുന്നു.

അതുകൊണ്ട് പ്രകൃതിനിയമത്തെ നിയന്ത്രിച്ച് ശിക്ഷ നൽകുക എന്ന കാര്യം തീർച്ചയായും അത്ഭുതകരമൊന്നുമില്ല. ആ വസ്തുവിന്റെ നന്മയും തിന്മയും തീർച്ചയായും അതിന്റെ പ്രകൃതിയുമായി ബന്ധപ്പെട്ടു നിൽക്കുന്നു.

മണ്ണ്, വെള്ളം, വായു, അഗ്നി എന്നിവയുടെ പ്രവർത്തനഫലമായുണ്ടാകുന്ന നന്മയുടെയും തിന്മയുടെയും കാരണങ്ങൾകൊണ്ട് കാലാകാലങ്ങളിലായി ചില മാറ്റങ്ങൾ ലോകത്ത് സംഭവിച്ചുകൊണ്ടിരിക്കുന്നുവെന്ന കാര്യം എല്ലാവർക്കുമറിയാം. ചിലപ്പോൾ അത് പ്രയാസങ്ങളും ദൗർലഭ്യതയും പ്രതിസന്ധിയും സൃഷ്ടിക്കുന്നു. ചിലപ്പോൾ ജീവിതസുഖവും സമൃദ്ധിയും നൽകുന്നു. അപ്പോൾ ഇത്തരം സംഗതികൾ ചിലപ്പോൾ അസാധാരണമായ ദൈവിക ഇടപെടലായും അനിതരസാധാരണമായ കാര്യമായും കണക്കാക്കപ്പെടുന്നതെന്തുകൊണ്ട്? ഈ കാര്യങ്ങളൊക്കെ ചരിത്രാതീതകാലം മുതൽക്കേ സംഭവിച്ചുകൊണ്ടിരിക്കുന്നതാണ

*(ശേഷം 19-ാം പേജിൽ)*

# ജിഹാദ്

അഷ്റഫ് എം.എ. സ്കോട്ട്ലാന്റ്

## ആത്മീയസുന്ദരമായ ജിഹാദ് എന്ന പദത്തെ തെറ്റിദ്ധരിപ്പിച്ചതിന്റെ ഉത്തരവാദിത്വം ഇസ്‌ലാമിസ്റ്റുകൾക്കാണ്

ബഹുഭൂരിപക്ഷവും നിരക്ഷരരായ അറബ് സമൂഹ ത്തിലായിരുന്നു ഇസ്‌ലാം ആവിർഭവിച്ചത്. കിരാതമായ കൃത്യങ്ങൾ നിർവ്വഹിച്ചിരുന്ന അവരാകട്ടെ ഗോത്രങ്ങളായി വിഭജിക്കപ്പെട്ടിരുന്നു. ഇസ്‌ലാമിനോടുള്ള അറബ് സമൂഹത്തിന്റെ പ്രഥമ പ്രതികരണം കടുത്ത എതിർപ്പായിരുന്നു. ഒരു തലമുറയുടെ കാലം കൊണ്ടു തന്നെ അറബ് സമൂഹത്തെ ഇസ്‌ലാം കീഴടക്കിയെന്നു മാത്രമല്ല മിക്ക സമീപപ്രദേശങ്ങളെക്കൂടി ഇസ്‌ലാമിന്റെ സ്വാധീനവലയത്തിലാക്കി. വിദൂരദേശങ്ങളിലേക്ക് അതിവേഗത്തിൽ വ്യാപിച്ചതുപോലെ ചേർച്ചയില്ലാത്ത ജനവിഭാഗങ്ങളെ കോർത്തിണക്കാനും അവരെ സംസ്കരിക്കാനും ഇസ്‌ലാമിനുണ്ടായിരുന്ന കഴിവ് അത്ഭുതകരമായിരുന്നു. ഏകദേശം ഒരു നൂറ്റാണ്ടിനുള്ളിൽ ഇസ്‌ലാം സാംസ്കാരികമായും രാഷ്ട്രീയമായും ലോകത്ത് മേധാവിത്വം നേടി.

സായുധസമരം എന്ന നിലയിൽ ജിഹാദ് ഇസ്‌ലാമിക ചരിത്രത്തിന്റെ ഒരു പ്രത്യേകതയായിരുന്നു. ധാരാളം പാശ്ചാത്യ പണ്ഡിതന്മാരും മുസ്‌ലിം പണ്ഡിതന്മാരും ഇസ്‌ലാം കൈവരിച്ച നേട്ടങ്ങൾ ജിഹാദ് മൂലമാണെന്ന് വിലയിരുത്തി. ഇന്നത്തെ മുസ്‌ലിംകളുടെ അവസ്ഥക്ക് പരിഹാരം ജിഹാദിലാണെന്ന് ഈ വീക്ഷണം കൈക്കൊണ്ട മുസ്‌ലിംകൾ കരുതുന്നു. വാസ്തവത്തിൽ ജിഹാദ് എന്നാൽ എന്താണ് അർത്ഥമാക്കുന്നത്? ജിഹാദായിരുന്നുവോ ഇസ്‌ലാമിന്റെ രാഷ്ട്രീയ വിജയങ്ങൾക്ക് കാരണം? ജിഹാദ് തികച്ചും പ്രതിരോധാത്മകമായിരുന്നുവോ? ഇന്നത്തെ മുസ്‌ലിം അവസ്ഥക്ക് പരിഹാരമുണ്ടാക്കാൻ ജിഹാദിന്നാവുമോ?

### ജിഹാദ് സങ്കല്പങ്ങളുടെ പരിണാമം

യൂസുഫ് ചഊരിയുടെ അഭിപ്രായത്തിൽ ചരിത്രത്തിൽ ആദ്യത്തെ ഇസ്‌ലാമിക രാഷ്ട്രം നിലവിൽ വന്നത് സമാധാന പ്രക്രിയയിലൂടെയാണ്. (14) മുസ്‌ലിംകളുടെ ആദ്യകാലയുദ്ധങ്ങളെല്ലാം തികച്ചും സ്വയംരക്ഷക്കുള്ള യുദ്ധങ്ങളായിരുന്നു. ബദ്റ് യുദ്ധം മുതൽ തബൂക്ക് യുദ്ധം വരെയുള്ള എട്ടുവർഷക്കാലം ഇരുപക്ഷത്തുമുണ്ടായിരുന്ന അത്യാഹിതങ്ങൾ താരതമ്യേന വളരെ കുറച്ചായിരുന്നു. ഇരുപക്ഷത്തുമുണ്ടായിരുന്ന മരണങ്ങൾ 1250. അതിൽ മുസ്‌ലിംകൾക്കുണ്ടായ ജീവഹാനി 250. ഇസ്‌ലാമിക ചരിത്രത്തിൽ ചെറിയ ജിഹാദിന്റെ (ജിഹാദെ അസ്ഗർ – വാളുകൊണ്ടുള്ള ജിഹാദ്) പങ്ക് വളരെ കുറഞ്ഞതായിരുന്നു. പക്ഷേ അതിന്റെ ഫലങ്ങൾ വളരെയധികം പെരുപ്പിച്ചു കാട്ടുകയുണ്ടായി. ഇത് മുസ്‌ലിംകളെയും അമുസ്‌ലിംകളെയും ഒരുപോലെ തെറ്റിദ്ധരിപ്പിക്കപ്പെടാൻ കാരണമായി. ഇത്തരത്തിലുള്ള ജിഹാദിന് ചില നിശ്ചിത ഉപാധികളുണ്ട്. ജിഹാദ് ചെയ്യുന്നവർക്ക് ചില പരിമിതികളുമുണ്ട്. ഖുർആൻ അത് ഇപ്രകാരം വിവരിക്കുന്നു.

“യുദ്ധം ചെയ്യപ്പെടുന്നവർക്ക് തിരിച്ചും യുദ്ധം ചെയ്യാൻ അനുമതി നൽകപ്പെട്ടിരിക്കുന്നു. എന്തെന്നാൽ അവർ അക്രമിക്കപ്പെട്ടിരിക്കുകയാണ്. തീർച്ചയായും അല്ലാഹു അവരെ സഹായിക്കുവാൻ കഴിവുള്ളവനാകുന്നു. ഞങ്ങളുടെ നാഥൻ അല്ലാഹുവാണ് എന്നവർ പറയുന്നതൊഴിച്ച് (മറ്റൊരു കാരണവും കൂടാതെ) അന്യായമായി തങ്ങളുടെ ഭവനങ്ങളിൽ നിന്ന് ബഹിഷ്കരിക്കപ്പെട്ടവരാണ് അവർ. മനുഷ്യരിൽ ചിലർക്ക് മറ്റുചിലരിൽ നിന്നുള്ള അക്രമണത്തിൽനിന്ന് സ്വയം രക്ഷിക്കുന്നതിന് അല്ലാഹു അനുമതി നൽകിയില്ലായിരുന്നുവെങ്കിൽ സന്യാസിമഠങ്ങളും ക്രിസ്തീയ ദേവാലയങ്ങളും ജൂതപള്ളികളും മുസ്‌ലിം പള്ളികളും എല്ലാം തകർക്കപ്പെടുമായിരുന്നു. അവയിൽ വെച്ച് അല്ലാഹുവിന്റെ നാമം ധാരാളമായി അനുസ്മരിക്കപ്പെടുന്നു. തന്നെ സഹായിക്കുന്നവരെ അല്ലാഹു സഹായിക്കുക തന്നെ ചെയ്യും. തീർച്ചയായും അല്ലാഹു മഹാശക്തനും പ്രതാപവാനുമാകുന്നു (22:40, 41).

ഈ വചനം മറ്റു ചില സംഗതികളാണ് സൂചിപ്പിക്കുന്നത്. അതായത് ആരാധനാസ്വാതന്ത്ര്യവും മനസ്സാക്ഷി സ്വാതന്ത്ര്യവും സംരക്ഷിക്കാനാണ് ജിഹാദ് ചെയ്യേണ്ടത്. ജൂതന്മാർ,

ക്രിസ്ത്യാനികൾ, മുസ്‌ലിംകൾ മറ്റുമതവിശ്വാസികൾ എന്നിവരുടെയെല്ലാം മനസ്സാക്ഷിസ്വാതന്ത്ര്യവും, ആരാധനാസ്വാന്ത്ര്യവും സംരക്ഷിക്കാനാണ് ഈ വചനം പറയുന്നത്. ഈയർത്ഥത്തിൽ അല്ലാഹു, അഥവാ ഒരേ ദൈവം തന്നെയാണു സന്യാസിമഠങ്ങളിലും, ക്രിസ്തീയ ദേവാലയങ്ങളിലും മുസ്‌ലിം പള്ളികളിലും ആരാധിക്കപ്പെടുന്നത്. എല്ലാ മതങ്ങളുടേയും ജനങ്ങളുടേയും ഐക്യം ഒരു ദൈവത്തിനു കീഴിൽ ഉറപ്പിച്ചുകൊണ്ട് ജനവിഭാഗങ്ങൾ സമാധാനപരമായ സഹവർത്തിത്വത്തോടെയും പരസ്പര ബഹുമാനത്തോടെയും വർത്തിക്കാനുള്ള സുപ്രധാനമായ ദൗത്യമാണ് ജിഹാദിലൂടെ നിർവ്വഹിക്കപ്പെടുന്നത് എന്ന് ഈ വചനം പറയുന്നു. സ്വയം സംരക്ഷിക്കുന്നതിന് വേണ്ടിയും ന്യായമായ പ്രതികാരങ്ങൾക്ക് വേണ്ടിയും യുദ്ധം ചെയ്യാവുന്നതാണ്. മേൽ വിവരിച്ച ഖുർആൻ വചനപ്രകാരം ഈ രണ്ട് വിധത്തിലുള്ള യുദ്ധങ്ങളും ജിഹാദ് ആയി ഗണിക്കപ്പെടാൻ പറ്റില്ല.

ജിഹാദ് എന്ന പദത്തെ 'പോരാട്ടം' എന്ന് അക്ഷരാർത്ഥത്തിൽ രാഷ്ട്രീയയുദ്ധങ്ങളെ വിശേഷിപ്പിക്കാനും ഉപയോഗിക്കാവുന്നതാണ്. ജിഹാദിനെപറ്റി മദ്ധ്യകാലപണ്ഡിതന്മാർ നടത്തിയ നിരവധി ഫത്വ (മതവിധി)കളേയും അബദ്ധവിവരണങ്ങളേയും ഓറിയന്റലിസ്റ്റുകളും, ഇസ്‌ലാമിക ഭീകരവാദികളും ചേർന്ന് ദുർവ്യാഖ്യാനം ചെയ്യുകയാണുണ്ടായത്. അങ്ങിനെയാണ് 'ജിഹാദ്' എന്ന പദം ഇസ്‌ലാമിക ന്യായശാസ്ത്രത്തിൽ കടന്നുകൂടിയത്.

ഖുർആനും ഹദീസും എല്ലാവിധത്തിലുള്ള യുദ്ധങ്ങളേയും യുദ്ധനിയമങ്ങൾക്കൊണ്ട് നിയന്ത്രിച്ചിരിക്കുന്നു. മേൽപ്രസ്താവിച്ച വചനത്തിലെ പ്രധാനപ്പെട്ട ഒരു കാര്യം. ഇത്തരത്തിലുള്ള ജിഹാദിനെ അല്ലാഹു അവന്റെ ശക്തിക്കൊണ്ട് സഹായിക്കും എന്നതാണ്. ഇസ് ലാമിക ചരിത്രത്തിലെ ആദ്യകാലയുദ്ധങ്ങൾ ഈ ദൈവികവാഗ്ദാനത്തിന്റെ പൂർത്തീകരണങ്ങളായിരുന്നു. എണ്ണത്തിൽ കൂടുതലുള്ളവരും വമ്പിച്ച ശക്തിയുള്ളവരുമായ ശത്രുക്കളെ മുസ്‌ലിംകൾ അഭിമുഖീകരിച്ചപ്പോഴെല്ലാം ഈ വാഗ്ദാനം നിറവേറുകയുണ്ടായി. അതുകൊണ്ടാണ് യുദ്ധങ്ങളുടെ നാടകീയവും നിർണ്ണായകവുമായ വിജയങ്ങൾ ജിഹാദിന് ദൈവികമായ അംഗീകാരമുണ്ടോ എന്ന കാര്യം പരിശോധിക്കാനുള്ള മാനദണ്ഡങ്ങളായിതീരുന്നത്.

സമകാലീന ജിഹാദി സിദ്ധാന്തത്തിന്റെ ആചാര്യൻ മൗദൂദിയാണ്. അദ്ദേഹത്തിന്റെ എഴുത്തുകൾ സയ്യിദ് ഖുത്തുബിനേയും (ഈജിപ്ത്) അൻഖായിദ അടക്കമുള്ള പില്കാലത്തെ ജിഹാദീപ്രസ്ഥാനങ്ങളേയും സ്വാധീനിക്കുകയുണ്ടായി. അതേസമയം ഇറാനിൽ രാജാവിന്റെ ദുർഭരണം ശിയാനേതാവായിരുന്ന ഖുമൈനിയുടെ പ്രസക്തി വർദ്ധിപ്പിച്ചിട്ടുണ്ടായിരുന്നു. മൗദൂദിയോ, ഖുത്തുബോ ഖുമൈനിയെ നേരിട്ടു സ്വാധീനിച്ചതായി വ്യക്തമല്ല. പക്ഷേ നിശ്ചയമായും ഖുമൈനിയുടെ വിശ്വാസങ്ങൾ അവരുടേതുമായി സാമ്യമുള്ളതായിരുന്നു. മൗദൂദി, ഖുത്തുബ്, ഖുമൈനി എന്നിവർക്ക് സംഘട്ടനം (ജിഹാദ്) എന്നത് മനസ്സാക്ഷി സ്വാതന്ത്ര്യം ആരാധനാസ്വാതന്ത്ര്യം എന്നിവ സംരക്ഷിക്കാൻ ആവശ്യമുള്ള ഒന്നല്ല. അതിനേക്കാൾ കൂടുതലായി സ്വാതന്ത്ര്യത്തെ ഭരിക്കാനുള്ളതായിരുന്നു. നിലവിലുണ്ടായിരുന്ന വ്യവസ്ഥിതിക്കെതിരെ അവർ വിപ്ലവം നടത്തി. മൗദൂദി തന്റെ ചുറ്റുപാടുകളെ ഫ്രഞ്ച്, റഷ്യൻ, നാസി വിപ്ലവസാഹചര്യങ്ങളോടാണ് താരതമ്യപ്പെടുത്തിയത്. മൗദൂദിയുടെ സിദ്ധാന്തങ്ങൾ നാസികൾക്ക് വേണ്ടി സിദ്ധാന്തങ്ങൾ രചിച്ച ഫിത്ച്ചേ, ഗീഥേ, നീത്ച്ചേ മുതലായവരോടു സമാനതയുള്ളതാണെന്ന് അദ്ദേഹം കരുതി. വിജയം കൈവരിക്കേണ്ട ഈ സൈദ്ധാന്തിക രൂപരേഖ മൗലികവും അത്യുജ്ജ്വലവുമായ 'ഹിറ്റ്ലറുടെയും അദ്ദേഹത്തിന്റെ സഖാക്കളുടേതും' പോലെയുള്ളതായിരുന്നു (16)വെന്ന് അദ്ദേഹം ഉപമിച്ചിരുന്നു.

'ഹിറ്റ്ലറുടേയും അദ്ദേഹത്തിന്റെ സഖാക്കളുടേയും അത്യുജ്ജ്വല നേതൃത്വം' എന്ന ആശയം ജിഹാദികൾ അവരുടെ ജിഹാദി നായകന്മാർ എന്ന നിലക്ക് നേതൃത്വത്തിലും സങ്കല്പത്തിലും സാക്ഷാൽക്കരിക്കുകയുണ്ടായി. ജാഹിലിയ്യാ സമൂഹത്തിന്റെ സകല ബന്ധങ്ങളും പരിപൂർണ്ണമായും വിച്ഛേദിച്ച 'സുസംഘടിതവും സജീവവുമായ ഒരു ഗ്രൂപ്പ്' ആയിരുന്നു ഈ ജിഹാദികൾ (17). തൊണ്ണൂറുകളുടെ മദ്ധ്യം മുതൽ അൽഖായിദ ചർച്ചകളിൽ ജിഹാദിനെ സംബന്ധിച്ച സംവാദങ്ങൾ മുന്നിട്ടുനിന്നിരുന്നു. അഫ്ഗാനിസ്ഥാനിലെ പ്രത്യക്ഷ വിജയങ്ങളെ ചൂഷണം ചെയ്തുകൊണ്ട് പാശ്ചാത്യർക്കെതിരെ ഉസാമാബിൻലാദൻ ജിഹാദിന് ആഹ്വാനം ചെയ്തു. ഈ ജിഹാദിന്റെ പ്രാഥമിക ലക്ഷ്യം സഊദി അറേബ്യയിൽ നിന്നും അമേരിക്കൻ പട്ടാളത്തെ കെട്ടുകെട്ടിക്കുക എന്നതായിരുന്നു. താമസിയാതെ പാശ്ചാത്യനാടുകളെ പ്രത്യേകിച്ച് അമേരിക്കയെ നേരിട്ട് ആക്രമിക്കുക എന്നതായി മാറി അവരുടെ ലക്ഷ്യം. മുസ്‌ലിം ഭരണകൂടങ്ങൾക്കുള്ള പാശ്ചാത്യരുടെ പിന്തുണ ബലഹീനമാക്കാൻ അവർ ഇസ്‌ലാമിക മൗലികവാദികളായ ഭരണകൂടങ്ങളെ കൈയ്യിലെടുത്തു. അൽഖായിദയാൽ പ്രേരിതമായ ഭീകരപ്രവർത്തനങ്ങളുടെ കേന്ദ്രം വലിയ തോതിൽ യൂറോപ്പിലേക്കും അമേരിക്കയിലേക്ക് മാറ്റപ്പെട്ടു. മുസ്‌ലിം രാജ്യങ്ങൾക്കകത്തുള്ള അക്രമണങ്ങൾ നിർത്തിവെച്ചിട്ടുണ്ടായിരുന്നില്ല. പക്ഷേ മാറ്റപ്പെടുകയാണുണ്ടായത്. 1993–ൽ സാമുവൽ ഹണ്ടിംടൺ 'ഇസ്‌ലാമിന്റെ രക്തപങ്കിലമായ അതിരുകൾ' (Bloody Islamic borders) എന്ന് വിശേഷിപ്പിച്ചത് 1996–ൽ 'ഇസ്‌ലാമിന്റെ രക്തപങ്കിലമായ ആന്തരാവയവങ്ങൾ' (Bloody Innards) എന്നായി മാറി.

അതുകൊണ്ട് ഇസ്‌ലാമിസ്റ്റുകൾ പടിഞ്ഞാറിനും മുസ്‌ലിം ഭൂരിപക്ഷത്തിനും എതിരെ ഒരേസമയം ജിഹാദ് നടത്തുന്നു. ഭീകരതമാണ് അവരുടെ ആയുധം. ചില ഇസ്‌ലാമിസ്റ്റുകൾ സ്വയം തന്നെ ഈ അവസ്ഥയുടെ അപകടം തിരിച്ചറിഞ്ഞിട്ടുണ്ട്. സുഡാ

നിലെ ജനറലായ ഒമർ ഹസ്സൻ അൽ ബഷീർ അഫ്ഗാനിസ്ഥാനിലുണ്ടായ വിജയത്തെ മുതലാക്കുന്നതിലും അത് മുഖേന ഐക്യമുണ്ടാക്കുന്നതിലും ഇസ്‌ലാമിസ്റ്റുകൾ പരാജിതരായിരിക്കുന്നു എന്ന് വിലപിക്കുകയുണ്ടായി. ഇസ്‌ലാമിസ്റ്റുകൾക്കുള്ളിലെ ആഭ്യന്തരപോരാട്ടങ്ങളേയും. ആധുനിക രാഷ്ട്രീയ ജനാധിപത്യ പ്രക്രിയയെ നിരാകരിക്കുന്നതിനെതിരെയും ഹസ്സൻ അൽബഷീർ അപലപിച്ചുകൊണ്ട് പറയുന്നു: 'ഈ പ്രശ്നം പരിഹരിക്കുന്നതിൽ ഇസ്‌ലാമിസ്റ്റുകൾ വിജയിക്കുന്നില്ലെങ്കിൽ അവർ ഇസ്‌ലാമിക നവോത്ഥാനത്തിന്റെ പ്രതീക്ഷകൾക്ക് ഏല്പിക്കുന്ന വലിയ പ്രഹരമായിരിക്കുമത്. അപ്രകാരം ഒരു വിപത്തിനെ ഇസ്‌ലാമിന് നേരെ ആനയിക്കലുമായിരിക്കുമത്. ആ വിപത്ത് സെക്കുലറിസം കമ്യൂണിസം എന്നിവയേക്കാൾ മോശമായതായിരിക്കും. ഇസ്‌ലാമിന്റെ ശത്രുക്കൾക്ക് പോറലേൽപ്പിക്കാൻ കൂടി കഴിയാത്ത ഇസ്‌ലാമിന്റെ മർമ്മസ്ഥാനങ്ങളിൽ ഇസ്‌ലാമിസ്റ്റുകൾ സ്വയം തന്നെ വമ്പിച്ച പ്രഹരങ്ങൾ ഏല്പിക്കുകയാണ്. (20)

## തീവ്രവാദികളുടെ വ്യാഖ്യാനം

മതാദ്ധ്യാപനങ്ങളുടെ വ്യാഖ്യാനങ്ങളിലുണ്ടാവുന്ന വളരെ സൂക്ഷ്മമായ വ്യത്യാസങ്ങൾ പോലും വിശ്വാസവും പ്രവർത്തനവും തമ്മിലുള്ള അടിസ്ഥാനപരമായ വ്യത്യാസങ്ങളിലേക്ക് നയിക്കുന്നു. 'ഇസ്‌ലാമിന്റെ അടിസ്ഥാനങ്ങൾ' എന്ന പുസ്തകത്തിൽ ഇസ്‌ലാമിക ആരാധനയുടെ, (നമസ്കാരം, നോമ്പ്, സക്കാത്ത്) ഉദ്ദേശവും പരിശീലനവും എന്താണെന്ന് മൗദൂദി വിവരിക്കുന്നു. അതിന്റെ പ്രഥമ ലക്ഷ്യം ജിഹാദാണെന്ന് അദ്ദേഹം സ്ഥാപിക്കുന്നു. ജിഹാദിന്റെ പ്രാഥമികോദ്ദേശം വലിയ ജിഹാദിന്റെ ലക്ഷ്യസാക്ഷാൽക്കാരമാണെന്ന് അദ്ദേഹം പറയുന്നു. അതായത് ഒരാളുടെ അഹംബോധം സമ്പൂർണ്ണമായി ദൈവത്തിനുമുമ്പിൽ കീഴടക്കുമ്പോൾ അയാൾ ശരിയായ പാതയിലാണെന്ന് അദ്ദേഹം പറയുന്നു. ഉടനെതന്നെ മൗദൂദി തന്റെ ഉദ്ദേശം വെളിവാക്കുന്നു: 'ഈ ലോകത്തിലെ എല്ലാ ദുഷിപ്പുകളുടെയും നാരായവേര് ഭരണകൂടങ്ങളാണ് (21) 'ദീൻ' (മതം) എന്നാൽ വാസ്തവത്തിൽ ഭരണകൂടമാണെന്ന് അദ്ദേഹം പ്രഖ്യാപിക്കുന്നു. അദ്ദേഹം പലവിധത്തിലുള്ള ദീനുകളേക്കുറിച്ചും പറയുന്നു: 'ദീൻ എന്ത് തന്നെയായാലും അത് ഒട്ടും തളരാതെ അധികാരസമാഹരണം ആവശ്യപ്പെടുന്നു'(22) 'ഈ വാദത്തെ അദ്ദേഹം ഇങ്ങനെയാണ് ഉപസംഹരിക്കുന്നത്.

"മറ്റു ദീനുകൾക്ക് കീഴടങ്ങിക്കൊണ്ട് നിങ്ങൾക്ക് ഈ ദീനിനെ പിൻപറ്റാൻ സാധ്യമല്ല. നിങ്ങൾ മറ്റു ജീവിത വ്യവസ്ഥയുമായി പങ്കുചേർന്നുകൊണ്ടും ഇത് പിൻപറ്റാനാകില്ല. അതുകൊണ്ട് നിങ്ങൾ ഈ ദീൻ സത്യമാണെന്ന് കരുതുന്നുവെങ്കിൽ ഈ ദീൻ സ്ഥാപിക്കാൻ വേണ്ടി നിങ്ങളുടെ ആത്യന്തിക ശക്തി പ്രയോഗിക്കുകയല്ലാതെ മറ്റു മാർഗ്ഗങ്ങളൊന്നുമില്ല. (23)

ജിഹാദി വിശ്വാസികളുടെ വർത്തമാനകാലത്തെ വക്താവായ ബിൻലാദന്റെ പ്രഭാഷണങ്ങളിൽ പാശ്ചാത്യർ രാഷ്ട്രീയമായും സാമൂഹികമായും മുസ്‌ലിംകൾക്കെതിരെ ചെയ്യുന്ന അനീതിയെക്കുറിച്ച് ശക്തമായി പരാമർശിക്കുന്നുണ്ട്. ഈ അവസ്ഥയിൽ ജിഹാദ് ചെയ്യൽ മതപരമായ ബാധ്യതയാണൊണ് അദ്ദേഹം പറയുന്നത്. മുസ്‌ലിം രാഷ്ട്രീയത്തിലും സമൂഹത്തിലും പൊതുവേ കാണപ്പെടുന്ന പോരായ്മകളുമായി മതപരമായ വാദങ്ങളെ സങ്കീർണമായി കൂട്ടിക്കലർത്തിയാണ് ബിൻലാദൻ വാദങ്ങൾ അവതരിപ്പിക്കുന്നത്. ഇതാണ് അൽഖായിദയുടെ വിജയത്തിന്നുള്ള ഏറ്റവും വലിയ ഘടകം.

ബിൻലാദനും, തന്റെ പിൻഗാമിയായ ഡോ. അയ്മാൻ അൽ സവാഹിരിയും കൂടി ബിൻലാദന്റെ ഗുരുവായ അന്തരിച്ച അബ്ദുല്ലാ അസ്സാമിന്റെ ചിന്തകളിൽ കെട്ടിപടുത്തതാണ് ഈ ആശയങ്ങൾ. അവരുടെ ജിഹാദി ചിന്തകൾ സയ്യിദ് ഖുതുബിന്റെ എഴുത്തുകളാൽ ശക്തമായി സ്വാധീനിക്കപ്പെട്ടിട്ടുണ്ട്. സയ്യിദ് ഖുതുബാകട്ടെ അബുൽ അഅ്ലാ മൗദിയാൽ സ്വാധീനിക്കപ്പെട്ടിട്ടുണ്ടെന്ന് സമ്മതിച്ചതുമാണ്. ഈ എഴുത്തുകാരെല്ലാം തന്നെ രാഷ്ട്രീയ വ്യാഖ്യാതാക്കളാണ്. അവരുടെ സിദ്ധാന്തങ്ങൾക്കനുസരിച്ച് ഇസ്‌ലാമിക അദ്ധ്യാപനങ്ങളേയും കീഴ്‌വഴക്കങ്ങളയും വ്യാഖ്യാനിക്കാനാണ് അവർ ശ്രമിക്കുന്നത്. ഇവരെല്ലാം തന്നെ ഗുയ്‌ലയ്ൻ ഡിനോയെക്സ് (Guilain Denoeux) ഇസ്‌ലാമിസ്റ്റുകൾക്ക് നൽകിയ നിർവ്വചനത്തിൽ വളരെ സുന്ദരമായി ഉൾക്കൊള്ളുന്നവരാണ്.

'ഇസ്‌ലാമിസ്റ്റുകൾ ഇസ്‌ലാമിൽ മാത്രം പ്രചാരലുപ്തമായ ഭാഷയുപയോഗിച്ചുകൊണ്ട് ധൈഷണികവും, രാഷ്ട്രീയവും, സാമൂഹികവുമായ നിർമ്മാണ പ്രക്രിയയിൽ ഏർപ്പെട്ടിരിക്കുകയാണ്. സമൂഹത്തെയും അതിന്റെ ഭരണകൂടത്തെയും ഇതിന് മുമ്പൊന്നും കാണാത്ത നിയമാനുസാരമാക്കി പുനർസൃഷ്ടിക്കുകയാണ്. പഴയക്രമം അവർ പുനസ്ഥാപിക്കുകയാണെന്ന വ്യാജ്യേന അവർ പുതിയ ഒരു സമ്പ്രദായം സൃഷ്ടിക്കുകയാണ് (24).

ഉദാഹരണത്തിന് 'കാണുന്നിടത്ത് വെച്ച് അവരെ വധിക്കുക' എന്ന ഖുർആനിക ശൈലി കൊലപാതകവും വധവും ന്യായീകരിക്കാൻ വേണ്ടി തീവ്രവാദികൾ ഇടക്കിടെ ഉദ്ധരിക്കാറുണ്ട്. മുസ്‌ലിംകളെ ഏകപക്ഷീയമായി ആദ്യമായി അക്രമിക്കുന്ന ശത്രുക്കൾക്ക് മാത്രമാണ് ഈ വചനം ബാധകമായിട്ടുള്ളതെന്ന് പ്രാമാണിക പണ്ഡിതന്മാരിൽ മിക്കപേരും സ്ഥിരീകരിച്ചിട്ടുള്ളതാണ്. അതായത് മുൻകൂട്ടിയുണ്ടായിരുന്ന കരാർവ്യവസ്ഥയും പ്രതിജ്ഞയും ലംഘിക്കുന്ന ശത്രുക്കൾക്ക് മാത്രമാണ് ഈ വചനം ബാധകമായിട്ടുള്ളത്. മറ്റു പ്രകോപനപരമല്ലാത്ത സംഘട്ടനങ്ങൾക്കൊന്നും ഇത് ബാധകമല്ല.

ഇത്തരം മതനേതാക്കന്മാരുടെ മുഖമുദ്ര മതപരമായ വാദങ്ങളുമായി വളരെ സൂക്ഷ്മമായി രാഷ്ട്രീയത്തെ

കൂട്ടിക്കലർത്തലാണ്. ഉദാഹരണമായി ഖുമൈനിയെപോലെയുള്ള ഇസ്‌ലാമിസ്റ്റുകൾ 'ഇസ്‌ലാമിന്റെ തിരിച്ചുവരവ്' എന്ന ആശയത്തെ വിദേശ സ്വാധീനത്തിൽ നിന്നും തന്റെ രാജ്യത്തെ മോചിതമാവാൻ വേണ്ടിയുള്ള ലക്ഷ്യവുമായി ബന്ധിപ്പിക്കുകയുണ്ടായി. ഇസ്‌ലാമിസ്റ്റുകളുടെ കീർത്തികേട്ട ന്യായം ഇങ്ങനെയാണ്. 'ദൈവമാർഗ്ഗത്തിൽ നിന്നും തെറ്റിപ്പോയതിനാൽ വിശ്വാസികൾക്കുള്ള ശിക്ഷയാണ് ഈ വൈദേശിക അടിമത്വം. അവർ ഇത് ദൈവത്തിന്റെ ശിക്ഷയാണെന്ന് സമർത്ഥിക്കുന്നു. ദൈവികനിയമത്തിൽ നിന്നും വ്യതിചലിച്ചത് കാരണം വിശ്വാസികൾക്ക് മേൽ അവിശ്വാസികളുടെ മേധാവിത്വത്തിനു ദൈവം അനുമതി നൽകി. (25). വാസ്തവത്തിൽ മുസ്‌ലിംകളെ സംബന്ധിച്ചുള്ള അടിസ്ഥാനപ്രശ്നം ഇതാണ്. ദൈവത്തി ന്റെ നിയമം ആരാണ് യഥാർത്ഥത്തിൽ പാലിക്കുന്നത്.

## ജിഹാദിന്റെ നിയമങ്ങൾ

മനുഷ്യാവകാശ നിയമങ്ങളുടെ അടിസ്ഥാനം നിയമങ്ങൾ ഓരോന്നും അതാതിന്റെ പ്രത്യേകതകൾ ഉൾക്കൊള്ളുന്നു എന്നതാണ്. ഈ വ്യത്യസ്തകൾക്ക് ആധാരമായി വർത്തിക്കുന്നത് തോതുവ്യത്യാസങ്ങളുമാണ്. അത്രയും ഇസ്‌ലാമിൽ സാക്ഷാൽക്കരിക്കപ്പെട്ടിട്ടുണ്ട്. ഉദാഹരണമായി ഖുർആനികാദ്ധ്യാപനങ്ങളെ വിശദീകരിച്ചുകൊണ്ട് റസൂൽ തിരുമേനി(സ) പറയുന്നു.

നിങ്ങൾ അല്ലാഹുവിനെ സ്മരിച്ചുകൊണ്ടിരിക്കുന്ന ഒരാളെ ആരാധനാലയത്തിൽവെച്ച് കണ്ടുമുട്ടുകയാണെങ്കിൽ അയാളുമായി ഒരിക്കലും ശണ്ഠയുണ്ടാക്കരുത്. അവർക്ക് യാതൊരു ബുദ്ധിമുട്ടും വരുത്തിവെക്കരുത്. ശത്രുരാജ്യത്തെ സ്ത്രീകളേയോ കുട്ടികളേയോ അന്ധനേയോ, വൃദ്ധനേയോ വധിക്കരുത്. മരങ്ങൾ നശിപ്പിക്കരുത്. ഒരു കെട്ടിടവും തകർക്കരുത്. (ഉദ്ധരണി: 'ഹൽബിയ'യിൽ നിന്ന് വാല്യം3).

ഈയടുത്തകാലത്ത് അൽഖയിദ അവരുടെ അതിക്രമങ്ങളെ ന്യായീകരിക്കാൻ പല പദ കസറത്തുകളിലും ഏർപ്പെടുകയുണ്ടായി. ജനാധിപത്യ രാജ്യങ്ങളിലെ ഗവൺമെന്റുകളെ ആ രാജ്യത്തെ പൗരന്മാരാണ് തിരഞ്ഞെടുക്കുന്നത്. ഈ ഗവൺമെന്റുകൾ ജനങ്ങൾക്ക് വേണ്ടി ഭരിക്കുന്നു. അതുകൊണ്ട് ആ രാജ്യത്തെ ജനങ്ങൾ ജിഹാദിന്ന് കുറിമാനമായി തീരാനുള്ള ന്യായീകരണമുണ്ടെന്ന് അവർ വാദിക്കുന്നു. ഇസ്‌ലാമിക പ്രമാണങ്ങളിലൂടെ ഒരിക്കലും അത്തരം ന്യായീകരണങ്ങൾ നടത്താൻ സാധ്യമല്ലെന്ന കാര്യം വ്യക്തമാണ്. ഇസ്‌ലാമിക തീവ്രവാദികളുടെ താത്വികാചാര്യനായ മൗദൂദി പോലും നിരപരാധികളെ വധിക്കരുതെന്ന് നിഷ്ക്കർഷിച്ചിട്ടുണ്ട്.

റസൂൽ തിരുമേനിയുടെ ഒരു ഹദീസ് ഇപ്രകാരമാണ്. 'ഏറ്റവും വലിയ പാപം, ദൈവത്തിൽ പങ്കുചേർക്കലും മനുഷ്യനെ വധിക്കലുമാണ്' വിശുദ്ധ ഖുർആനിലും ഹദീസിലുമുള്ള വചനങ്ങളിലെ ആത്മാവ് (നഫ്സ്) എന്ന പദം പൊതുവായി ഉപയോഗിച്ചതാണ്. ഒരു പ്രത്യേക വ്യക്തിയെക്കുറിക്കുന്ന പദമല്ല അത്. ആ പദം സ്വയം തന്നെ വിശദീകരിക്കുന്നു. അതായത് ഒരു വ്യക്തിയെ അയാളുടെ ദേശമോ, രാജ്യമോ വർഗ്ഗമോ, മതമോ പ്രതിപാദിക്കാതെ മനുഷ്യനായ ഒരാളെയും വധിക്കാൻ പാടില്ല എന്നാണ് ഇവിടെ പറഞ്ഞിരിക്കുന്നത്. ഈ നിരോധനം മനുഷ്യകുലത്തിലെ എല്ലാവർക്കും ബാധകമാണ്. മനുഷ്യാത്മാവിന്റെ സ്വയംനാശവും അപ്രകാരം നിരോധിക്കപ്പെട്ടിരിക്കുന്നു.(26)

മറ്റൊരു ഹദീസ് പ്രകാരം നയതന്ത്രപ്രതിനിധികൾക്കുള്ള പരിരക്ഷ മാനിക്കപ്പെടേണ്ടതാണ്. നയതന്ത്ര പ്രതിനിധികളിൽ നിന്നുള്ള വീഴ്ചകളും, അപമര്യാദകളും അവഗണിക്കപ്പെടേണ്ടതുമാണ്. ഈ പരിരക്ഷ പുരോഹിതന്മാർക്കും, മതപ്രവർത്തകർക്കും മതനേതാക്കന്മാർക്കും നൽകപ്പെട്ടിട്ടുണ്ട്.

## ആനുപാതികത്വം

ആനുപാതികത്വം (propotionality), ഉഗ്രത കുറക്കൽ, അനാവശ്യമായ പ്രയാസങ്ങൾ ഒഴിവാക്കൽ എന്നിവ ഇസ്‌ലാമിക യുദ്ധമര്യാദകളുടെ മുഖ്യ പ്രത്യേകതകളാണ്. അബൂദാവൂദ് നിവേദനം ചെയ്ത ഒരു ഹദീസ് പ്രകാരം ശത്രുവിന് ഏറ്റവും കുറഞ്ഞ പ്രഹരമേൽപ്പിച്ചുകൊണ്ട്. സമാധാനസന്ധിക്കുള്ള അവസരം എപ്പോഴും തുറന്നുവെക്കണമെന്നാണ് തിരുനബി ആഗ്രഹിച്ചതെന്നു മനസ്സിലാവുന്നു. ശത്രുവിനെ ചതിക്കുന്നത് മുസ്‌ലിംകൾക്ക് നിരോധിക്കപ്പെട്ടിരിക്കുന്നു. അതുപോലെ പൊതുകെട്ടിടങ്ങളും, കൃഷിയും നശിപ്പിക്കാൻ മുസ്‌ലിംകൾക്ക് പാടുള്ളതല്ല. ഭീകരത പൊതുജനങ്ങളെ ബാധിക്കുന്നത് തടയാൻ വേണ്ടിയാണിത്. മുസ്‌ലിംകളുടെ പട്ടാള ക്യാമ്പുകൾ പൊതുജനങ്ങൾക്ക് അസൗകര്യങ്ങളുണ്ടാക്കുന്ന സ്ഥലത്താകരുത്. പൊതുനിരത്തുകളെ വഴിമുടക്കിക്കൊണ്ടും മറ്റു യാത്രക്കാർക്ക് വിഷമങ്ങൾ സൃഷ്ടിച്ചുകൊണ്ടും, സൈനികസംഘങ്ങൾ സഞ്ചരിച്ചുകൂടാ.

ആത്മഹത്യാ ബോംബിങ്ങ് തമിഴ് തീവ്രവാദികൾ ആവിഷ്കരിച്ച ഒരു ഭീകര തന്ത്രമാണ്. ആത്മഹത്യാബോംബിങ്ങ് ഇപ്പോൾ അല്ലാഹുവിന്റെ പേരിൽ ജിഹാദ് നടത്തുന്നവരുടെ ഒരു മുഖമുദ്രയാണ്. ആത്മഹത്യാബോംബിങ്ങ് ഇസ്‌ലാമികാദ്ധ്യാപനങ്ങൾക്ക് വിരുദ്ധമാണ്. അല്ലാഹു പറയുന്നു. "നിങ്ങൾ നിങ്ങളെ തന്നെ വധിക്കുകയുമരുത്. തീർച്ചയായും അല്ലാഹു നിങ്ങളോട് വളരെയേറെ കരുണയുള്ളവനാകുന്നു (4:30). 'നിങ്ങളുടെ കൈകളാൽ നിങ്ങളെ (സ്വയം) നാശത്തിൽ ആപതിപ്പിക്കരുത് (2:190) *(തുടരും)*


**REFERENCE**

14. Youssel Choueiri - the political Discourse of Contemporary Islamist movement Page 28 to 29.
15. Waheed Ahmed, A book of Religious knowledge (Fast - 1. Ummer Press Athens Olio - 1995) P. 149.
16. Mauclud, Minhaj at Inquilasat Islami.
17. Sayyid Qutub, Milestones, (Inter national Islamic Federation of Students


*(ശേഷം 38-ാം പേജിൽ)*

ലേഖനം

# പാകിസ്താനിൽ നിന്നൊരു രക്തസാക്ഷിത്വം

എസ്. മുഹമ്മദ് സലീം

## വാഗ്ദത്ത മസീഹിന്റെ കുടുംബത്തിലെ അംഗമായ മിർസാ ഗുലാം ഖാദിറിന്റെ ധീര രക്തസാക്ഷിത്വത്തെപ്പറ്റി

വാഗ്ദത്ത മസീഹ് ഹദ്റത്ത് മിർസാ ഗുലാം അഹ്മദ് (അ)ന്റെ കുടുംബത്തിലെ പ്രഥമ രക്തസാക്ഷിയായിരുന്നു 1999 ഏപ്രിൽ 14-ാം തീയതി ചില ഭീകരവാദികളാൽ ചിനിയോട്ടിനടുത്ത് വെടിയേറ്റ് ശഹീദായ മിർസാ ഗുലാം ഖാദിർ സാഹിബ്. അദ്ദേഹം സാഹിബ് സാദാ മിർസാ മജീദ് അഹ്മദ് സാഹിബിന്റെ പുത്രനും മിർസാ ബശീർ അഹ്മദ് സാഹിബിന്റെ (അ)ന്റെ പൗത്രനും വാഗ്ദത്ത മസീഹ് മിർസാ ഗുലാം അഹ്മദ് (അ) തങ്ങളുടെ പ്രപൗത്രനുമാണ്. വാഗ്ദത്ത മസീഹിന്റെ പരിശുദ്ധ കുടുംബത്തിൽ പിറന്ന ഭാവിയുടെ വാഗ്ദാനമായിരുന്നു ശഹാദത്തിന്റെ സ്വർഗ്ഗീയ സോപാനം പൂകിയ ആ യുവതാരം.

ചരിത്രത്തിൽ സുവർണ്ണ ലിപികളാൽ ആലേഖനം ചെയ്യപ്പെടുന്ന അത്യന്തം ഉജ്ജ്വലമായ ആ രക്തസാക്ഷിത്വ സംഭവം ഇങ്ങിനെയാണ്:

1999 ഏപ്രിൽ 14-ാം തീയതി സമയം രാവിലെ 9 മണി. മിർസാ ഗുലാം ഖാദിറിന്റെ പിതാവായ മിർസാ മജീദ് അഹ്മദ് സാഹിബിന്റെ "അൽഫാരിസ്" എന്ന ഭവനത്തിലെ ടെലിഫോൺ ബെൽ മുഴങ്ങിക്കൊണ്ടിരിക്കുന്നു. അപരിചിതമായ ഒരു ശബ്ദം: 'ഞാൻ ചിനിയോട്ടിലെ സിവിൽ ഹോസ്പിറ്റലിൽ നിന്നാണ് സംസാരിക്കുന്നത്. താങ്കളുടെ പുത്രൻ അതീവ ഗുരുതരാവസ്ഥയിലാണ്. താങ്കളുടെ ഫോൺ നമ്പർ തരികയും ഡോക്ടർ മുബശ്ശിറുമൊത്ത് ഉടനെത്തന്നെ ആശുപത്രിയിൽ എത്തിച്ചേരാനും അറിയിച്ചിരിക്കുന്നു'.

അവിചാരിതമായ ഈ ദുരന്തത്തിൽ ഗുലാം ഖാദിറിന്റെ മാതാപിതാക്കൾ ആകുലചിത്തരായി. തങ്ങളുടെ മകന്റെ ആരോഗ്യത്തിനും രക്ഷയ്ക്കുമായി പ്രാർത്ഥിച്ചുകൊണ്ട് അവർ ആശുപത്രിയിലേക്ക് ഓടിയെത്തി. തങ്ങളുടെ വാത്സല്യനിധിയായ മകനെ അല്ലാഹു തന്റെയടുക്കലേക്ക് വിളിച്ചിരിക്കുന്നു എന്ന യാഥാർത്ഥ്യവുമായി അവർക്ക് പൊരുത്തപ്പെടേണ്ടി വന്നു. അങ്ങനെ വാഗ്ദത്ത മസീഹ് (അ)ന്റെ വിശുദ്ധ കുടുംബത്തിലെ പ്രഥമ രക്തസാക്ഷിയായി ഗുലാം ചേർക്കപ്പെട്ടു. പാവനമായ ദൈവിക ജമാഅത്തിന് വേണ്ടി ജീവൻ ബലിദാനം ചെയ്ത് അനശ്വരനായി.

ശഹാദത്തിന് മുമ്പത്തെ ഗുലാം ഖാദിറിന്റെ പ്രഭാതത്തിലേക്ക് നമുക്ക് തിരിച്ചുപോകാം. റബ്വയിലെ തഹ്രിക് ജദീദ് കോർട്ടർ നമ്പർ 11ലെ ഗുലാം ഖാദിറിന്റെ ഭവനം എന്നത്തേയും പോലെ തന്നെയായിരുന്നു. അദ്ദേഹവും തന്റെ പ്രിയ പത്നി നുസ്രത്തും നാല് സ്നേഹനിധികളായ മക്കളും തീൻമേശയിൽ പ്രാതൽ കഴിക്കുകയായിരുന്നു. സിയാൽകോട്ടിലെ വാഗ്ദത്ത മസീഹ് താമസിച്ച വിശുദ്ധ സ്ഥല സന്ദർശനം സംബന്ധിച്ചായിരുന്നു സംസാരം. ആദ്ധ്യാത്മിക ചൈതന്യം സ്ഫുരിച്ചിരുന്ന ആ ഗൃഹാങ്കണത്തിൽ നിന്നുള്ള ശബ്ദതരംഗങ്ങളെല്ലാം വിശുദ്ധങ്ങളായിരുന്നു. അജ്ഞാതമായ ഏതോ ദുഃഖഭാരത്താൽ നുസ്രത്തിന്റെ ഹൃദയം ആർദ്രമായിരുന്നു. അവർ സ്ക്കൂളിലേക്ക് കുട്ടികളെ ഒരുക്കി പ്രിയതമൻ ഗുലാം ഖാദിർ അവരെ വിദ്യാലയത്തിലേക്ക് കൊണ്ടുപോയി. തന്റെ പൊന്നോമനകളുമായി പ്രിയപത്നിയോടു സലാം ചൊല്ലി. ഗുലാം ഖാദിർ ഒരിക്കലും തിരിച്ചുവരാത്ത ശഹാദത്തിന്റെ സ്വർഗ്ഗീയ രാജ്യത്തെക്കാണ് പോകുന്നതെന്ന് ആ സ്നേഹമയിയായ ഭർത്തൃമതി അറിഞ്ഞില്ല.

സ്കൂളിൽ കുട്ടികളെ ഏല്പിച്ചതിനുശേഷം ഗുലാം ഖാദിർ പിതാവിന്റെ വീട്ടിലെത്തി. സമയം 8 മണി. തന്റെ പിതാവിന്റെ കൃഷിയിടത്തിൽ പോകാൻ കാർ എടുക്കാനെത്തിയതായിരുന്നു അദ്ദേഹം. പിതാവ് ഓഫീസിൽ പോകുന്നതിന് മുമ്പേ തിരിച്ചെത്താമെന്ന് മാതാവിനോട് പറഞ്ഞു. ഗുലാം ഖാദിർ പിതാവിന്റെ കൃഷിയിടത്തിലേക്ക് പോയി. വന്ദ്യമാതാവിനോടുള്ള ആ വിടചൊല്ലൽ തന്റെ ബലിദാനം കൊണ്ട് ആ വിശുദ്ധ മാതാവിനെ വീരമാതൃ

ത്വത്തിന്റെ സോപാനങ്ങളിലെത്തിക്കാനുള്ള പുത്രന്റെ പുറപ്പാടായിരുന്നുവെന്ന് ആ മഹതീരത്നവും അറിഞ്ഞില്ല. പിതാവിന്റെ കൃഷിയിടം റബ്വയിൽ നിന്നും പത്തു മിനുട്ട് ഡ്രൈവ് ചെയ്യുന്ന ദൂരത്തായിരുന്നു. റബ്വയുടെ കിഴക്ക് ഭാഗത്ത് മന്ദമായൊഴുകുന്ന ചീനാബ് നദിക്കരികെയായിരുന്നു ആ തോട്ടം. പിതാവിന്റെ പച്ചക്കാറിൽ കൃഷയിടത്തിൽ വന്നിറങ്ങിയ ഗുലാം ഖാദിറിനെ കാത്ത് ഘാതകരായ കശ്മലന്മാർ കാത്തുനിൽക്കുന്നുണ്ടായിരുന്നു. തോട്ടം പാട്ടത്തിനെടുക്കാനെന്ന വ്യാജേന അവർ ഗുലാം ഖാദിറിനെ സമീപിച്ചു. നിഷ്കളങ്കനായ ഗുലാം ഖാദിർ പിതാവിന്റെ തോട്ടം പാട്ടത്തിനു നൽകിക്കഴിഞ്ഞുവെന്നും തന്റെ മാതുലന്റെ തോട്ടം ലഭ്യമാണെന്നും പറഞ്ഞ് വേഷം മാറിയ ഭീകരരെയും കൂട്ടി ചീനിയോട്ട പട്ടണത്തെ ലക്ഷ്യമാക്കി കാർ ഡ്രൈവ് ചെയ്തു.

## ഗുലാം ഖാദിർ ഭീകരരുടെ പിടിയിൽ

ഗുലാം ഖാദിറിനെ ഭീകരർ തന്ത്രപൂർവ്വം ആയുധങ്ങൾ നിറച്ച തങ്ങളുടെ കാറിൽ കയറ്റുകയും അദ്ദേഹത്തിന്റെ കാർ ഭീകരർ ഓടിക്കുകയാണ് ചെയ്തത്. ആത്മീയ വിശുദ്ധിയുടെ നിർമ്മലതയിൽ വളർന്ന ആ തരളിത യൗവനം ചെന്നായ്ക്കളെ പോലെ ഹീനമാർന്ന ഭീകരരുടെ കൈയ്യിലമരുകയായിരുന്നു. ഭീകരരുടെ ഗൂഢോദ്ദേശ്യം വളരെ ആസൂത്രിത്മായിരുന്നു. ആയുധം നിറച്ച അവരുടെ വാഹനത്തിൽ ഗുലാം ഖാദിറിനെ കയറ്റി ശിയാക്കളുടെ യോഗസ്ഥലത്തേക്ക് ഇടിച്ച് കയറ്റി സ്ഫോടനമുണ്ടാക്കുകയായിരന്നു അവരുടെ ലക്ഷ്യം. ഈ ഗൂഢ പദ്ധതി മുഖേന അവരുടെ ഭീകരപ്രവർത്തനത്തിൽ കരുവാക്കി ജമാഅത്തിനെതിരെ ആഞ്ഞടിക്കുക എന്ന വളരെ ഭീകരമായ ഒരു ഗൂഢാലോചനയായിരുന്നു അതിനു പിന്നിൽ.

കാർ ചിനാബ് എന്ന ഭീകരരുടെ ലക്ഷ്യസ്ഥാനത്തേക്ക് കുതിക്കുകയായിരുന്നു. ഈ ഗൂഢാലോചന മനസ്സിലാക്കിയ ബുദ്ധിമാനായ ഗുലാം ഖാദിർ അഹ്മദിയ്യാ ജമാഅത്തിനെ കരുവാക്കിക്കൊണ്ടുള്ള ഭീകരരുടെ ഈ തീക്കളിയിൽ നിന്നും ജമാഅത്തിനെ രക്ഷിക്കാൻ തീരുമാനിച്ചുറച്ചു. പാക്കിസ്ഥാൻ എന്ന ഭീകരവാദികളുടെ വിളയാട്ടുഭൂമിയിൽ അഹ്മദികൾക്കെതിരെ ഏത് അപസർപ്പകമായ ഭീകരപദ്ധതിയും നിർവിഘ്നം നടപ്പാക്കാമായിരുന്നു. തന്റെ ബലിദാനം കൊണ്ട് മാത്രമേ ഈ ഹീന ഗൂഢാലോചനയിൽ നിന്നും ജമാഅത്തിനെ രക്ഷിക്കാനാവുമെന്ന് ഗുലാം ഖാദിർ ഓടികൊണ്ടിരിക്കുന്ന വാഹനത്തിൽ നിന്നും മനസ്സിലാക്കി. വാഗ്ദത്ത മസീഹിന്റെ വിശുദ്ധ രക്തം സിരകളിലൊഴുകുന്ന ആ ധീരയുവാവിന്റെ ഹൃദയത്തിൽ ജമാഅത്തിന്റെ ഐതിഹാസികമായ മുന്നേറ്റപാതയിൽ വീരമൃത്യു വരിച്ച ശുഹദാക്കന്മാരുടെ ധീരസ്മരണകൾ മിന്നിമറഞ്ഞിട്ടുണ്ടാവണം. കാബൂൾ ഭൂമിയിൽ ഹോമിക്കപ്പെട്ട അനശ്വര രക്തസാക്ഷി ശഹീദ് സാഹിബ് സാദാ അബ്ദുൾലത്തീഫ്, ശഹീദ് അബ്ദുറഹ്മാൻ സാഹിബ് അങ്ങനെ നൂറുക്കണക്കിന് രക്തസാക്ഷികൾ ആ യുവഹൃദയത്തെ കോരിത്തരിപ്പിച്ചുണ്ടാവണം.

ഖുലാം ഖാദിറിനരികെ നിവർത്തിപ്പിടിച്ച കഠാരിയുമായി ഭീകരർ ഇരുന്നുകൊണ്ടായിരുന്നു ആ യാത്ര. യാത്രയിലുടനീളം കഠിനമായ മർദ്ദനമേൽപ്പിച്ച് ആ യുവഗാത്രത്തെ ഭീകരർ പീഡിപ്പിച്ചിരുന്നുവെങ്കിലും അഹ്മദിയ്യത്തിന്റെ ആ കർമ്മഭടൻ തളർന്നില്ല. അദ്ദേഹം കാറിൽ നിന്നും എടുത്തുചാടാൻ തീരുമാനിച്ചു. കാർ അതീശീഘ്രം ഭീകരുടെ ലക്ഷ്യസ്ഥാനത്തേക്ക് കുതിക്കുന്നു. – ചീനാബ് നദിക്ക് കടന്നുവേണം ചീനാബ് പട്ടണത്തിലെത്തിച്ചേരാൻ – നദിക്ക് രണ്ട് പാലങ്ങളുണ്ടായിരുന്നതിൽ ഒരെണ്ണം റബ്വയുടെ പടിഞ്ഞാറ് ഭാഗത്തും മറ്റൊന്ന് ചീനാബിന്റെ കിഴക്കുഭാഗത്തും. പാലത്തിലൂടെയുള്ള ഗതാഗതം പൊടുന്നനെ തടസ്സപ്പെട്ടു. കാറിൽ നിന്നു ജീവൻ തൃണവൽഗണിച്ച് ആ യുവകേസരി റോഡിലേക്ക് എടുത്തു ചാടി. കാറിലുണ്ടായിരുന്ന ഇസ്‌ലാമിക ഭീകരവാദികളായ കാട്ടുമൃഗങ്ങൾ ഖാദിറിന്റെ തിരുശരീരത്തിലേക്ക് നിറയൊഴിച്ചു.

## ഭീകരർ രക്ഷപ്പെടുന്നു

ഗുരുതരാവസ്ഥയിൽ രക്തത്തിൽ കുളിച്ചു വെടിയേറ്റ് കിടക്കുന്ന ഗുലാം ഖാദിറിനെ കണ്ട ഒരു മോട്ടോർ സൈക്കിൾ യാത്രക്കാരൻ ഖാദിറിന്റെ കാർ ഡ്രൈവ് ചെയ്തിരുന്ന ഭീകരനോട് മുറിവേറ്റ ഖാദിറിനെ ആശുപത്രിയിലെത്തിക്കാൻ ഉച്ചത്തിൽ വിളിച്ചുപറഞ്ഞുകൊണ്ടിരുന്നു. ഭീകരൻ കാറിൽ നിന്നിറങ്ങി മറ്റ് ഭീകരുടെ കാറിൽ കയറിയപ്പോഴേക്കും ഗതാഗതക്കുരുക്ക് ഒഴിവായി കശ്മലന്മാർ പെട്ടെന്നു കാറുമായി അപ്രത്യക്ഷമായി. ഉടനെതന്നെ ഒരു ബസ് വന്നു. ബസ്സിന്റെ ഡ്രൈവറുടെ സഹായത്താൽ അപരിചിതർ ഖാദിറിനെ ഒരുവിധത്തിൽ ബസിൽ കയറ്റി. ഗുലാം ഖാദിറിന് കത്തിക്കൊണ്ട് ഏറ്റ മുറിവിൽ നിന്നും രക്തം വാർന്നൊഴുകിക്കൊണ്ടിരുന്നു. ഖാദിർ സ്വന്തം കൈകൊണ്ട് മുറിവ് അമർത്തിപ്പിടിച്ചു. മരണത്തോട് മല്ലിട്ട് നിൽക്കുന്ന ഖാദിറിന്റെ ഉള്ളിൽ നിന്നും വേദന കൊണ്ടുള്ള കരച്ചിലോ, ഞരക്കമോ ഉണ്ടായിരുന്നില്ല. ആശുപത്രിയിലെത്തിയ ഉടനെ ഖാദിർ അധികൃതർക്ക് പിതാവിന്റെ പേരും ഫോൺ നമ്പറും നൽകി പിതാവിനോട് ഡോക്ടർ മുബശ്ശിറുമായി കഴിയുന്നത്ര വേഗത്തിൽ എത്തിച്ചേരാൻ അപേക്ഷിച്ചു.

രാവിലെ 9 മണിയ്ക്കായിരുന്നു ഈ വാർത്ത പിതാവിന്റെ വീട്ടിൽ അറിയുന്നത്. അവർ തിടുക്കത്തിൽത്തന്നെ ആശുപത്രിയിലേയ്ക്ക് പുറപ്പെടണം. ഭാഗ്യവശാൽ ഖാദിറിന്റെ മൂത്ത സഹോദരിയും ഭർത്താവും ഝലമിൽ നിന്നും വന്നിരുന്നു. ഇവരുടെ കാറിലായിരുന്നു മാതാപിതാക്കളും സഹോദരിയും ഭർത്താവ് മിർസാ നസീർ അഹ്മദും ചിനിയോട്ടിലെ ആശുപത്രിയിലേയ്ക്ക് പുറപ്പെട്ടത്. ചിനിയോട് റബ്വയിൽ നിന്നും ആറ് മൈൽ ദൂരെ കിഴക്ക് ഭാഗത്ത് സ്ഥിതി ചെയ്യുന്ന ഒരു ചെറിയ പട്ടണമാണ്. യാത്ര കേവലം ആറ് മൈൽ മാത്രമായിരുന്നെങ്കിലും ദശലക്ഷം മൈലു

വിക വിധിയിൽ തൃപ്തിപ്പെട്ട് നിശ്ശബ്ദയായിരിക്കുന്നു. അവരുടെ ചുണ്ടുകൾ നിതാന്തമൗനം പാലിച്ചു. അവരുടെ കണ്ണുകൾ വെള്ളമില്ലാത്ത അരുവിപോലെ വറ്റിവരണ്ടിരുന്നു.

ഗുലാം ഖാദിർ റബ്വയിൽ എല്ലാവർക്കും സുപരിചിതനും പ്രശസ്തനുമായിരുന്നു. ഗുലാം ഖാദിറിന്റെ തട്ടികൊണ്ടുപോകൽ വാർത്ത കാട്ടുതീ പോലെ പരന്നു. റബ്വാ പട്ടണം മുഴുവൻ പരിഭ്രാന്തി പുകയ്ക്കുക്കയായിരുന്നു. അഹ്മദികൾക്കെതിരെ മർദ്ദനങ്ങളുടെയും ഭേദ്യങ്ങളുടെയും പീഡനങ്ങളുടേയും വാർത്ത പാക്കിസ്ഥാനിൽ സർവ്വസാധാരണമാണ്. അവർക്കെതിരെ ശത്രുക്കൾ അഴിച്ചുവിടുന്ന മർദ്ദനങ്ങൾക്ക് കയ്യും കണക്കുമില്ല. എന്നാൽ ഗുലാം ഖാദിറിന്റെ ശഹാദത്ത് വാർത്ത കേട്ട റബ്വാ നിവാസികൾ ഇടിവെട്ടേറ്റത് പോലെയായിരുന്നു. മസീഹ് മൗഊദ്(അ) തങ്ങളുടെ കുടുംബത്തിലെ ഒരു ഉജ്ജ്വലതാരത്തെ ശത്രുക്കൾ ക്രൂരമായി ശഹീദാക്കിയിരിക്കുന്നു. അഹ്മദികൾക്ക് ഹസ്രത്ത് മസീഹ് മൗഊദിനോടും കുടുംബാംഗങ്ങളോടുമുള്ള സ്നേഹബന്ധം വാക്കുകളിൽ വിവരിക്കുക പ്രയാസമാണ്. അവരുടെ ഹൃദയങ്ങൾ കഠിനവേദനയിൽ വിങ്ങിപ്പൊട്ടി. (തുടരും) ■

കൾക്കപ്പുറമാണെന്ന് അവർക്ക് തോന്നി. ഗുലാം ഖാദിറിന്റെ വീര മാതാവിന്റെ ഹൃദയം പ്രാർത്ഥനയാൽ വിങ്ങിപ്പൊട്ടി. അവർ അല്ലാഹുവിനോട് യാചിച്ചു. അല്ലാഹുവേ! ഇത് നിന്റെ വിധിയിൽപ്പെട്ടതാണെങ്കിലും നീ ഈ വിധിയെ മാറ്റേണമേ. സർവ്വചരാചരങ്ങളുടേയും യജമാനൻ നീ തന്നെയാണല്ലോ. നീ ഈ വിധി മാറ്റിയാലും നൊന്തുപെറ്റ മാതൃഹൃദം വേദനയാൽ വിതുമ്പിക്കരഞ്ഞു.

ഹോസ്പിറ്റലിൽ നിന്നും മാതാപിതാക്കളെ ഡോക്ടർ മുബശ്ശിർ വീട്ടിലേയ്ക്ക് തിരിച്ചയച്ചു. ഗുലാം ഖാദിറിന്റെ തിരുശരീരം നിശ്ചേതനമായി കഴിഞ്ഞിരുന്നു. ശഹാദത്തിന്റെ തിരുവസ്ത്രങ്ങളണിയിച്ച് മാലാഖമാർ ആ പരിശുദ്ധാത്മാവിനെ അല്ലാഹുവിന്റെ തിരുസന്നിധിയിലേക്ക് കൊണ്ടുപോയി. ഗുലാം ഖാദിർ! അങ്ങ് മരിച്ചിട്ടില്ല. താങ്കൾ അനശ്വരനായ രക്തസാക്ഷിയാവുകയാണ് ചെയ്തത്. പരിപാവനമായ അഹ്മദിയ്യാ പ്രസ്ഥാനത്തിലെ രക്തതാരകമായി ആത്മീയ വിഹായസ്സിലേക്കുയർന്നു. ഞങ്ങളുടെ ആത്മീയ പ്രചോദനമാണ് അങ്ങ്.

മകന്റെ മരണവാർത്തയറിഞ്ഞ ദുഃഖപാരവശ്യത്താൽ ആ മാതൃഹൃദയം തകർന്നുപോയി. കാറിൽ തികച്ചും ദൈ

*(12 -ാം പേജിൽ നിന്ന് തുടർച്ച)*

ല്ലോ. ഇത്തരം ചോദ്യത്തിന് ഉത്തരമായിക്കൊണ്ട് പറയാനുള്ളതിതാണ്: പഴയകാലത്ത് ചോദിച്ച ചോദ്യങ്ങളല്ലാതെ ഈ ചോദ്യങ്ങളിൽ പുതുതായൊന്നുമില്ല. പഴയകാലത്തെ പ്രവാചകന്മാരോടും ഇത്തരം ചോദ്യങ്ങൾ ഉന്നയിക്കപ്പെട്ടിട്ടുണ്ടായിരുന്നു.

"ഒരു നാട്ടിലും അതിലെ ജനങ്ങളെ കഷ്ടപ്പാടും ദുരിതവും കൊണ്ട് നാം പിടികൂടിയിട്ടല്ലാതെ ഒരു പ്രവാചകനെയും നാം അയച്ചിട്ടില്ല. അവർ വിനയം കാണിക്കുന്നതിന് വേണ്ടി." പിന്നീട് നാം ആ ദുരിതാവസ്ഥയെ മാറ്റി തൽസ്ഥാനത്ത് സുഖകരമായ അവസ്ഥ നൽകി. അങ്ങനെ അവർ പുരോഗതി (എണ്ണത്തിലും വണ്ണത്തിലും) പ്രാപിച്ചു. അവൻ ഇങ്ങനെ പറഞ്ഞു: 'ഞങ്ങളുടെ പൂർവ്വപിതാക്കൾക്കും ദുഃഖവും സുഖവു അനുഭവപ്പെട്ടിട്ടുണ്ട്. (അത് ഞങ്ങൾക്കും അനുഭവപ്പെട്ടാൽ അതിലെന്താണ് കാര്യം') അതിനാൽ, അവർ അറിയാത്ത നിലയിൽ പെട്ടെന്ന് നാം അവരെ പിടിച്ച് ശിക്ഷിച്ചു" (7:95-90)

ഇതൊന്നും ഒരു പുതിയ കാര്യമല്ല. പണ്ടുകാലം മുതൽക്കേ ആളുകൾ ഇങ്ങനെ പറയാറുണ്ട്. ഒരു കാര്യം ദൈവികമായ ഇടപെടൽകൊണ്ടാണ് സംഭവിച്ചതെന്നും മറ്റേത് ഒരു സാധാരണ സംഭവമാണെന്നും വ്യക്തമായ അടയാളങ്ങളോടെ പറയാൻ സാധിക്കാത്തിടത്തോളം ഇത് ബോദ്ധ്യമാവാതെ വരും. രക്ഷാശിക്ഷകളുടെ ഈ രണ്ടും കാര്യങ്ങളും പ്രകൃതിയുടെ കാര്യകാരണബന്ധത്തിൽ നിന്ന് ഉടലെടുക്കുന്നതാണ്. അതുകൊണ്ട് നമുക്ക് ഒരാളുടെ ഹൃദയത്തേയും മനസ്സിനേയും തൃപ്തിപ്പെടുത്താൻ കഴിയുന്ന രീതിയിൽ ഉത്തരം പറയാൻ കഴിയണം. അതുവരെ ഈ വിഷയം തീർച്ചയായും അപൂർണമായിക്കിടക്കും.

നാം ഫറോവയുടെ മുങ്ങലിനെക്കുറിച്ച് പരാമർശിക്കുകയുണ്ടായി. അത് എണ്ണമറ്റ മറ്റു മുങ്ങലുകളിൽ നിന്നു വേറിട്ടുനിൽക്കുന്നു. അതിനേക്കാളുപരിയായി ഫിർഔൻ മുങ്ങിയതിൽ തീർച്ചയായും ഖുർആന്റെ ഒരു പ്രവചനത്തിലെ പുലർച്ച കൂടിയുണ്ട്. അതായത്, ഫറോവയുടെ ശരീരം കാലത്തിന്റെ കുഴച്ചുമറിച്ചിലിനിടയിലും സംരക്ഷിക്കപ്പെടുന്നതായിരിക്കും എന്നതാണ് ആ പ്രവചനം. ആയിരക്കണക്കിന് വർഷങ്ങൾക്ക് ശേഷവും മാനവരാശിക്ക് താക്കീതും ഗുണപാഠവുമായി ഖുർആന്റെ ആ പ്രവചനം നിലകൊള്ളുന്നു. ദൈവിക ശിക്ഷ എന്ന നിലക്ക് ശക്തമായ ഒരു തെളിവായി ഇത് ഖുർആൻ അവതരിപ്പിക്കുന്നു.

കാര്യം ഇവിടെയും അവസാനിക്കുന്നില്ല. വിശുദ്ധ ഖുർആൻ അതിന്റെ വാദത്തിലേക്ക് ഉപോൽബലകമായി ഇത്തരത്തിലുള്ള അസന്നിഗ്ധവും സുവ്യക്തവുമായ തെളിവുകളാണ് എല്ലായ്പ്പോഴും സമർപ്പിക്കുന്നത്. നിഷ്പക്ഷമതികളെ ഇത് തൃപ്തിപ്പെടുത്തുന്നു.

ഒരുവീക്ഷണകോണിൽക്കൂടി നോക്കുമ്പോൾ ദൈവികശിക്ഷ പ്രകൃതി നിയമങ്ങളുമായി ബന്ധപ്പെട്ടതാണ്. എന്നാൽ മറ്റു ചില പ്രത്യേക ചുമതലക്കുള്ള മലക്കുകൾ ഈ നിയമങ്ങളെ മറ്റൊരി രീതിയിലും മറ്റൊരു തരത്തിലുമാണ് സമീപിക്കുന്നത്.

(അധികവായനക്ക് Natural Disaster or Divine Punishment എന്ന ലേഖനകർത്താവിന്റെ ലേഖനപരമ്പര വായിക്കുക. 1976-ൽ അൽ ഫുർഖാനിലും 1994-ൽ Review of Reli gions ലും ഈ ലേഖന പരമ്പര പ്രസിദ്ധീകരിച്ചിട്ടുണ്ട്.) ■

ലേഖനം

ജൂത ജനതയുടെ ചരിത്രം – 3.

# നവോത്ഥാനവും ഹസ്കലാത്തും

ഏ. എം. മുഹമ്മദ് സലീം

**യൂറോപ്പിലുണ്ടായ നവോത്ഥാനത്തിന് സമാന്തരമായി യഹൂദ സമുദായത്തിലുണ്ടായ ഉണർവ്വായിരുന്നു ഹസ്കലാത്ത്. ഈ രണ്ട് സാമൂഹ്യ പ്രതിഭാസങ്ങളും യൂറോപ്പിലെ യഹൂദ വിമോചനത്തിന് വേദിയൊരുക്കി.**

മുസ്ലിംകൾ സ്പെയിൻ ഭരിച്ചിരുന്നപ്പോൾ അവിടെ സമൂഹത്തിന്റെ മുഖ്യ ധാരയിൽ പ്രതാപത്തോടെയായിരുന്നു യഹൂദികൾ കഴിഞ്ഞിരുന്നത് എന്നു പറഞ്ഞുവല്ലോ. സ്പെയിൻ ക്രിസ്ത്യാനികളുടെ പിടിയിലമർന്നപ്പോൾ അവിടെ നിന്നും ആട്ടിയോടിക്കപ്പെട്ട യഹൂദികൾ യൂറോപ്പിലെ നാനാദേശങ്ങളിലേക്കും കുടിയേറിപ്പാർത്തു. യൂറോപ്പിലെ എല്ലാരാജ്യങ്ങളിലും യഹൂദികളെ ആട്ടിയകറ്റുകയും പിന്നീട് കച്ചവടസംബന്ധമായും പണസംബന്ധമായും അവരുടെ താൽപര്യങ്ങൾക്ക് വേണ്ടി സ്വീകരിക്കുകയും ചെയ്യുന്ന പ്രതിഭാസം ദൃശ്യമായിരുന്നു. സ്പെയിനിലെ ക്രിസ്ത്യാനികളുടെ യഹൂദവേട്ട പേടിച്ച് ഒരു വിഭാഗം യഹൂദികൾ ക്രിസ്തുമതം സ്വീകരിച്ചെങ്കിലും പരിവർത്തിത ജൂതന്മാരെ പോലും സ്പെയിനിൽ നിന്നും നാടുകടത്തുകയാണുണ്ടായത്.

ക്രിസ്തുമതം സ്വീകരിച്ച യഹൂദികൾ മെറാനോ (Marranos) എന്നാണ് അറിയപ്പെട്ടിരുന്നത്. ഇറ്റാലിയൻ ഭാഷയിൽ 'പന്നി' എന്നാണ് ആ പദത്തിന്റെ അർത്ഥം. ക്രിസ്തുമതത്തിലേക്ക് പരിവർത്തിതരായ യഹൂദികളും അവരുടെ ദുർവിധിയോർത്ത് സ്വയം മൊറാനോ ക്രിസ്ത്യാനികൾ എന്നായിരുന്നു വിളിച്ചിരുന്നത്. ഈ മെറാനോകളാകട്ടെ രഹസ്യത്തിൽ ജൂതമതം ആചരിച്ചിരുന്ന ക്രിപ്റ്റോ ജൂതന്മാർ (Crypto Jews) ആയിരുന്നു. മെറാനോകൾ ക്രിസ്ത്യാനികൾ എന്ന നിലയിൽ ക്രിസ്തീയ സ്പെയിനിൽ ഉന്നതസ്ഥാനങ്ങൾ അലങ്കരിച്ചു. ബാങ്കിംങ്ങ് വാണിജ്യരംഗങ്ങളിൽ മാത്രമല്ല രാജകീയ കുടുംബങ്ങളിൽ വിവാഹബന്ധം സ്ഥാപിക്കുകയും ക്രിസ്ത്രീയ സഭകളിൽ ബിഷപ്പുമാരും വൈദികരുമായി അവർ നിയമിക്കപ്പെടുകയും ചെയ്തു. ഇത് ക്രിസ്തീയർക്കിടയിൽ തന്നെ വമ്പിച്ച എതിർപ്പുകൾക്ക് കാരണമായി. യഹൂദർക്കെതിരെ പകയും വിദ്വേഷവും അസഹിഷ്ണുതയും പതഞ്ഞുപൊങ്ങി. ക്രിസ്ത്യാനികൾ മെറാനോ പ്രശ്നം ഒരു വലിയ വിവാദമാക്കി. രഹസ്യത്തിൽ യഹൂദമതം ആചരിക്കുന്ന മെറാനോകൾ ക്രിസ്തുമതത്തെ തുരങ്കംവെക്കാൻ ഗൂഢാലോചന നടത്തുന്നവരാണെന്ന ആരോപണം കൊടുമ്പിരിക്കൊണ്ടു. 1482–ൽ സ്പാനിഷ് ചർച്ച് മൊറോനോകളുടെ വേദവിപരീതം (Heresy) കണ്ടെത്താൻ തോമസ് ടൊർക്കുമാട എന്ന വൈദിക പ്രമുഖനെ ഇൻക്വിസിഷൻ (മതവിചാരണ) ചെയ്യാനുള്ള അധികാരം നൽകി നിയോഗിച്ചു. നിരവധി യഹൂദികളെ യമപുരിക്കയച്ചുകൊണ്ട് ടൊർക്കുമാട ക്രിസ്തുമതത്തെ ശുദ്ധീകരിച്ചു. ബാക്കിയുള്ള മെറാനോകളും അല്ലാത്തവരുമായ യഹൂദരെ സ്പെയിനിൽ നിന്നും പുറത്താക്കാൻ പോപ്പിനോട് അഭ്യർത്ഥിക്കുകയും ചെയ്തു. പക്ഷേ പോപ്പ് ഈ അഭ്യർത്ഥന ചെവിക്കൊണ്ടില്ല. അതിനുശേഷം സ്പെയിനിലെ ഭരണാധികാരിയായ ഇസബെല്ലാ രാജ്ഞിയേയും ഫെർഡിനാൻഡ് രാജാവിനേയും സമീപിച്ച് ടെർക്കുമാട യഹൂദികളെ പുറത്താക്കാനുള്ള അഭ്യർത്ഥന നടത്തി. ഇസബെല്ലയുടെ കുമ്പസാരം സ്വീക

രിക്കുന്ന വൈദികനായിരുന്ന ടൊർക്കുമാട. ആ നിലക്ക് കൊട്ടാരവൃത്തങ്ങളിൽ അസാമാന്യ സ്വാധീനവും പേപ്പൽ അധികാരവും അദ്ദേഹത്തിന് ഉണ്ടായിരുന്നു. ടൊർക്കുമാടയുടെ അഭ്യർത്ഥനപ്രകാരം യഹൂദികളെ പുറത്താക്കാനുള്ള ഉത്തരവിറക്കിയെങ്കിലും ഇസബെല്ല അത് നടപ്പാക്കിയില്ല. അതിന് കാരണം ഇസബെല്ലാ രാജ്ഞിയുമായി അബ്രഹാം സീനിയർ എന്ന ഒരു യഹൂദ പ്രമാണിക്കുണ്ടായിരുന്ന അടുപ്പമായിരുന്നു. അബ്രഹാം സീനിയറായിരുന്ന ഇസബെല്ലായും ഫെർഡിനാന്റുമായുള്ള വിവാഹം ഏർപ്പാടാക്കിയത്. അവസാനം ടൊർക്കുമാടയുടെ അന്യാദൃശമായ ഇച്ഛാശക്തിക്കുമുമ്പിൽ ഇസബെല്ല മുട്ടുമടക്കുകയായിരുന്നു. ഇത് സംബന്ധിച്ച് രസകരമായൊരു കഥയുണ്ട്.

സ്പെയിനിൽ നിന്നും യഹൂദരെ പുറത്താക്കാനുള്ള ഉത്തരവ് ഇറക്കിയപ്പോൾ സ്പെയിനിലെ ധനമന്ത്രിയും പുരോഹിതനുമായ ഡോൺ ഇസ്ഹാഖ് അബ്റവേനൽ എന്ന യഹൂദൻ ഇസബെല്ലയെ രഹസ്യത്തിൽ സമീപിച്ചു. പ്രസ്തുത ഉത്തരവ് പിൻവലിച്ചാൽ വൻതോതിൽ സ്വർണ്ണം നൽകാമെന്ന് വാഗ്ദാനം ചെയ്തു. ഈ രഹസ്യസംഭാഷണം കൊട്ടാരത്തിലെ ഒരു മുറിക്കകത്ത് വെച്ചു നടക്കുമ്പോൾ ഇത് മണത്തറിഞ്ഞ ടൊർക്കുമാട കൈയ്യിൽ ഒരു കുരിശുമായി മുറിയുടെ വാതിൽ തള്ളിത്തുറന്ന് പ്രവേശിക്കുകയും കൈയ്യിലുണ്ടായിരുന്ന കുരിശ് ഉയർത്തി ഇപ്രകാരം അട്ടഹസിക്കുകയും ചെയ്തു. 'മുപ്പത് വെള്ളിക്കാശിന് രക്ഷകനെ ഒറ്റിക്കൊടുത്ത ജൂദാസിനെ ഓർക്കുക. നിങ്ങൾ ഈ യഹൂദരുമായി രഹസ്യക്കരാറിൽ ഏർപ്പെടുകയാണെങ്കിൽ രക്ഷകനായ യേശുവിനെ അല്പം നാണയതുട്ടുകൾക്ക് വിൽക്കുകയാണെന്നോർക്കുക!' പേടിച്ചുവിറച്ച ഇസബെല്ല യഹൂദികളെ സ്പെയിനിൽ നിന്നും പുറത്താക്കാനുള്ള ഉത്തരവ് ഉടൻ നടപ്പാക്കുകയാണുണ്ടായത്.

സ്പെയിനിൽ അവശേഷിച്ച ഒന്നരലക്ഷം ജൂതന്മാർ ഇസ്ഹാക്ക് അബ്രവേനലിന്റെ നേതൃത്വത്തിൽ പുറത്തുപോയി. തുർക്കി നോർത്ത് ആഫ്രിക്ക, ഈജിപ്ത്, ഫ്രാൻസ്, പോളണ്ട്, ഇറ്റലി, അമേരിക്ക യൂറോപ്പിന്റെ വിവിധ ഭാഗങ്ങൾ എന്നിവിടങ്ങളിൽ അധിവാസമുറപ്പിച്ചു. തുർക്കി സാമ്രാജ്യത്തിനുകീഴിലും നോർത്ത് ആഫ്രിക്കയിലും ഈജിപ്തിലും യഹൂദികൾക്ക് യാതൊരു വിവേചനവും പീഡനങ്ങളും അനുഭവപ്പെട്ടിരുന്നില്ല. യൂറോപ്പ് വീണ്ടും പീഡനങ്ങളുടെ അവസാനിക്കാത്ത അമാവാസികളാണ് യഹൂദർക്ക് സമ്മാനിച്ചത്.

ഇംഗ്ലീഷ് സാഹിത്യത്തിൽ എലിസബത്തൻ കാലഘട്ടത്തിലെ അനശ്വരകവി വില്യം ഷേക്സ്പിയർ ഈ ക്രൈസ്തവ യഹൂദ ശാത്രവത്തെ വെനീസിലെ വ്യാപാരി (Merchant of Venice) എന്ന നാടകത്തിൽ ആവിഷ്കരിച്ചിട്ടുണ്ട്.

ക്രിസ്ത്യാനിയും മാന്യനുമായ അന്റോണിയോയെ നായകസ്ഥാനത്തും പലിശ വ്യാപാരിയും, ക്രിസ്ത്യാനികളോട് കുടിപ്പകയുമായി കഴിയുന്ന ശൈലോക്ക് എന്ന ജൂത കഥാപാത്രം പ്രതിനായകനുമാണ് ഈ നാടകത്തിൽ. ബൊസാനിയോ എന്ന സ്നേഹിതന് വേണ്ടി കടം വാങ്ങുന്ന ക്രിസ്ത്യാനിയായ അന്റോണിയോ തിരിച്ചടക്കുന്നതിൽ പരാജയപ്പെട്ടാൽ നെഞ്ചിൽ നിന്നും ഒരു മാംസകഷ്ണം മുറിച്ചെടുക്കും എന്നായിരുന്നു കരാർ. പണം തിരിച്ചടക്കുന്നതിൽ പരാജയപ്പെട്ട അന്റോണിയോ നാടകീയമായി രക്ഷപ്പെടുന്നതാണ് 'മർച്ചൻറ് ഓഫ് വെനീസിലെ' ഇതിവൃത്തം. ജൂതന്മാർക്ക് ക്രിസ്ത്യാനികളോടുള്ള വെറുപ്പും വിദ്വേഷവുമാണ് ഈ നാടകത്തിന്റെ പശ്ചാത്തലം. അതിലെ ഒരു സംഭാഷണശകലം ഇങ്ങനെയാണ്.

Bassanio : If it please you dine with us.

Shylock : Yes, to smell pork; to eat of the habitation which your prophet the Nazarite conjured the devil into. I will buy with you, sell with you, talk with you and so following, but I will not eat with you, drink with you, nor pray with you.......

I hate him for he is a Christian.

***ബസ്സാനിയോ*** *(അന്റോണിയോയുടെ സ്നേഹിതൻ):*

*താങ്കൾ ഇഷ്ടപ്പെടുമെങ്കിൽ ഞങ്ങളുടെ കൂടെ ഭക്ഷണം കഴിച്ചാലും.*

***ശൈലോക്ക് :*** *അതേ, പന്നിയുടെ നാറ്റം സഹിക്കാൻ; പന്നിക്കൂട്ടത്തിലേക്ക് പിശാചിനെ ആവാഹിച്ച നിന്റെ നസ്രേത്തുകാരനായ പ്രവാചകന്റെ (യേശു) പ്രദേശത്തെ തീറ്റ; ഞാൻ നിന്നോടൊപ്പം വാങ്ങും, വിൽക്കും, സംസാരിക്കും. അതുപോലെയെല്ലാം ചെയ്യാം. എന്നാൽ ഞാൻ നിന്നോടൊപ്പം തിന്നില്ല. കുടിക്കില്ല, പ്രാർത്ഥിക്കുകയുമില്ല....*

*.... ഒരു ക്രിസ്ത്യാനിയായതിനാൽ ഞാൻ അവനെ (അന്റോണിയോയെ) വെറുക്കുന്നു.*

യഹൂദർക്ക് ക്രിസ്ത്യാനികളോടുള്ള പകയും ക്രിസ്ത്യാനികളോടുള്ള മതപരമായ മുൻവിധിയും ഈ സംഭാഷണത്തിൽ കാണാം. യേശു ഗദറായരുടെ ദേശത്തെത്തിയപ്പോൾ പിശാച് ബാധിച്ച രണ്ടുപേരെ കാണുകയും അവരുടെ ദേഹത്തുള്ള പിശാചിനെ അടുത്തുള്ള പന്നികൂട്ടത്തിലേക്ക് ആവാഹിച്ചയക്കുകയും ചെയ്ത സംഭവം ബൈബിൾ പുതിയനിയമം മത്തായി 8:29–32ൽ കാണാം. പന്നിയെ നിഷിദ്ധ വസ്തുവായി കാണുന്ന യഹൂദനായ ശൈലോക്ക് യേശു പന്നിയെ തിന്നുകയും അത് വളർത്തുന്ന ദേശത്ത് വസിക്കുകയും ചെയ്യുന്നവനാണെന്ന് ധ്വനിപ്പിച്ചുകൊണ്ട് ക്രിസ്ത്യാനിയായ അന്റോണിയോവിനേയും ബസാനിയോവിനേയും ക്രൂരമായി പരിഹസിക്കുകയാണ്. ക്രിസ്ത്യാനിയായതിനാൽ മാത്രം അവരെ വെറുക്കുന്ന യഹൂദമനസ്സിനേയാണ് ഷേക്സ്പിയർ ഇവിടെ തുറന്നു കാട്ടുന്നത്.

## യഹൂദപീഡകരായ പേപ്പസിയുടെ വളർച്ച

പുരാതന റോമാസാമ്രാജ്യത്തിന്റെ തകർച്ച യൂറോപ്പിൽ ഒരു രാഷ്ട്രീയ ശൂന്യത സൃഷ്ടിച്ചിരുന്നു. ആ ശൂന്യത നികത്തിക്കൊണ്ടാണ് ക്രിസ്തുമതം ഒരു രാഷ്ട്രീയശക്തിയായി യൂറോപ്പിൽ ഉയർന്നുവന്നത്. കോൺസ്റ്റന്റയിൻ ചക്രവർത്തി (എ.ഡി. 306–337) ക്രിസ്തുമതം സ്വീകരിക്കുകയും റോമാസാമ്രാജ്യത്തിന്റെ തലസ്ഥാനം റോമിന്റെ കിഴക്ക് ഭാഗത്തുള്ള തുർക്കിയിലെ ഇന്നത്തെ ഇസ്താംബൂളിലേക്ക് മാറ്റുകയും ചെയ്തു. തന്റെ പേരിനോട് സാമ്യമുള്ള കോൺസ്റ്റാന്റിനോപ്പിൾ എന്ന പേരും നൽകി. അങ്ങിനെയാണ് കിഴക്കൻ റോമാസാമ്രാജ്യം (ബൈസാന്റയിൽ) പടിഞ്ഞാറൻ റോമാസാമ്രാജ്യവും നിലവിൽ വന്നത്. റോമാസാമ്രാജ്യത്തിന്റെ ഔദ്യോഗികമതം ക്രിസ്തുമതമായി കോൺസ്റ്റന്റയിൻ ചക്രവർത്തി പ്രഖ്യാപിച്ചു. പടിഞ്ഞാറൻ റോമാചക്രവർത്തിയുടെ നേരിട്ടുള്ള ഭരണം ഇല്ലാതായപ്പോൾ മെത്രാന്മാരെ രാഷ്ട്രീയ അധികാരം നൽകി ഭരണം നടത്താൻ നിയമിക്കുകയും മജിസ്ട്രേറ്റിന്റെ അധികാരം നൽകുകയും ചെയ്തു. റോമാ സാമ്രാജ്യത്തിലെ വൻതോതിലുള്ള ക്രിസ്തീയ സമാജങ്ങളെ പാത്രിയാർക്കീസുകൾ എന്നായിരുന്നു വിളിച്ചിരുന്നത്. അതിന്റെ മേധാവികളായിരുന്നു മെത്രാപ്പൊലീത്ത അഥവാ മെത്രാൻ. റോമ, അലക്സാണ്ട്രിയ, അന്തിയോക്യ മുതലായവ അക്കാലത്തെ പാത്രിയാർക്കീസുകൾ ആയിരുന്നു. എല്ലാ പൾത്രിയാർക്കേറ്റുകളും ഒരേ സ്ഥാനമുള്ള സ്വതന്ത്രസ്ഥാപനങ്ങളായിരുന്നു. പിന്നീടു ക്രമേണ രാഷ്ട്രീയാധികാരവും സാമ്പത്തികശേഷിയും കൈവരിച്ച റോമൻ പാത്രിയാർക്കീസ് റോമൻ ചക്രവർത്തിയുടെ സഹായത്തോടെ പോപ്പ് (മാർപാപ്പ) പദവിയിലേക്കുയരുകയായിരുന്നു. ഈ കാലഘട്ടത്തിൽ റോമാസാമ്രാജ്യത്തിന്റെ വടക്കെ അതിർത്തിക്കപ്പുറം അക്രമസ്വഭാവമുള്ള ഒരു ജനത വസിച്ചിരുന്നു. അപരിഷ്കൃതരായ ഇവരെ ബാർബേറിയന്മാർ എന്നാണ് വിളിച്ചിരുന്നത്. ജർമാനിക്ക് വംശജരായ ബാർബേറിയന്മാർ റോമിനെയും ഇറ്റലിലേയും ഇടക്കിടക്ക് അക്രമിച്ചുകൊണ്ടിരുന്നു. പിന്നീട് ഇസ്ലാം മതത്തിന്റെ അപ്രതിരോധ്യമായ ശക്തിക്കുമുമ്പിൽ വിറങ്ങലിച്ചുനിന്ന കിഴക്കൻ റോമാസാമ്രാജ്യത്തിന്ന് പടിഞ്ഞാറൻ റോമിനെ ശ്രദ്ധിക്കാനായില്ല. ഈ സാഹചര്യങ്ങളെല്ലാം ഉപയോഗപ്പെടുത്തിയാണ് റോമിലെ ക്രിസ്തുസഭ വമ്പിച്ച ഒരു രാഷ്ട്രീയ ശക്തിയായി യൂറോപ്പിൽ ഉദയം കൊണ്ടത്. തന്ത്രശാലിയും ബുദ്ധിമാനുമായിരുന്ന ഗ്രിഗറി ഒന്നാമൻ (590–604) മാർപ്പാപ്പ ബാർബേറിയൻ വർഗ്ഗക്കാരായ ലൊംബാർഡുക (Lombards) ളെ സന്ധിസംഭാഷണങ്ങളിലൂടെ അനുനയിച്ച് സമാധാനം സ്ഥാപിച്ചതോടെ മാർപാപ്പയുടെ നേതൃത്വം ഇറ്റലിയിലെ രാഷ്ട്രീയ മണ്ഡലം അംഗീകരിക്കുകയും പേപ്പൽ ഭരണത്തിന് അടിസ്ഥാനമിടുകയും ചെയ്തു.

എട്ടാം നൂറ്റാണ്ടിൽ പോപ്പ് ലിയോ മൂന്നാമന്റെ കാലത്ത് പോപ്പിന്റെ ശത്രുക്കളായ ലൊംബാർഡ് രാജാക്കന്മാർ അദ്ദേഹത്തെ റോമിൽ നിന്നും പുറത്താക്കുകയുണ്ടായി. ലിയോ മൂന്നാമൻ വിശുദ്ധ പത്രോസിന്റെ പേരിൽ നടത്തിയ അഭ്യർത്ഥന മാനിച്ച് യൂറോപ്യൻ ചരിത്രങ്ങളിലെ വിഖ്യാതനായ ഫ്രാങ്കിഷ് സാമ്രാട്ട് ചാർലമെയിൻ (768–814) ഇറ്റലിയിൽ ഇടപെട്ടു ഇറ്റലിയിലെ അരാചകത്വം അവസാനിപ്പിച്ചു പോപ്പിനെ തിരികെ റോമൻ സിംഹാസനത്തിൽ പുനപ്രതിഷ്ഠിച്ചു. യൂറോപ്പിലെ മുഴുവൻ രാജ്യങ്ങളെയും ഏകീകരിച്ച് യൂറോപ്പിനെയാകെ ഉൾക്കൊള്ളുന്ന ഒരു സാമ്രാജ്യമാക്കിമാറ്റാൻ കഴിഞ്ഞ ശക്തനായ ഭരണാധികാരിയായിരുന്നു ചാർലിമയിൻ. മാർപ്പാപ്പയുടെ സിംഹാസനം വീണ്ടെടുത്തതിന് പ്രത്യുപകാരമായി, അതുല്യവ്യക്തിപ്രഭാവമുണ്ടായിരുന്ന ചാർലമയ്ൻ എ.ഡി. 800ാമാണ്ടിൽ ഇറ്റലിയിലെ ഒരു പള്ളിയിൽ മുട്ടുകുത്തി പ്രാർത്ഥിച്ചുകൊണ്ടിരിക്കവേ പോപ്പ് ലിയോ അദ്ദേഹത്തിന്റെ ശിരസ്സിൽ യാതൊരു മുന്നറിയിപ്പുമില്ലാതെ കിരീടമണിയിച്ച് അനുഗ്രഹിക്കുകയും 'വിശുദ്ധ റോമാസാമ്രാട്ട്' ആയി അദ്ദേഹത്തെ പ്രഖ്യാപിക്കുകയും ചെയ്തു. അങ്ങിനെ ചരിത്രത്തിന്റെ വിസ്മൃതിയിലേക്ക് മറഞ്ഞുപോയിരുന്ന യൂറോപ്പിലെ പുരാതന റോമാസാമ്രാജ്യത്തെ വിശുദ്ധ റോമാസാമ്രാജ്യത്തിലൂടെ പുനസ്ഥാപിക്കാൻ ക്രിസ്തുസഭക്ക് കഴിഞ്ഞു. ഭരണനിപുണനും ശക്തനും സഹൃദനുമായിരുന്ന ചാർലമെയ്ൻ യഹൂദികളോട് വളരെ ഉദാരമായിട്ടാണ് പെരുമാറിയത് എന്നത് പ്രത്യേകം സ്മരണീയമാണ്. യൂറോപ്പിൽ നിന്നും ആട്ടിയകറ്റിയ യഹൂദികളെ അദ്ദേഹം തന്റെ സാമ്രാജ്യത്തിലേക്ക് ക്ഷണിച്ചുവരുത്തി കുടിയിരുത്തുകയുണ്ടായി. അദ്ദേഹത്തിന്റെ എല്ലാവരോടുമുള്ള വ്യക്തിപരമായ ഒരു സ്വഭാവവിശേഷത്തിന്റെ ഭാഗം മാത്രമായിരുന്നു യഹൂദികളോടുള്ള ഈ ഔദാര്യം. യഹൂദവിരോധം ക്രിസ്തുസഭയുടെ ജനിതകഘടനയിൽ മുദ്രിതമായ ഒരു സാമൂഹ്യപ്രതിഭാസമായിരുന്നു. ചാർലമെയ്നുശേഷം യഹൂദപീഡനം നിർബാധം തുടർന്നു. വിശുദ്ധ റോമൻ സാമ്രാജ്യം എന്ന പദവി ക്രിസ്തുസഭയുടെ ദാനം എന്ന നിലക്ക് മതപരമായ ഒരു പരിവേഷത്തിലാണ് നിലവിൽ വന്നത്. ഫ്രാൻസ് ആസ്ഥാനമായ ചാർലമെയ്നിന്റെ വിശാലമായ വിശുദ്ധ റോമാസാമ്രാജ്യം പിന്നീട് ഛിന്നഭിന്നമായെങ്കിലും ക്രിസ്തുസഭയിൽ നിന്ന് ലഭിച്ച ദാനം എന്ന നിലക്ക് പിന്നീടുണ്ടായ രാജ്യങ്ങളെല്ലാം ക്രിസ്തുസഭക്ക് വിധേയമായിട്ടാണ് ഭരണം നടത്തിയത്. കത്തോലിക്കാസഭക്കെതിരെ കലാപം അഴിച്ചുവിട്ട മാർട്ടിൻലൂഥറുടെ പ്രൊട്ടസ്റ്റന്റിസം ജർമ്മനി, ഇംഗ്ലണ്ട്, സ്വിസ്റ്റർലൻറ് നോർവെ, സ്വീഡൻ, ഡെൻമാർക്ക് എന്നീ രാജ്യങ്ങൾ അധീനപ്പെടുത്തി കത്തോലിക്കാ റോമൻസഭയുമായുള്ള ബന്ധം വിഛേദിച്ചെങ്കിലും ക്രിസ്തുമതത്തിന്റെ അധീശത്വം അഭംഗുരം തുടർന്നു. പല കാര്യങ്ങളിലും മാർട്ടിൻലൂഥറുടെ സിദ്ധാന്തങ്ങൾ കത്തോലിക്കരുടേതിനേക്കാൾ പിന്തിരിപ്പനും യാഥാസ്ഥികവുമായിരുന്നു. യഹൂദരോടുള്ള ലൂഥറൻ മനോഭാവം ഒട്ടും അയവുള്ളതായിരുന്നില്ല. ചാർലമെയ്നുശേഷം ആയിരത്തിലധികം വർഷം രാഷ്ട്രീയരംഗത്ത്

ക്രിസ്തുമതത്തിന്റെ സ്വാധീനം തുടർന്നു. 800ാമാണ്ടിൽ ചാർലമെയ്നിലൂടെ ക്രിസ്തുസഭ തുടക്കം കുറിച്ച വിശുദ്ധ റോമാസാമ്രാജ്യം ഫ്രാൻസിലെ നെപ്പോളിയൻ ബോണോ പ്പാർട്ടാണ് 1806-ൽ അവസാനിപ്പിച്ചത്. മതാധിഷ്ഠിതമായ യൂറോപ്പിന്റെ ഈ പശ്ചാത്തലമാണ് യഹൂദന്മാരുടെ പീഡ നങ്ങൾക്ക് വേദിയായത്. മദ്ധ്യകാലഘട്ടത്തിൽ പൗരത്വവും ഭരണകൂടവും തമ്മിലുള്ള ബന്ധം നിർണ്ണയിച്ചത് ക്രിസ്തു മതത്തിന്റെയടിസ്ഥാനത്തിലായിരുന്നു.

## നവോത്ഥാനം

വിശുദ്ധ റോമാസാമ്രാജ്യം നിലവിൽ വന്നതിനു ശേഷം യൂറോപ്പിലെ രാജ്യങ്ങളുടെ അധികാരത്തെ സംബ ന്ധിച്ച് തർക്കങ്ങൾ ഉയർന്നുവന്നു. ക്രിസ്തുസഭയുടെ പൗരോഹിത്യം ഒരു ഭാഗത്തും രാജാധിപത്യം മറുഭാഗത്തു നിന്നും അധികാരത്തിന് വേണ്ടി വടംവലി നടത്തി. ആത്മാവ് ശരീരത്തേക്കാൾ ശ്രേഷ്ഠമാണ്. അതിനാൽ പൗരോഹിത്യമാണ് രാജത്വത്തേക്കാൾ ശ്രേഷ്ഠതരമെന്ന വാദം ക്രിസ്തുസഭ ഉയർത്തി. മദ്ധ്യകാലഘട്ടത്തിലുടനീളം ക്രൈസ്തവസഭ രാജാധികാരത്തേക്കാൾ മികച്ചുനിന്നു. യൂറോപ്യൻ രാജ്യങ്ങളിൽ സഭയുടെ അധികാരപരിധിയിൽ പലവിധത്തിലുള്ള നിയമങ്ങളും ഉൾപ്പെട്ടിരിക്കുന്നു. പര മാധികാരി പലപ്പോഴും സഭ തന്നെയായിരുന്നു. ജനങ്ങ ളുടെ മനോഭാവവും സഭക്ക് വിധേയപ്പെട്ടുകൊണ്ടുള്ളതാ യിരുന്നു. അങ്ങിനെ മനുഷ്യസ്വാതന്ത്ര്യത്തേയും ബുദ്ധി പരമായ പ്രവർത്തനത്തേയും കെട്ടിവരിഞ്ഞു അടക്കിഭരിച്ച സഭ സാധാരണ മനുഷ്യരുടേയും പ്രത്യേകിച്ചും യഹൂദി കളുടെയും സ്വാതന്ത്ര്യത്തിന്റെയും ഏറ്റവും വലിയ അന്ത കരായി മാറി.

ക്രൈസ്തവ മതമേധാവിത്വം കൊണ്ട് പൊറുതിമു ട്ടിയ യൂറോപ്പിലെ സാധാരണക്കാർ തത്വജ്ഞാനികളു ടേയും സാംസ്കാരിക നേതാക്കന്മാരുടെയും നേതൃത്വ ത്തിൽ മനുഷ്യത്വത്തിന്റെയും ധൈഷണിക പ്രബുദ്ധതയു ടെയും പ്രചോദനത്താൽ നടത്തിയ സാമൂഹികമായ ഉത്ഥാ നമായിരുന്നു നവോത്ഥാനം. ക്രിസ്തുമതത്തിനെതിരെ സെക്കുലറിസത്തിന്റെ വിജയമായിരുന്നു അത്. പുതിയ രാജ്യങ്ങൾ കണ്ടെത്താനുള്ള സമുദ്രപര്യവേഷണങ്ങൾ, പ്രൊട്ടസ്റ്റന്റിസത്തിൽ കലാശിച്ച മതനവീകരണ പ്രസ്ഥാനം (Reformation Movement), കത്തോലിക്കാസഭയിൽ തന്നെ യുണ്ടായ പ്രതിനവീകരണം (Counter Reformation), ശാസ്ത്രീയ മുന്നേറ്റങ്ങൾ എന്നിവയെല്ലാം നവോത്ഥാന ത്തിന് ആക്കം കൂട്ടി. അവസാനം അമേരിക്കൻ വിപ്ലവം ഫ്രഞ്ച് വിപ്ലവം മുതലായ മഹാവിപ്ലവങ്ങളിൽ നവോത്ഥാനം എത്തിച്ചേർന്നു. ക്രിസ്തുമതത്തിന്റെയടിസ്ഥാനത്തിൽ കെട്ടിപടുത്ത യൂറോപ്പ്യൻ സാമൂഹ്യജീവിതം ആകമാനം തകിടം മറിഞ്ഞു. ക്രിസ്തുമതത്തിന് പകരം യൂറോപ്പിലെ വിവിധ ജനവിഭാഗങ്ങൾ അതാത് ദേശത്തെ ദേശീയത യുടെ അടിസ്ഥാനത്തിൽ സംഘടിക്കാൻ ആരംഭിക്കുകയും അതിന്റെ അടിസ്ഥാനത്തിൽ ദേശരാഷ്ട്രങ്ങൾ ആവിർഭ വിക്കുകയും ചെയ്തു. മതത്തിനുപകരം ദേശീയത സമൂഹ ത്തിന്റെ നൈതികതയും രാഷ്ട്രീയത്തിന്റെ ധാർമ്മികത യുമായി മാറി. രാഷ്ട്രീയഘടന ദേശരാഷ്ട്രങ്ങൾക്ക് വഴി മാറി. സഭയും സമൂഹവും എന്നതിന് പകരം മതപരമായ പരിഗണനകളില്ലാത്ത; പൗരനും രാഷ്ട്രവും എന്ന രീതി യിൽ അത് തിരുത്തിയെഴുതപ്പെട്ടു. മതാധിഷ്ഠിത മായി രുന്ന യൂറോപ്പ് ക്രിസ്തുമതത്തെ തൂത്തെറിഞ്ഞുകൊണ്ട് സെക്കുലറിസത്തിലേക്കും ദേശീയതയിലേക്കും കുതിച്ചു. വ്യക്തിയും സമൂഹവും തമ്മിലുള്ള സാമൂഹ്യകരാറിന്റെ യടിസ്ഥാനത്തിലാണ് പൗരത്വം നിർണ്ണയിക്കപ്പെടുന്നത് എന്ന രാഷ്ട്രീയ ദർശനം യൂറോപ്യൻ സമൂഹത്തിൽ വേ രോടി. ജീൻ ജാകിസ് റൂസോയുടെ സാമൂഹ്യകരാർ (Social contact) എന്ന ഗ്രന്ഥം യൂറോപ്പിന്റെ വേദപുസ്തകമാ യി. ഈ മതപരമായ പൊളിച്ചെഴുത്തിന്റെയെല്ലാം തകിടം മറിച്ചിലിന്റെ ഏറ്റവും വലിയ ഗുണഭോക്താക്കൾ യഹൂദി കളായിരുന്നു. ക്രിസ്തുമതത്തിന്റെ സ്വാധീനം യൂറോപ്പിലെ സാമൂഹിക ഭൂമികയിൽ നിന്നും മാഞ്ഞുപോകുന്നത് ഏറ്റവും ആശ്വാസകരമായി ഭവിച്ചത് യഹൂദികൾക്കായി രുന്നു. നവോത്ഥാനകാലത്തും അതിനുശേഷവും ഉണ്ടായ മതേതര സാമൂഹിക ദർശനങ്ങൾ ക്കെല്ലാം യഹൂദി പണ്ഡി തന്മാർ അനൽപ്പമായ സംഭാവനകളാണ് നൽകിയത്.

## ഹസ്കലാത്ത്

നവോത്ഥാനത്തിന് സമാന്തരമായി യൂറോപ്പിലെ യഹൂദ സമുദായത്തിലും ഉണർവ്വിന്റേയും ഉയിർത്തെഴു ന്നേൽപ്പിന്റേയും ചലനങ്ങളുണ്ടായി. ഇതിനെയാണ് 'ഹസ്കലാത്ത്' എന്നു പറയുന്നത്. 'ജ്ഞാനപരമായ പ്രബു ദ്ധത' എന്നാണ് ഈ ഹിബ്രു പദത്തിനർത്ഥം. യൂറോപ്പിലെ ഗട്ടോ എന്നറിയപ്പെടുന്ന അത്യന്തം വൃത്തിഹീനവും യാഥാസ്ഥിതികവുമായ കോളനികളിലായിരുന്നു യഹൂദർ ഒറ്റപ്പെട്ട് താമസിച്ചിരുന്നത്. മറ്റേതൊരു സമുദായത്തേക്കാ ളും പൗരോഹിത്യവും, തൻമുദിസ്റ്റ് മൗലികവാദവും യാഥാ സ്ഥിതികത്വവും യഹൂദി സമുദായത്തെ അടക്കിവാണിരു ന്നു. മദ്ധ്യകാലത്ത് ഹീബ്രുവും ബൈബിളുമല്ലാതെ യൂറോ പ്പിലെ യഹൂദികൾ മറ്റൊന്നും പഠിക്കാൻ കൂട്ടാക്കിയില്ല. യൂറോപ്പിലെ ഒരു രാജ്യത്തും അവർ മുഖ്യധാരയിലേക്ക് വന്നില്ല. ഉൾവലിഞ്ഞ് അന്തർമുഖികളും വംശാഭിമാനിക ളുമായി കഴിഞ്ഞിരുന്ന യഹൂദികളിലേക്ക് നവോത്ഥാന ത്തിന്റെ കിരണങ്ങൾ മെല്ലെ അരിച്ചിറങ്ങി. അതായിരുന്നു ഹസ്കലാത്ത്. ജർമ്മനിയിലായിരുന്ന ഹസ്കലാത്ത് പുഷ്ക്കലമായത്. യഹൂദികൾക്ക് മതപരമായ യാഥാസ്ഥി തത്വത്തിൽ നിന്നു നവോത്ഥാനം മുഖേന സംജാതമായ പുതിയ സാമൂഹികാവസ്ഥയെ സ്വാംശീകരിക്കാനും ഹസ്കലാത്ത് സഹായകമായി. ഇതാണ് പിന്നീട് യഹൂദി കളുടെ രാഷ്ട്രീയ വിമോചനത്തി(Emancipation)ലേക്ക് നയിച്ചത്.

വിശ്വസാഹിത്യത്തിന് മഹത്തായ സംഭാവനകളർപ്പിച്ച

*(ശേഷം 34-ാം പേജിൽ)*

നമ്മുടെ വിയോജിപ്പുകൾ
27

# മൂസാനബിയുടെ ആത്മീയ പ്രയാണം (തുടർച്ച)

ഏ.പി. കുഞ്ഞാമു

## മൂന്ന് വിചിത്ര സംഭവങ്ങളുടെ വ്യാഖ്യാനം

സൂറ: അൽകഹ്ഫ് തുടരുന്നു: (വ:72) "അങ്ങനെ അവർ രണ്ടു പേരും യാത്ര പുറപ്പെട്ടു. തുടർന്നു അവർ രണ്ടു പേരും ഒരു ബോട്ടിൽ കയറിയപ്പോൾ അതിന് അദ്ദേഹം ഒരു ദ്വാരമുണ്ടാക്കി. അപ്പോൾ മൂസ ചോദിച്ചു: 'താങ്കൾ അതിലുള്ളവരെ മുക്കി കൊല്ലാൻ വേണ്ടി ബോട്ടിന് ദ്വാരമുണ്ടാക്കിയിരിക്കയാണോ? തീർച്ചയായും ദ്രോഹകരമായ ഒരു കാര്യമാണ് താങ്കൾ ചെയ്തിട്ടുള്ളത്.' അദ്ദേഹം (ആ പുണ്യാത്മാവ്) പറഞ്ഞു: എന്നോടൊപ്പം ചേർന്നുകൊണ്ട് ക്ഷമിച്ചുകഴിയാൻ നിനക്ക് സാദ്ധ്യമേ അല്ലെന്ന് ഞാൻ പറഞ്ഞിട്ടില്ലേ? (വ:73) അദ്ദേഹം (മൂസ) പറഞ്ഞു. ഞാൻ താങ്കളുടെ കല്പന മറന്ന കാരണത്താൽ എന്നെ താങ്കൾ ശിക്ഷിക്കാതിരുന്നാലും. എന്റെ ഈ വീഴ്ച നിമിത്തം പ്രയാസകരമായ ഒന്നിനും താങ്കൾ എന്നെ നിർബന്ധിക്കാതിരുന്നാലും (വ:74).

ഇതേ തുടർന്നുള്ള വചനങ്ങളെല്ലാം തന്നെ മൂസനബി(അ)യുടെ ഇസ്രയെക്കുറിച്ച സൂചനകളാണ് ഈ വചനങ്ങളെല്ലാം മൂസാനബി(അ) കണ്ട ദർശനങ്ങളുടെ വിവരണങ്ങളാണ്. ഇവിടെ മൂസാനബി(അ) ആരംഭത്തിൽത്തന്നെ ജ്ഞാനിയായ തന്റെ കൂട്ടുകാരനോട് ചെയ്ത നിബന്ധനകൾക്ക് വിരുദ്ധമായി അദ്ദേഹം ചെയ്ത ആദ്യത്തെ പ്രവൃത്തിയെ തന്നെ ചോദ്യം ചെയ്തിരിക്കയാണ്. എന്നാൽ റസൂൽ തിരുമേനി (സ) തങ്ങളുടെ നിശാപ്രയാണത്തിൽ മുഴുവനും മലക്ക് ജിബ്രീലിനോട് യാതൊരു ചോദ്യവും ചോദിക്കാതെ നിശബ്ദത പാലിക്കുകയാണ് ചെയ്തത്. ഈ രണ്ടു പ്രവാചകന്മാരിലുള്ള ആത്മീയഗുണങ്ങൾ അവരുടെ അനുയായികളിലും സാമൂഹ്യഗുണങ്ങളായി ദൃശ്യമാണ്. റസൂൽ തിരുമേനിയുടെ അനുചരന്മാർ തീവ്രമായ ശത്രുക്കളുടെ പീഢനങ്ങൾക്ക് വിധേയമായ അവസരത്തിൽ പോലും അതെല്ലാം വളരെ ക്ഷമയോടെ സഹിച്ചുകൊണ്ടു അവരുടെ വിശ്വാസത്തിൽ ഉറച്ചുനിന്നു. എന്നാൽ മൂസാ നബി(അ)യുടെ അനുചരന്മാർ പരീക്ഷണഘട്ടങ്ങളിൽ പതറിപ്പോയി. "നീയും നിന്റെ റബ്ബും പോയി യുദ്ധം ചെയ്യുക'' എന്നു പോലും മൂസനബിയോട് അവർ പറഞ്ഞുപോയിരുന്നു. ഈ രണ്ടു മഹാത്മാക്കളുടെ ദർശനങ്ങളിലെ മൂന്ന് സംഭവങ്ങളും അലങ്കാരിക വചനങ്ങളിൽ വ്യത്യസ്ഥത ഉണ്ടെങ്കിലും താത്വികമായി വളരെ സാദൃശ്യം പുലർത്തുന്നവയാണ്.

'സഫീനത്ത് അഥവാ ബോട്ട് സ്വപ്നദർശന ഭാഷയിൽ ഭൗതിക സമ്പാദ്യത്തെ സൂചിപ്പിക്കുന്നു. ഇതു വിശുദ്ധ ഖുർആനിലെ വേറൊരു വചനവും സാക്ഷ്യപ്പെടുത്തുന്നു (17:67). ഇതിന്റെ അടിസ്ഥാനത്തിൽ നാം മേൽ വചനത്തെ വ്യാഖ്യാനിക്കുകയാണെങ്കിൽ ഈ രണ്ടു മഹൽ പ്രവാചകന്മാരും പ്രസ്തുത ബോട്ടിൽ കയറിയതായി കണ്ടതുകൊണ്ടു ഈ രണ്ടു പ്രവാചകന്മാരുടെ അനുയായികൾക്കും ഭൗതിക സമ്പത്തു കൂടുതലായി ലഭിക്കുമെന്ന് മനസ്സിലാകുന്നു. എന്നാൽ ദർശനത്തിൽ ദിവ്യൻ (റസൂൽ തിരുമേനി) ആ ബോട്ടിന് ഒരു ദ്വാരമുണ്ടാക്കുന്നു. അതായത് തിരുനബി ലൗകികസമ്പത്ത് ഒരാളിൽ തന്നെ കുന്നുകൂടുന്നത് തടഞ്ഞുകൊണ്ട് അതു സമൂഹത്തിലെ എല്ലാവർക്കും പ്രയോജനകരമായ വിധം വിതരണസമ്പ്രദായങ്ങൾക്കുള്ള നിയമങ്ങൾ തന്റെ സമുദായത്തിൽ ആവഷ്ക്കരിച്ചു നടപ്പാക്കി. അതാണ് ബോട്ടിന് ദ്വാരമുണ്ടാക്കി എന്നതുകൊണ്ടുള്ള വിവക്ഷ. ഇസ്ലാമിൽ പിന്തുടർച്ച അവകാശങ്ങളും, ഐച്ഛികദാന ധർമ്മങ്ങളും (സദ്ഖ), നിർബ്ബന്ധിത ദാനധർമ്മങ്ങൾ (സക്കാത്ത്) മുതലായ നിയമങ്ങൾ ഉണ്ടാക്കി. അതെപോലെ പലിശ സമ്പ്രദായം നിർത്തൽ ചെയ്തു. മരിച്ച ആളുകളുടെ സ്വത്തുക്കൾ അവരുടെ ശേഷക്കാരായ ഭാര്യാമക്കൾ പിതാവ്, മാതാവ് മറ്റുബന്ധുക്കൾ എന്നിവർക്കുള്ള വിതരണത്തിനുള്ള നിയമങ്ങൾ നിർമ്മിച്ചു. സ്വത്തിന്റെ അംശീകരണവും വിതരണവും വ്യവസ്ഥ ചെയ്തു. ചൂതുകളികൾ നിരോധിച്ചു. അദ്ധ്വാനിക്കുന്ന ജനവിഭാഗങ്ങളുടെ ഉന്നമനത്തിനുള്ള നിയമങ്ങൾ രചിച്ചു. എന്നാൽ യഹൂദരും ക്രൈസ്തവരും ഇത്തരം ധനവിതരണ സമ്പ്രദായങ്ങളോടു വിയോജിക്കുന്നു. അവരുടെ സമ്പദ്ഘടന രാജ്യത്തിന്റെ സമ്പത്ത് ചില വ്യക്തികളിൽ മാത്രം

കേന്ദ്രീകരിക്കുന്ന രൂപത്തിലുള്ളതാണ്. ഇത് ദർശനഭാഷയിൽ ഇവിടെ അവതരിപ്പിക്കുകയാണ് ഖുർആൻ. ബോട്ടിൽ ദ്വാരമുണ്ടാക്കിയപ്പോൾ തന്നെ മൂസാനബിയിൽ ഉണ്ടായ പ്രതികരണം അവരുടെ ജനതയിലുള്ള സമ്പത്തിനോടുള്ള പ്രേമത്തെയാണ് വിളിച്ചോതുന്നത്. തിരുനബി(സ:അ) അദ്ദേഹത്തിനുണ്ടായ ദർശനത്തിൽ വെള്ളം കൊടുത്തപ്പോൾ അത് നിരാകരിച്ചു. അതു മനസ്സിലാക്കിത്തരുന്നത് അദ്ദേഹത്തിന്റെ അനുയായികൾ ആത്മീയതയെയാണ് ലൗകികജീവിതത്തെക്കാൾ ഇഷ്ടപ്പെടുക എന്ന കാര്യമാണ്. റസൂൽ തിരുമേനി (സ) തന്റെ അനുയായികളെ അല്ലാഹുവിന്റെ മാർഗ്ഗത്തിൽ ധനത്യാഗത്തിനായി ആഹ്വാനം ചെയ്തപ്പോൾ അതിൽ തെറ്റു കണ്ടുപിടിച്ചവരാണ് യഹൂദികൾ. നിങ്ങളുടെ ദൈവം ദരിദ്രനാണോ എന്നുവരെ അവർ ചോദിച്ചിരുന്നു. അപ്പോൾ ബോട്ടിന് ദ്വാരമുണ്ടാക്കുക എന്നത് ഇസ്ലാമിന്റെ ധനവിതരണ പദ്ധതിയാണ്. അതിനോട് യോജിക്കാൻ മൂസാനബിയുടെ അനുയായികളായ യഹൂദികൾക്കും, ക്രൈസ്തവർക്കും സാദ്ധ്യമല്ലെന്ന് സാരം. തുടർന്നു കൊണ്ടു റസൂൽ തിരുമേനി(സ) മൂസാനബി(അ)യോട് പറയുന്നു നിങ്ങളും നമ്മളും തമ്മിൽ ധനവിതരണപദ്ധതിയിൽ വമ്പിച്ച വ്യത്യാസം ഉള്ളത് കൊണ്ട് നമുക്ക് രണ്ടുപേർക്കും ഇവിടുന്ന് അങ്ങോട്ട് യാത്ര തുടരാൻ പ്രയാസമാണ്. ചുരുക്കത്തിൽ മൂസാനബിയുടെ അനുയായികൾ ധനത്തോടുള്ള മോഹത്തിൽ നിന്നും വഴി മാറി തൽസ്ഥാനത്ത് ദൈവികപ്രേമം കൈവരിക്കുന്നില്ലേയോ അതുവരെ അവർക്ക് റസൂൽ തിരുമേനിയെ സ്വീകരിക്കാൻ അഥവാ ഇസ് ലാമിനെ ആശ്ലേഷിക്കാൻ സാദ്ധ്യമല്ലെന്നു സാരം (വ:732) തുടർന്നു മൂസാനബി(അ) തനിക്ക് പറ്റിയ അബദ്ധത്തെക്കുറിച്ചു ബോധവാനാകുകയും മാപ്പിനായി ദൈവദാസനോടു അഭ്യർത്ഥിക്കുകയും ചെയ്യുന്നു. മദീനയിൽ വെച്ചു യഹൂദികൾ തിരുമേനിയുമായി ഒരു കരാർ ഉണ്ടാക്കി യോജിച്ചുപോകാൻ തീരുമാനിച്ചു. എന്നാൽ കുറച്ചു കഴിയുമ്പോൾ പ്രസ്തുത കരാർ മുഖേന ധനത്യാഗത്തിന്റെ സന്ദർഭം വന്നപ്പോൾ അവരതിൽ നിന്നും പിന്മാറുകയും ഇസ്ലാമിന്റെ ശത്രുപക്ഷത്തേക്ക് പോവുകയു മാണുണ്ടായത് എന്ന ചരിത്രസത്യത്തെ അനുസ്മരിപ്പിക്കുന്നു. ക്രിസ്ത്യാനികളുടേയും സ്ഥിതി അതുതന്നെയായിരുന്നു. തുടക്കത്തിൽ അവർ മുസ്ലിംകളോടു സൗഹൃദത്തിലായിരുന്നു. പിന്നീട് അതു പെട്ടെന്ന് മാറി ശത്രുതതയിലാവുകയാണുണ്ടായത്. ക്രിസ്തീയ രാജാവായ ഹിർക്കൽ വളരെ രമ്യതയിലാണ് മുസ്ലിംകളോടു പെരുമാറിയത്. ഒരു ഘട്ടത്തിൽ അദ്ദേഹം ഇസ്ലാം ആശ്ലേഷിക്കുമോ എന്ന് പോലും സംശയം തോന്നിയിരുന്നു. പിന്നീട് ക്രിസ്ത്യാനികളുടേയും മുസ്ലിംകളുടേയും രാഷ്ട്രീയാഭിരുചി ഭിന്നമായതുകൊണ്ട് അവർ ശത്രുപാളയത്തിൽ അഭയം പ്രാപിക്കുകയാണുണ്ടായത്. അവർ ഇസ്ലാമിനെതിരിൽ യുദ്ധം പ്രഖ്യാപിക്കുകയും അതു വളരെകാലം തുടർന്നു നടക്കുകയും ഉണ്ടായി (വ:74) അൽകഹ്ഫ് തുടരുന്നു വ:75 “അങ്ങിനെ അവർ രണ്ടുപേരും യാത്ര തുടർന്നു അവർ ഒരു ബാലനെ കണ്ടുമുട്ടിയപ്പോൾ ദിവ്യൻ ആ കുട്ടിയെ വധിച്ചുകളഞ്ഞു. മൂസ ചോദിച്ചു ആരേയും വധിച്ചിട്ടില്ലാത്ത ഒരു നിരപരാധിയായ ജീവനെ താങ്കൾ കൊലപ്പെടുത്തുകയാണോ ചെയ്തത്. തീർച്ചയായും താങ്കൾ അനിഷ്ടകരമായ കാര്യമാണ് ചെയ്തിരിക്കുന്നത്.” അദ്ദേഹം പറഞ്ഞു. എന്നോടൊപ്പം ക്ഷമിച്ചുകഴിയാൻ നിനക്ക് സാദ്ധ്യമേയല്ലെന്ന് ഞാൻ നിന്നോട് പറഞ്ഞിരുന്നില്ലേ?” (വ:76) “അദ്ദേഹം (മൂസ) പറഞ്ഞു. ഇതിന് ശേഷം ഞാൻ താങ്കളോടു എന്തെങ്കിലും ചോദിക്കുന്നതിന് ശേഷം താങ്കൾ എന്നെ കൂട്ടുകാരനാക്കേണ്ടതില്ല. താങ്കൾക്ക് എന്നിൽ നിന്നും (മതിയായ) ഒരു കാരണം കിട്ടിക്കഴിഞ്ഞിരിക്കുന്നു.” (വ:77) മേൽ പ്രയുക്തമായ വചനങ്ങൾ ഒരു സ്വപ്ന ദർശനമാണെന്ന് മനസ്സിലാകുന്നു. കാരണം കാര്യബോധമുള്ള ആരെങ്കിലും യാതൊരുകാരണവുമില്ലാതെ ഒരു ബാലകനെ കൊല്ലുമോ? ഏതാണ്ടു മൂസനബി(അ) ഉണ്ടായ ദർശനം തിരുമേനി(സ) ഉണ്ടായ ദർശനത്തിന് തുല്യമാണ്. തിരുമേനി(സ) ഒരു ദർശനം ഇങ്ങിനെയായിരുന്നു. തിരുമേനി(സ:)യെ റോഡിന്റെ എതിർവശത്ത് നിന്നു ഒരാൾ വിളിക്കുകയും അനന്തരം ഒരു പാത്രത്തിൽ കുറച്ചു വീഞ്ഞു നൽകുകയും ചെയ്തു. തിരുമേനി അതു നിരാകരിച്ചു. തദവസരത്തിൽ ജിബ്രീൽ(അ) പറഞ്ഞു. താങ്കളെ വിളിച്ച ആള് ശൈത്താനായിരുന്നു. ഒരു പാത്രത്തിലെ വീഞ്ഞ് എന്നത് നേർമാർഗ്ഗത്തിൽ നിന്നുള്ള വ്യതിയാനവുമാണ് (ജരീർ). അതേപോലെ മൂസനബിയുടെ രണ്ടാമത്തെ ദർശനത്തിൽ ദിവ്യൻ ഒരു കുട്ടിയെ കൊല്ലുന്നതാണ് കണ്ടത്. ദർശനത്തിൽ ഒരു ബാലകനെ കണ്ടാൽ മറ്റു പല വ്യാഖ്യാനങ്ങളോടൊപ്പം ദേഹേച്ഛ, മൗഢ്യത, ലൗകിക പ്രേമം എന്നൊക്കെയാണ് അതിനർത്ഥം. ദൈവത്തിന്റെ പ്രിയ ദാസനായ ദിവ്യൻ ഇസ്ലാം അതിന്റെ അനുയായികളോടു അവിഹിതമായ ദേഹേഛയിൽ നിന്നുള്ള ഒരു മരണമാണ് ആവശ്യപ്പെടുന്നത് എന്ന തത്വമാണ്, അതുകൊണ്ടു ഉദ്ദേശമെന്നുള്ള പാഠം പഠിപ്പിക്കുകയായിരുന്നു എന്നാൽ, ഭൗതികസുഖഭോഗങ്ങളിൽ തളച്ചിടപ്പെട്ട യഹൂദ ക്രിസ്തീയ സമുദായങ്ങൾ അതിൽ നിന്ന് അവരെ മുക്തമാക്കാൻ ആഗ്രഹിക്കാത്തവരാണ്. അതുകൊണ്ടു തന്നെ അവർ ഇസ്ലാമിന്റെ പഠനങ്ങളിൽ തെറ്റുകുറ്റങ്ങൾ കാണാൻ ശ്രമിക്കുന്നു. ഈ വചനങ്ങളിൽ “പിന്നീടവർ സഞ്ചാരം തുടങ്ങി” എന്ന വചനം ഉപയോഗിച്ചു കൊണ്ടിരുന്നത് റസൂൽ തിരുമേനി (സ)യുടെ ദർശനത്തിൽ ജിബ്രീൽ പോവുക, പോവുക എന്ന് പറഞ്ഞത് പോലെയാണ്. അതിന് ശേഷമുള്ള രണ്ടു ആയത്തും മൂസനബിയുടെ വാഗ്ദത്ത ലംഘനത്തെക്കുറിച്ചുള്ള കുംബസാരമാണ് കാണാൻ സാധിക്കുന്നത്. യഹൂദരുടെ പാരമ്പര്യത്തിൽ അലിഞ്ഞുചേർന്ന പ്രസ്തുത സ്വഭാവം

അവർ പലതവണ റസൂൽ തിരുമേനിയുമായി പല കരാറുകൾ ചെയ്യുകയും അതൊക്കെ പാലിക്കാതിരിക്കുകയും ചെയ്യുന്നു. സൂറഃ കഹ്ഫ് തുടരുന്നു. "വീണ്ടും അവർ യാത്ര പുറപ്പെട്ടു. അങ്ങിനെ അവർ ഒരു പട്ടണത്തിലെ ആൾക്കാരുടെ അടുക്കൽ എത്തിയപ്പോൾ അവരോട് ഭക്ഷണം ആവശ്യപ്പെട്ടു. എന്നാൽ അവർ രണ്ടുപേർക്കും ആതിഥ്യം നൽകുന്നതിന് അവർ വിസമ്മതിച്ചു. അങ്ങിനെ അവിടെ അവർ വീഴാറായ ഒരു മതിൽ കണ്ടെത്തി. അപ്പോൾ അദ്ദേഹം അതു ശരിയാക്കി നിറുത്തി. അദ്ദേഹം (മൂസ) പറഞ്ഞു. താങ്കൾ ഉദ്ദേശിച്ചിരുന്നെങ്കിൽ അതിന് (ആ ജോലിക്ക്) പ്രതിഫലം വാങ്ങാമായിരുന്നു (വ:78)'' ''അദ്ദേഹം പറഞ്ഞു: എനിക്കും നിനക്കും ഇടയിലുള്ള വേർപാടിന്റെ (സമയമാണിത്). നിനക്ക് ക്ഷമിക്കാൻ കഴിയാതെ പോയ കാര്യങ്ങളുടെ യാഥാർത്ഥ്യം ഞാൻ പറഞ്ഞുതരാം (വ:79).

"അഹ്‌ലുൽ കറിയത്ത്" (പട്ടണത്തിലെ ജനങ്ങൾ) ഒരു ദർശനത്തിൽ കണ്ടാൽ ഒന്നോ അതിലധികമോ രാഷ്ട്രങ്ങൾ എന്നാണ് അവരോട് ആതിഥ്യമര്യാദ പാലിക്കാൻ ആവശ്യപ്പെടുക എന്നതു അവരുടെ സഹായ സഹകരണം ഒരു പരിശുദ്ധമായ കാര്യത്തിന് ആവശ്യപ്പെടുക എന്നതാണ്. അതായത് മൂസാനബി(അ)യും റസൂൽ തിരുമേനി (സ:)യും യഹൂദരോടും ക്രിസ്ത്യാനികളോടും ദൈവത്തിന്റെ കാര്യത്തിൽ സഹകരണം ആവശ്യപ്പെടുമെന്നും എന്നാൽ അവർ രണ്ടു കൂട്ടരും അതു അനുസരിക്കുകയില്ലെന്നുമാണ്. യഹൂദികളോടു മൂസനബി തന്റെ കൂടെ ഫലസ്തീനിലെ കാനാൻ ദേശം പിടിച്ചടക്കാൻ വരാൻ ആവശ്യപ്പെട്ടപ്പോൾ അവർ മുഖവിലക്ക് എടുക്കാതെ തള്ളികളയുകയാണുണ്ടായത്. പ്രസ്തുത സംഗതി വിശുദ്ധ ഖുർആൻ എടുത്ത് ഉദ്ധരിക്കുന്നുണ്ട്. (5:22 – 25). ഇതേപോലെ റസൂൽ തിരുമേനി (സ:അ)യും ക്രിസ്ത്യാനികളെ ദൈവത്തിന്റെ ഏകത്വം സ്ഥാപിക്കാൻ കൂട്ടായി പരിശ്രമിക്കാൻ ക്ഷണിച്ചപ്പോഴും അവർ അതു നിരാകരിക്കുകയാണുണ്ടായത്. അതും വിശുദ്ധ ഖുർആൻ വിസ്തരിച്ചു ഉദ്ധരിക്കുന്നുണ്ട് (3:65).

സ്വപ്ന ശാസ്ത്രപുസ്തകമായ "താതിറുൽ അനാം" എന്ന ഗ്രന്ഥത്തിൽ "ജദാർ" അഥവാ ചുമര് എന്നതിന് ഒരു ജനതയുടെ നേതാവെന്നാണ് തകർന്ന മതിൽ ഒരു പണ്ഡിതനായ ഒരു മനുഷ്യന്റെ സ്വത്തുകളെല്ലാം നഷ്ടപ്പെട്ടുവെന്നാണ്. അതിന്റെ അറ്റകുറ്റ പണി എടുക്കുന്നതായി കണ്ടാൽ ആ നേതാവിന്റെ സ്വത്തുക്കൾ സുരക്ഷിതമായി വെക്കുക എന്നാണ്. ഈ വീക്ഷണത്തിൽ പ്രസ്തുത വചനത്തെ അതായത് അവിടെ ഒരു പൊളിഞ്ഞുവീഴാറായ ഒരു ചുമർ കണ്ടു എന്നത് യഹൂദ ക്രിസ്ത്യൻ നേതാക്കൾക്ക് അവരുടെ അനുയായികളിലുള്ള സ്വാധീനം കുറഞ്ഞുപോവുക എന്നാണ് സൂചിപ്പിക്കുന്നത്. ചുമരിന്റെ അറ്റകുറ്റപണി ചെയ്യുക എന്നുള്ളത് വിനഷ്ടമായ സ്വാധീനം പുനർപ്രതിഷ്ഠിക്കുക എന്നാണ്. അതിനുപുറമെ ഇസ്രയിലേയർ മൂസാനബി(അ) മുഖേന കൈവന്ന അഭിവൃദ്ധിയും റസൂൽ തിരുമേനി(സ:)യുടെ കാലത്തുണ്ടാക്കിയ പുരോഗതിയേയും ഈ വ്യാഖ്യാനത്തിൽ പെടുത്താം. 'താങ്കൾ ആഗ്രഹിച്ചിരുന്നെങ്കിൽ താങ്കൾ ചെയ്തുകൊടുത്ത കാര്യത്തിന് താങ്കൾക്ക് പ്രതിഫലം ആവശ്യപ്പെടാവുന്നതാണ്." ഈ വചനം മനസ്സിലാക്കിത്തരുന്നത് യഹൂദ ക്രിസ്തീയർ ശക്തരായി വളരുമെന്നും, അവർ പ്രതിഫലേഛ കൂടാതെ ഒന്നും പ്രവൃത്തിക്കുകയില്ലെന്നുമാണ് റസൂൽ തിരുമേനിയുടെ ഉൽക്കടമായ ആഗ്രഹത്തെ അതായത് ഇരുകൂട്ടർക്കും യോജിക്കാവുന്ന ദൈവത്തിന്റെ ഏകത്വം പ്രചരിപ്പിക്കാനുള്ള ആഹ്വാനം തുടരെത്തുടരെ നടത്തിയിട്ടും യാതൊരുഫലവും കണ്ടില്ല. അവർ തിരുമേനിയുടെ (സ:അ) തത്വത്തിൽ നിന്നും വളരെ ദൂരെ അകലുകയാണുണ്ടായത്. അതിന്റെ അടിസ്ഥാനത്തിൽ തിരുമേനി അവരുമായുള്ള എല്ലാ ബന്ധങ്ങളും അവസാനിപ്പിക്കുകയാണുണ്ടായത്. (തുടരും). ■

---

*(9 -ാം പേജിൽ നിന്ന് തുടർച്ച)*

അങ്ങനെയൊരു സംഭവം ഉണ്ടായിരിക്കില്ല എന്നു തോന്നുമാറ് അതു മറന്നുകളയണം. അല്ലാതെ ശിക്ഷിക്കുന്ന കാര്യം വിളിച്ചുപറഞ്ഞു നടക്കരുത്. വിധിയനുസരിച്ച് പ്രവർത്തിക്കുന്നവന് സാധാരണക്കാരനു സമൂഹത്തിലുള്ള സ്ഥാനം തന്നെ നൽകേണ്ടതാണ്. അവകാശം ലഭിച്ച എതിർകക്ഷിയും പരസ്പരം സ്നേഹിച്ചും സന്തോഷത്തിലും ജീവിക്കേണ്ടതാണ്. നിങ്ങളുടേത് ഈ അവസ്ഥയായി നിന്നപ്പോൾ പിന്നീട് ആ പ്രിയപ്പെട്ട ദൈവം നിങ്ങളിൽ കരുണ ചൊരിയുന്നതാണ്. സമൂഹത്തിന്റെ പരിഷ്കരണത്തെ സംബന്ധിച്ച് പ്രതിപാദിക്കുന്ന ചില ഹദീസുകൾ ഉദ്ധരിച്ചുകൊണ്ട് ഹുസൂർ പറഞ്ഞു:

സത്യവിശ്വാസികളായ ആ സഹോദരങ്ങൾ മൂന്നുദിവസത്തിൽ കൂടുതൽ മിണ്ടാതിരിക്കരുതെന്ന് നബി(സ) പറഞ്ഞിരുന്നു. എല്ലാ അഹ്മദികളും തഖ്‌വ സ്വായത്തമാക്കേണ്ടതാണ്. അല്ലാഹുവിന്റെ ഇഷ്ടാദാസനാകാൻ ശ്രമിക്കേണ്ടതാണ്. ഇടയ്ക്കുള്ള കലഹങ്ങൾ അകറ്റേണ്ടതാണ്. ഒരു ഭാഗത്ത് മുഅ്മിൻ അഥവാ സത്യവിശ്വാസി എന്നു അവകാശപ്പെടുകയും മറുഭാഗത്ത് തന്റെ സഹോദരങ്ങൾക്കു പാപം മാപ്പാക്കാതിരിക്കുകയും ചെയ്യുക എന്നത് ചേർന്നതല്ല.

നിങ്ങളിൽ പൂർണ്ണമായ മാറ്റം വരണമെന്ന് അല്ലാഹു ആഗ്രഹിക്കുന്നു. നിങ്ങൾ പരസ്പരം ഐക്യപ്പെടുക. നിങ്ങളുടെ സഹോദരങ്ങളുടെ പാപം പൊറുത്തുകൊടുക്കുക. ചെറിയ ചെറിയ കാര്യങ്ങളിൽ വൈ രാഗ്യം ഉപേക്ഷിക്കാനവൻ, അവസാ നം ഈ ജമാഅത്തിൽ നിന്ന് വിച്ഛേദിക്കപ്പെടുമെന്ന് ഹസ്റത്ത് മസീഹ് മൗഊദ് (അ) പറഞ്ഞിരിക്കുന്നു. ■

**(വിവ: മുഹമ്മദ് ഇസ്മായിൽ)**

## ലേഖനം

# ജമാഅത്തെ ഇസ്‌ലാമിയുടെ ഒരു കിരാത തത്വം

ഹദ്റത്ത് മിർസാ ത്വാഹിർ അഹ്മദ്

**ഏത് മതവും വിശ്വസിക്കാനുള്ള അവകാശവും വിശ്വസിച്ച മതത്തിൽ നിന്നു വിട്ടുപോവാനുള്ള അവകാശവും വ്യക്തിയിൽ നിക്ഷിപ്തമാണ്. ആർക്കും അത് തടയാനുള്ള അധികാരമില്ല. ഇസ്‌ലാം മതം ഉപേക്ഷി ക്കുന്നവനെ വധിക്കണമെന്ന അബുൻഅഅ്‌ലാ മൗദൂദിയുടെ വാദം മനുഷ്യത്വവിരുദ്ധമാണ്.**

ഒന്നാമതായി മധ്യകാല യൂറോപ്പിലെ ക്രിസ്തീയ സഭാപിതാക്കൾ ക്രിസ്തുമതം ഉപേക്ഷിക്കൽ വധശിക്ഷയർഹിക്കുന്ന കുറ്റമായി കണക്കാക്കി. ക്രിസ്തുമതത്തെ സംബന്ധിച്ച ഒരേയൊരു അംഗീകൃത ഔദ്യോഗിക ഭാഷ്യം സഭാപിതാക്കന്മാരുടെതുമായിരുന്നു. അതുപോലെ മതം ഉപേക്ഷിച്ചവന് ഇസ്‌ലാമിലെ ശിക്ഷ വധശിക്ഷയാണെന്നും ഇസ്‌ലാം മതത്തിന്റെ ഒരേയൊരു അംഗീകൃത ഭാഷ്യം മൗലാനാ മൗദൂദിയുടേതും അദ്ദേഹത്തിന്റെ അനുയായികളുടെതും മാത്രമാണെന്നും പറയുന്നു. മൗദൂദിയൻ ഭരണത്തിനു കീഴിൽ ആരൊക്കെയാണ് മുസ്‌ലിം കൾ എന്നും ആരൊക്കെയാണ് അമുസ്‌ലിംകൾ എന്നും അവർ വ്യക്തമായി തീരുമാനിക്കും. എന്ത് തരത്തിലുള്ള തീരുമാനമായിരിക്കുമത്?! മൗലാനയുടെ എഴുത്ത് വളരെ വ്യക്തമാണ്.

മൗലാനയുടെ അഭിപ്രായപ്രകാരം അഹ്മദികൾ* മതപരിത്യാഗികളും അമുസ്‌ലിം ന്യൂനപക്ഷവുമാണ്. പക്ഷേ അഹ്മദികൾ മാത്രമല്ല ഈ മതവിരുദ്ധർ. പർവേഴ്സ് ചിന്താധാരയിൽപ്പെട്ട 'അഹ്‌ലേ ഖുർആനികളും' മതവിരുദ്ധരാണ്. അവർ കാഫിറുകളും മതപരിത്യാഗികളുമാണ്. മൗദൂദിയുടെ അഭിപ്രായപ്രകാരം യഥാർത്ഥത്തിൽ അവരുടെ മതവിരുദ്ധത ഖാദിയാനികളേക്കാൾ ഗുരുതരമായതാണ്. മൗദൂദിയുടെ അദ്ധ്യാപനങ്ങളിൽ ഇപ്പോഴും ഉറച്ചുനിൽക്കുന്നയാളും മൗദൂദിയുടെ വലം കയ്യായി അറിയപ്പെടുകയും ചെയ്യുന്ന മൗലാനാ അമീൻ അഹ്സൻ ഇസ്‌ലാഹി ജമാഅത്തെ ഇസ്‌ലാമിയുടെ ഔദ്യോഗിക മുഖപത്രമായ 'തസ്നീമിൽ' കൊടുത്ത ബഹിഷ്ക്കരണാജ്ഞയാണ് താഴെ കൊടുക്കുന്നത്.

'ചിലയാളുകൾ ഇസ്‌ലാമിക ശരീഅത്തിലുള്ള വ്യത്യാസങ്ങൾ ഉദ്ധരിച്ചുകൊണ്ട് ഈ നാട്ടിൽ ഇസ്‌ലാമിക ശരീഅത്ത് നടപ്പിൽ വരുത്താൻ സാധ്യമല്ല എന്ന് പറയുന്നു. അതുകൊണ്ട് ഖുർആൻ നിർദ്ദേശിക്കുന്ന മാർഗ്ഗതത്ത്വങ്ങളനുസരിച്ച് ഈ നാട്ടിൽ ഭരണകൂടം സ്ഥാപിക്കുക എന്ന് അവർ അഭിപ്രായപ്പെടുന്നു. ഈ അഭിപ്രായം പ്രകടിപ്പിക്കുന്നവരുടെ ഉദ്ദേശ്യം ഖുർആനിലുള്ളത് മാത്രമാണ് ശരീഅത്തെന്നും ബാക്കിയുള്ളതൊന്നും ശരീഅത്താകുന്നില്ല എന്നുമാണ്. ഈ നിലപാട് വ്യക്തമായ 'കുഫ്ർ' ആണ്. ഈ 'കുഫ്ർ' ഖാദിയാനികളുടേത് പോലെയുള്ളതാണ്; അല്ലാ. അതിനേക്കാൾ ഗുരുതരമാണ്"*1

മൗലാനയുടെ ഈ വിധിപ്രസ്താവം വ്യക്തമായും അഹ്മദികൾക്കും അഹ്‌ലെ ഖുർആനികൾക്കും എതിരെയുള്ളതാണ്. ഈ രണ്ട് 'മതനിന്ദ'യും തുടർന്നുള്ള മത

** **അഹ്മദികളും അമുസ്‌ലിം ന്യൂനപക്ഷവും** 1974 സെപ്തംബർ 7-ാം തിയ്യതി പാക്കിസ്ഥാൻ നാഷനൽ അസംബ്ലിയാണ് അഹ്മദികളെ അമുസ്‌ലിം ന്യൂനപക്ഷമായി പ്രഖ്യാപിച്ചുകൊണ്ടുള്ള പ്രമേയം പാസാക്കിയത്. ലോകത്തിലാദ്യമായി ഒരു പാർലമെന്റ് ഒരു വിഭാഗം മതവിശ്വാസികളെ അവരുടെ മതത്തിൽ നിന്നു പുറത്താക്കിയതായി പ്രഖ്യാപിച്ച സംഭവമാണിത്. ഇതുപ്രകാരം പാക്കിസ്താൻ പീനൽകോഡിലും ദേശീയ രജിസ്ട്രേഷൻ നിയമത്തിലും തിരഞ്ഞെടുപ്പ് ചട്ടങ്ങളിലും മാറ്റം വരുത്തുകയുണ്ടായി. (വിവ:)*

പരിത്യാഗവും ഈ രണ്ട് ഗ്രൂപ്പുകളിൽ മാത്രം പരിമിതമാണോ എന്ന് കണ്ടെ ത്താൻ കൂടുതൽ അടുത്ത് നിന്ന് നോക്കേണ്ടതുണ്ട്.

മൗദൂദിയെ സംബന്ധിച്ചിട ത്തോളം മൗദൂദിസമൊഴിച്ചുള്ള തെല്ലാം മതവിരുദ്ധമാണ്. അതനാസി യൻ (Athanasian) പ്രമാണം പോലെ മൗദൂദിയൻ അദ്ധ്യാപനത്തിൽ നിന്നു മുള്ള വ്യതിചലനമെല്ലാം 'കുഫ്ർ' ആണ്. മൗലാന പറയുന്നു:

'മുസ്‌ലിം സമുദായം എന്നു പറ യുന്ന ഈ വൻ സമൂഹത്തിന്റെ സ്ഥിതിയാണെങ്കിൽ, അതിലെ ആയി രത്തിൽ 999 പേരും ഇസ്‌ലാമിനെക്കു റിച്ചുള്ള ജ്ഞാനമുള്ളവരോ സത്യവും അസത്യവും തമ്മിൽ വിവേചിച്ചറി യാൻ സാധിക്കുന്നവരോ അല്ല. പിതാ വിൽ നിന്ന് പുത്രനും പുത്രനിൽ നിന്നും പൗത്രനും മുസൽമാൻ എന്ന പേരു ലഭിച്ചതുകൊണ്ട് മാത്രം ആണ വർ മുസൽമാൻ ആയത്. അവർ സത്യത്തെ സത്യമെന്നു കരുതി സ്വീക രിക്കുകയോ അസത്യത്തെ അസത്യ മെന്ന് കരുതി തിരസ്കരിക്കുകയോ ചെയ്യുന്നവരല്ല. അവരുടെ ഭൂരിപക്ഷാ ഭിപ്രായക്കാരുടെ കയ്യിൽ കടിഞ്ഞാൺ കൊടുത്തുകൊണ്ട് വണ്ടി ഇസ്‌ലാമി ന്റെ പാതയിൽ സഞ്ചരിക്കുകയാ ണെന്ന് കരുതുകയാണെങ്കിൽ അത് വെറും വ്യാമോഹമാണ്. 2

അദ്ദേഹം തുടരുന്നു:

'ജനായത്ത തിരഞ്ഞെടുപ്പ് പ്രക്രി യകൾ പാലിൽ നിന്നു വെണ്ണ കട ഞ്ഞെടുക്കുന്നതുപോലെയാണ്. വിഷ മയമായ പാലാണ് കടയുന്നതെങ്കിൽ വെണ്ണയും വിഷലിപ്തമായിരിക്കും. ആളുകൾ ധരിക്കുന്നത് ഭൂരിപക്ഷം ഹിന്ദുക്കളുടെ കൈയ്യിൽ നിന്ന് മുസ്‌ലിം പ്രദേശം വിമോചിപ്പിച്ചാൽ അവിടെ സ്വയമേവ ദൈവിക ഭരണം (ഹുക്കുമത്തെ ഇലാഹി) വരുമെന്നാ ണ്. ഇത് തെറ്റാകുന്നു. വാസ്തവ ത്തിൽ ഇതിന്റെ ഫലമായുണ്ടാകുന്നത് മുസ്‌ലിംകളുടെ 'കുഫ്ർ' ഭരണകൂടമാ യിരിക്കും' 3

ഈ പുസ്തകത്തിന്റെ താഴെ ഖണ്ഡികയിൽ മൗലാന കുറെക്കൂടി വ്യക്തമായി കാര്യങ്ങൾ പറയുന്നു.

'മുസ്‌ലിംകൾ എന്നു പറയുന്നവ രുടെ രാജ്യങ്ങൾ എല്ലാതരം അസംബ ന്ധങ്ങളും കൊണ്ട് പടുത്തുയർത്തിയ താണ്. അവിശ്വാസികളിൽ കാണുന്ന എല്ലാവിധ ദുഃസ്വഭാവങ്ങളും ഇവി ടെയും ദൃശ്യമാണ്. നിയമ കോടതിക ളിൽ കള്ളം പറയുന്ന മുസ്‌ലിംകളുടെ എണ്ണം മറ്റുള്ളവരുടേതിൽ നിന്നും ഒട്ടും കുറവല്ല. കൈക്കൂലി, കളവ്, വ്യഭിചാരം, വ്യാജം ചുരുക്കത്തിൽ അവരുടെ ധാർമ്മികാധഃപതനം അവി ശ്വാസികളെക്കാൾ (കുഫ്ഫാർ) ഒട്ടും പിന്നിലല്ല'.4

മൗദൂദിയുടെ ശാസനയും ആജ്ഞയും സമഗ്രമാണ്. മൗലാന പുറപ്പെടുവിച്ച ഈ ഉത്തരവ് പ്രകാര മുള്ള 'കുഫ്രി'യ ത്തിനടിമപ്പെട്ട 99.9 ശതമാനം മുസ്‌ലിംകൾ സാധാരണ ക്കാരാണെന്നും മുസ്‌ലിം ഉലമാക്ക ന്മാരും മതനേതൃത്ത്വവും ഇതിൽ നിന്ന് ഒഴിവാണെന്നും ചില ആളുകൾ ധരിച്ചിട്ടുണ്ടായിരിക്കും. എന്നാൽ മുസ്‌ലിം നേതൃത്വവും ഉലമാക്കന്മാരും മൗദൂദിസം സ്വീകരിക്കാത്തിടത്തോളം വഴിപിഴച്ച പാപികളാണെന്ന് അദ്ദേഹം പ്രസ്താവിക്കുന്നു. മൗലാന തുടരുന്നു.

പാശ്ചാത്യ വിദ്യാഭ്യാസം ലഭിച്ച രാഷ്ട്രീയനേതാക്കന്മാർ ഉലമാക്കൾ മുസ്‌ലിം നിയമശാസ്ത്ര വിശാരദന്മാർ ഈ നേതാക്കന്മാരോരുത്തരും മാർഗ്ഗ ത്തിലും ലക്ഷ്യത്തിലും അത്യന്തം വഴി പിഴച്ചവരാണ്. അവർക്ക് സത്യത്തിന്റെ പാത വിനഷ്ടമായിരിക്കുന്നു. അവർ ഇരുളിൽ അന്ധരുമായിക്കൊണ്ട് അല യുകയാണ്. അവർക്കാർക്കും തന്നെ ഒരു ഇസ്‌ലാമിക വീക്ഷണ കോ ണില്ല." 5

അതായത് മൗലാനയെ സംബ ന്ധിച്ചിടത്തോളം 99.9 ശതമാനം മുസ്‌ലിം ജനസാമാന്യമോ അവരുടെ മത–ഭൗതിക നേതൃത്വമോ സത്യപാ തയിലല്ല. അവരെല്ലാം വഴിപിഴച്ചിരിക്കു ന്നു. അവരുടെ വീക്ഷണകോൺ മുസ്‌ലിംമിന്റേതല്ല. കുഫ്ഫാറുകളിൽ കാണുന്നയത്ര വിവിധ തരത്തിലുള്ള കുറ്റവാളികൾ മുസ്‌ലിംകളിലും കാണു ന്നു. ഒരാൾ ഉമ്മത്തിനെ മുഴുവൻ മത മുപേക്ഷിച്ചവരുടെ അഥവാ മതപരി ത്യാഗികളുടെ ഒരു കൂട്ടമാണെന്ന് പറ യുകയാണെങ്കിൽ 'അതെ താങ്കൾ സത്യം പറഞ്ഞു' എന്ന് മൗലാന പ്രതി വചിക്കുമായിരുന്നു. മൗലാന തന്റെ വാക്കുകൾ മയപ്പെടുത്തുന്ന കൂട്ടത്തി ലല്ല. ജമാഅത്തെ ഇസ്‌ലാമി വിട്ടു പോയവരെപ്പറ്റി പരാമർശിക്കവെ അദ്ദേഹം പറഞ്ഞു. 'ഈ പാതയിൽ നിന്നു പിൻമാറാൻ സാധ്യമല്ല. പിൻമാ റുക എന്നതിന്റെ അർത്ഥം മതം ഉപേ ക്ഷിക്കുക എന്നാണ്.'** ജമാഅത്തെ ഇസ്‌ലാമിയിൽ നിന്നു വിട്ടുപോയി മറ്റു വല്ല മുസ്‌ലിം കക്ഷികളിലും ചേരുക എന്നത് മതമുപേക്ഷിക്കലാണ്. മറ്റു സംഘടനകൾ സ്വയമേവ കാഫിറുക ളാണ്. മഹാത്മാക്കളുടെ ഖബറിടങ്ങ ളിൽ പോയി പ്രാർത്ഥിക്കുന്ന മുസ്‌ലിംകളും ആദ്യത്തെ മൂന്നു ഖലീ ഫമാരും അപഹർത്താക്കളാണെന്ന് കരുതുന്ന ശിയാക്കളും അപ്രകാരം തന്നെ. മൗലാന മൗദൂദിയുടെ അഭി പ്രായത്തിൽ അഹ്‌ലുസ്സുന്നത്തി വൽജ മാഅത്ത് മുഖ്യധാരയിൽപ്പെട്ട ഇന്ത്യ യിലെയും പാക്കിസ്താനിലെയും ബറേൽവികളെന്നറിയപ്പെടുന്ന മുസ്‌ലിംകളെല്ലാം കാഫിറാണന്ന് കരു തുന്ന, ദയൂബന്ദി ഉലമാക്കന്മാരും മൗലാനയുടെ ഈ അഭിപ്രായത്തെ പിന്തുണക്കുന്നുണ്ട്.

ഇപ്പോൾ ഫലത്തിൽ മൗദൂദികള ല്ലാത്ത എല്ലാവരും മതപരിത്യാഗികളാ ണെന്നാണ് മൗലാന പ്രഖ്യാപിക്കുന്ന ത്.* ജന്മനാ മുസ്‌ലിംകളായുള്ളവ

*** മതപരിത്യാഗി വധാർഹൻ:** ഈജി പ്തിലെ അറിയപ്പെടുന്ന പണ്ഡിതനും മൗലാനാ മൗദൂദിയുടെ അനുയായിയും മതരാഷ്ട്രവാദത്തിന്റെ വക്താവുമായ ശൈഖ് മുഹമ്മദുൽ ഗസ്സാലിയുടെ ഒരു പ്രസ്താവന ഇങ്ങനെയാണ് 'മാധ്യമം' പത്രം റിപ്പോർട്ട് ചെയ്യുന്നത്: "ശരീഅത്ത് നിയമങ്ങൾ (ഹുക്കുമത്തെ ഇലാഹിയ്യ) നടപ്പിലാക്കേണ്ട കാര്യമില്ലെന്ന് വാദി ക്കുന്ന മുസ് ലിംകൾ മതപരിത്യാഗിക ളാണെന്നും അത്തരക്കാർ വധശിക്ഷ അർഹിക്കുന്നുവെന്നുമുള്ള വിഖ്യാത

മൗലാന വിശദീകരിക്കുന്നു. അദ്ദേഹം പറയുന്നു:

'മതപരിത്യാഗിയെ വധിക്കുന്നതിനെക്കുറിച്ച് പലരുടേയും മസ്തിഷ്കത്തിൽ അസ്വസ്ഥതയുണ്ടാക്കുന്ന അവസാനത്തെ ഒരു പ്രശ്നമുണ്ട്. അമുസ്‌ലിമായിരുന്ന ഒരാൾ ഇസ്‌ലാം മതം ആശ്ലേഷിക്കുന്നു. പിന്നീടു വീണ്ടും അയാൾ കുഫ് രിലേക്കു തിരിച്ചുപോകുന്നു. അത് അയാൾ മനപൂർവ്വം ചെയ്ത തെറ്റാണെന്ന് പറയാം. അയാൾക്ക് ഒരു ദിമ്മിയായി തുടർന്നു ജീവിക്കാൻ കഴിയുമായിരുന്നു. അതായത് ഒരു കൂട്ടുത്തരവാദിത്വമുള്ളവരും പുറത്തു കടക്കാനുള്ള കവാടം അടഞ്ഞതുമായ ഒരു മതത്തിലേക്ക് എന്തിനയാൾ കടന്നുവന്നു? എന്നാൽ സ്വയം ഇസ്‌ലാം മതം സ്വീകരിക്കാതെ മുസ്‌ലിം മാതാപിതാക്കന്മാരുടെ വീട്ടിൽ ജനിച്ചതുകൊണ്ട് മാത്രം മുസ്‌ലിംമായിത്തീർന്ന ഒരാൾ ഇസ്‌ലാം മതത്തിൽ വിശ്വാസമിലാത് കാരണത്താൽ ഇസ്‌ലാം മതം ത്യജിക്കുകയാണെങ്കിൽ അയാളെ കൊല്ലുമെനന്ന് ഭീഷണിപ്പെടുത്തി ഇസ്‌ലാമിൽ തന്നെ തുടരുന്നത് തികച്ചും അനീതിയായിരിക്കും. ഇതിന്റെ ഫലമായി ജന്മനാ മുസ്‌ലിംകളായവരിൽ നല്ലൊരു വിഭാഗം കപട വിശ്വാസികളായിത്തീരുന്നതായിരിക്കും ഈയൊരു പ്രശ്നത്തിനു പ്രായോഗികവും താത്വികമായും രണ്ടുതരത്തിലുള്ള പരിഹാരമുണ്ട്. മതം മാറി വന്നു മുസ്‌ലിമായിത്തീർന്ന ഒരു മുസ്‌ലിമും ജന്മനാ മുസ്‌ലിമും തമ്മിൽ താത്വികമായി യാതൊരു വ്യത്യാസവും ഇല്ല. മതം മാറിവന്ന പരിവർത്തിതർക്കും കണക്കാക്കപ്പെടും. ഇസ്‌ലാമിലെ എല്ലാ നിയമങ്ങളും അവരിൽ പ്രാവർത്തികമാക്കപ്പെടുന്നതാണ്. ഇസ്‌ലാമിലെ എല്ലാ നിർബന്ധകാര്യങ്ങളും ബാധ്യതകളും നടപ്പാക്കാൻ അവർ നിർബന്ധിതരായിതീരുന്നതാണ്. ഇതിനുശേഷം ആരെങ്കിലും ഇസ്‌ലാമിക വൃത്തത്തിൽ നിന്നും പുറത്തുപോകാൻ ആഗ്രഹിച്ചാൽ അവർ വധിക്കപ്പെടുന്നതാണ്. കുഫ്റിന്റെ മടിത്തട്ടിൽ വീഴാൻ പോവുന്ന ധാരാളം സ്ത്രീപുരുഷന്മാരെ ഈവിധം രക്ഷപ്പെടുത്താൻ ശ്രമിക്കും. അതായത് ഒരു വിധത്തിലും രക്ഷപ്പെടുത്താൻ സാധിക്കാത്തവരെ നമ്മുടെ സൊസൈറ്റിയിൽ നിന്ന് വിച്ഛേദിച്ചെറിയപ്പെടും (വധിക്കപ്പെടും) ഈ ശുദ്ധീകരണത്തിനു ശേഷം സ്വമനസ്സാലെ മുസ്‌ലിമായി കഴിയാൻ ആഗ്രഹിക്കുന്നവരെക്കൊണ്ട് പുതിയൊരു ഇസ്‌ലാമിക സൊസൈറ്റിയുടെ ആരംഭം കുറിക്കുന്നതാണ്.7

മതപരിത്യാഗി വധിക്കപ്പെടണമെന്ന മൗലാനയുടെ ഈ നിയമം അയവുള്ളതാക്കിയിരിക്കുന്നത് ഏത് 'ഇജ്തിഹാദദജിന്റെ' (മതഗവേഷണം) അടിസ്ഥാനത്തിലാണെന്ന് മൗലാന നമ്മോട് പറയുന്നില്ല.** എപ്പോഴെങ്കിലുമൊരിക്കൽ ഇസ്‌ലാമിക രാഷ്ട്രം നിലവിൽ വരുന്ന സമയത്ത് മാത്രമാണ് ഈ സൗജന്യമനുവദിച്ചിട്ടുള്ളത്. ദയാപൂർവ്വം അനുവദിക്കുന്ന ഈ കാലയളവിനു (ഒരു വർഷത്തിനു) ശേഷം ജന്മനാ കാഫിറുകളായ മുസ്‌ലിംകൾ ഉന്മൂലനം ചെയ്യപ്പെടും. ഈ നിർഭാഗ്യവാന്മാർക്ക് യാതൊരുവിധ ഇളവും അനുവദിക്കാതിരിക്കാനുള്ള കാരണം രുടെ കാര്യത്തിൽ ഈ വിഷയം മൗലാന വളരെ സൂക്ഷ്മമായി വിശദീകരിക്കുന്നു. അതാകട്ടെ മൗദൂദിയുടെ ഏറ്റവും വിഷമകരമായ ഒരു വാദഖണ്ഡമാണുതാനും. അദ്ദേഹത്തിന്റെ സ്വന്തം ഇസ്‌ലാമിനെപറ്റി ചർച്ച ചെയ്തുകൊണ്ട് മൗലാന പറയുകയാണ്.

'ഞാൻ പാരമ്പര്യ ഇസ്‌ലാ മിനെ ഗളഹസ്തം ചെയ്തിരിക്കുന്നു. ഞങ്ങൾ ഖുർആൻ വായിച്ചു. മുഹമ്മദ് നബി(സ)യുടെ ജീവിതം വായിച്ചു.... ഞാൻ ഇപ്പോൾ ഒരു നവമുസ്‌ലിമാണ്.' 6

ഇതേ അടിസ്ഥാനത്തിൽ അദ്ദേഹം മറ്റു മുസ്‌ലിംകളെ പുനഃപരിവർത്തനം ചെയ്യാൻ ഒരു പദ്ധതി ആവിഷ്കരിച്ചു. അദ്ദേഹം താഴെ എഴുതിയ വാചകങ്ങളിൽ തന്റെ പദ്ധതി അനാവരണം ചെയ്യുന്നു.

ഏതൊരു നാട്ടിലാണോ ഇസ്‌ലാമിക വിപ്ലവം ഉണ്ടാകുന്നത് അവിടെയുള്ള മുസ്‌ലിം ജനതക്ക് ഒരു നോട്ടീസ് നൽകപ്പെടും. അതായത്, ആരാണോ ഇസ്‌ലാമിൽ നിന്നും വിശ്വാസപരവും കർമ്മപരവുമായ കാര്യങ്ങളിൽനിന്നും വിട്ടുനിൽക്കാനാഗ്രഹിക്കുന്നത് എന്നാരാഞ്ഞുകൊണ്ടുള്ളതാണ് ആ നോട്ടീസ്. ഈ വിളംബരത്തിനുശേഷം ഒരു വർഷത്തിനകം അമുസ്‌ലിമാകാൻ ആഗ്രഹിക്കുന്നവർ അമുസ്‌ലിംകളാണെന്ന് പ്രഖ്യാപിച്ചുകൊണ്ട് മുസ്‌ലിം സൊസൈറ്റിയിൽ നിന്ന് പുറത്തുപോകേണ്ടതാണ്. ഈ കാലപരിധിക്ക് ശേഷം ജന്മനാ മുസ്‌ലിംങ്ങളെല്ലാം മുസ്‌ലിംകളായി

**** മൗദൂദിയുടെ ഔദാര്യം:** ജന്മനാ കാഫിറുകളായ മുസ്‌ലിംകൾ അഥവാ മുസ്‌ലിം ദമ്പതിമാർക്ക് പിറന്ന നാമമാത്ര മുസ്‌ലിംകൾ മതപരിത്യാഗികളാണെന്ന് മൗദൂദി കരുതുന്നു. തൽക്ഷണം വധിക്കപ്പെടേണ്ട അവർ ഒരു വർഷത്തെ സൗജന്യം അനുവദിച്ചതിന്റെ കാരണം മൗദൂദി വ്യക്തമാക്കുന്നില്ല. മുസ്‌ലിം ദമ്പതിമാർക്ക് പിറന്ന കാഫിറുകളും മുസ്‌ലിംകളും ഇസ്‌ലാമിക രാഷ്ട്രം നിലവിൽ വന്ന് ഒരു വർഷത്തിനുള്ളിൽ ഭരണകക്ഷിയായ ജമാഅത്തെ ഇസ്‌ലാമിയിലോ പ്രതിപക്ഷമായ കുഫിരിയത്തിലോ അണിനിരക്കേണമെന്നാണ് മൗദൂദി സാഹിബ് പറയുന്നത്. അതിനുശേഷം മതമുപേക്ഷിക്കുന്നവനെ വധിക്കുക. മുസ്‌ലിം ദമ്പതിമാർക്ക് പിറന്ന നാമമാത്ര മുസ്‌ലിംകളോടുള്ള മൗദൂദിയുടെ ഔദാര്യമായി നമുക്ക് ഇതിനെ കാണാം. (വിവ:)

ഈജിപ്ഷ്യൻ പണ്ഡിതനായ മുഹമ്മദ് ഗസ്സാലിയുടെ അഭിപ്രായപ്രകടനം ഈജിപ്തിൽ വിവാദങ്ങൾക്ക് തീ കൊളുത്തി. ചില സംഘടനകൾ ഈ പരാമർശം പിൻവലിക്കണമെന്നാവശ്യപ്പെട്ടു മുറവിളി കൂട്ടുന്നു. തന്റെ ഈ അഭിപ്രായപ്രകടനം വിവാദം സൃഷ്ടിച്ചതിൽ അദ്ദേഹം വിസ്മയം കൂറുന്നു. ഖുർആനിന്നും, തിരുചര്യക്കം, ഇജ്മാഇന്നും (അഭിപ്രായ സമന്വയം) അനുരൂപമാണ് തന്റെ അഭിപ്രായമെന്ന് അദ്ദേഹം വാദിക്കുന്നു." ('മാധ്യമം' ദിനപത്രം 26 ജൂലായ് 93) (വിവ:)

ജന്മനാ വിശ്വാസികൽക്കും ഒരേ വിധത്തിലുള്ള കല്പനകൾ (വിധിവിലക്കുകൾ) ആണുള്ളത്. അതേപ്രകാരം ഒരു മതത്തിലെ (രാഷ്ട്രത്തിലെ പൗരന്മാരുടെ) കുട്ടികളെ പ്രായപൂർത്തി എത്തുന്നത് വരെ കാഫിറുകളോ പരദേശികളോ ആയി കണക്കാക്കുകയും പിന്നീടു അവർ പ്രായപൂർത്തിയെത്തിയാൽ അയാൾ ജനിച്ച മതം അല്ലെങ്കിൽ സ്റ്റെയിറ്റ് വിശ്വസ്തതയോടെ സ്വീകരിക്കാനോ ത്യജിക്കാനോ അനുവദിക്കുന്നത് അസാധ്യവും യുക്തിപരമായി അസംബന്ധവുമാണ്. ഈ രീതിയിൽ ലോകത്ത് ഒരു കൂട്ടുത്തരവാദിത്യമുള്ള സംവിധാനവും പ്രവർത്തിക്കുന്നതല്ല.***9

ഇസ്ലാം മതപരിത്യാഗത്തിന് വധശിക്ഷ വിധിക്കുന്നു വെന്നും ജമാഅത്തെ ഇസ്ലാമി ഒഴിച്ച് ബാക്കി മുഴുവൻ മുസ്ലിംകളും കാഫിറാണെന്നുമുള്ള മൗദൂദിയൻ നിയമം നാം അംഗീകരിച്ചാൽ തന്നെ മൗദൂദികളല്ലാത്ത മുസ്ലിംകളെല്ലാം മതപരിത്യാഗികളാണെന്ന് മൗദൂദിയൻ യുക്തിശാസ്ത്രമുപയോഗിച്ച് പോലും നമുക്ക് കണക്കാക്കാൻ സാധ്യമല്ല. കാരണം അവരെല്ലാം ജന്മനാ കാഫിറാണല്ലോ. മൗലാന താൻ ചുട്ട അപ്പം താൻ തന്നെ തിന്നുന്നതിലേക്ക് വരുന്നു! ഈ മൗദൂദിയൻ സങ്കൽപ പ്രകാരമുള്ള ഇസ്ലാമുമായി വിയോജിക്കുന്ന മുസ്ലിംകളെ ആദ്യമായി ജന്മനാ മുസ്ലിംകളെന്നും ജന്മനാ കാഫിറുകളെന്നും രണ്ടുവിധത്തിൽ വിവരിച്ചിരിക്കുന്നു. കാരണം അവർ (ജന്മനാ കാഫിർ) തങ്ങളുടെ മാതാപിതാക്കന്മാരാൽ കുഫ്റിയത്തിന്റെ അന്തരീക്ഷത്തിൽ വളർത്തപ്പെട്ടവരാണ്. അവരെ മത പരിത്യാഗികളാണെന്ന് വിളിക്കുന്നതിന് കാരണം അവർ പ്രായപൂർത്തിയെത്തിയ സന്ദർഭത്തിൽ മൗദൂദിയൻ സങ്കൽപപ്രകാരമുള്ള ഇസ്ലാം സ്വീകരിക്കുന്നതിന് പകരം മാതാപിതാക്കന്മാരുടെ കുഫ്രിയത്തിനെ നിഷേധിക്കാതെ തുടരുകയാണ് ചെയ്തത് എന്നതാണ്. ഒരു അമുസ്ലിം ഇസ്ലാം മതം സ്വീകരിക്കുകയും പിന്നീട് അത് ഉപേക്ഷിക്കുകയും ചെയ്താൽ അയാൾ വധിക്കപ്പെടേണ്ടതാണ്. കാരണം ഇസ്ലാമിലേക്ക് പ്രവേശിച്ചു കഴിഞ്ഞാൽ പിന്നെ രക്ഷപ്പെടാൻ സാധ്യമല്ല എന്ന് അറിഞ്ഞുകൊണ്ടാണ് അയാൾ ഇസ്ലാമിലേക്ക് പ്രവേശിക്കുന്നത്. അതുപോലെ ജന്മനാ 'മൗദൂദി' മുസ്ലിമല്ലാത്ത' ഒരാളെയും മതപരിത്യാഗിയായി കണക്കാക്കാം. അയാൾ പ്രായപൂർത്തിയായതിന് ശേഷം ഇസ് ലാമിന്റെ മൗദൂദിയൻ സങ്കൽപങ്ങൾ സ്വീകരിച്ചിട്ടില്ല എന്നതാണ് കാരണം. ഈ വാദഗതികൾ വ്യക്തമായും മൗലാനയുടെ ഏകാധിപത്യപരവും കൃത്രിമവും അസഹിഷ്ണുതയും നിറഞ്ഞ വ്യക്തിത്വമാണ് കാണിക്കുന്നത്. ജന്മനാ മുസ്ലിമാവട്ടെ മതം സ്വീകരിച്ച മുസ്ലിമാട്ടെ ഒരു മുസ്ലിം മൗലാനയുടെ പരിധിക്കപ്പുറമില്ല. അതായത് മതത്തിൽ യാതൊരു ബലാൽക്കാരവുമില്ല എന്ന ഖുർആനിക വചനം താഴെ എഴുതിയ രീതിയിലാണ് മൗലാനാ മൗദൂദി വിവരിച്ചിരിക്കുന്നത്.

'ലാഇക്റാഹഫിദ്ദീൻ (മതത്തിൽ ബലാൽക്കാരമില്ല) എന്ന ആശയത്തിന്റെ അർത്ഥം ഞങ്ങളുടെ മതം സ്വീകരിക്കാൻ ആരെയും ഞങ്ങൾ നിർബന്ധിക്കുന്നില്ല എന്നാണ്. ഞങ്ങളുടെ നിലപാടിതാണ്. എന്നാൽ വന്നിട്ട് തിരിച്ചുപോകാനാണ് ഭാവമെങ്കിൽ ഈ വാതിൽ സ്വതന്ത്രമായ ഗതാഗതത്തിനു വേണ്ടി തുറന്നിടപ്പെട്ടിട്ടുള്ളതല്ല എന്ന് ആദ്യം തന്നെ മുന്നറിയിപ്പ് നൽകുകയാണ്. അതുകൊണ്ട് വരുന്നുവെങ്കിൽ തിരിച്ചുപോകാൻ പാടുള്ളതല്ല. അല്ലെങ്കിൽ നിങ്ങൾ വരാതിരിക്കുന്നത് നല്ലത്.

മൗലാനാ മൗദൂദിയുടെ ഈ ഖുർആൻ വ്യാഖ്യാനത്തിന് പ്രമുഖ അഹ്ലെ ഖുർആൻ പണ്ഡിതനായ ഗുലാം അഹ് മദ് പർവേഴ്സിന്റെ പരാമർശം ഇങ്ങനെയാണ്.

'മൗദൂദി സാഹിബിന്റെ ഇസ്ലാം ഒരു എലിക്കെണി പോലെയാണ്. എലിക്ക് അതിൽ വന്നുപെടാം. പക്ഷെ പിന്നീടൊരിക്കലും രക്ഷപ്പെടാൻ സാധ്യമല്ല.'

മൗലാനയുടെ വാദത്തിന്റെ കേന്ദ്രബിന്ദു ഇതാകുന്നു. അതായത് എല്ലാ മതങ്ങളും ആ മതത്തിന്റെ അനുയായികളുടെ സന്തതി പരമ്പരകളെയും അതാത് മതത്തിന്റെ അനുയായികളായി കണക്കാക്കുന്നു എന്നാണ്. അതുകൊണ്ട് മുസ്ലിം മാതാപിതാക്കന്മാർ അവർ കാഫിറായിരുന്നാൽ പോലും അവരുടെ സന്തതികൾ മുസ്ലിം സമ്പത്തായി കണക്കാക്കപ്പെടും. ഈ കുഞ്ഞുങ്ങളുടെ മേൽ മുസ്ലിം സൊസൈറ്റി സ്വത്തവകാശം സ്ഥാപിച്ചു കഴിഞ്ഞാൽ പ്രായപൂർത്തിയായതിന് ശേഷം അവർക്ക് മറ്റൊരു മതം എങ്ങനെ സ്വീകരിക്കാൻ കഴിയും? ഈ കാര്യങ്ങൾ വിശദീകരിക്കാൻ മൗലാനാ പ്രവാചകന്റെ (സ) താഴെ പറയുന്ന വചനങ്ങൾ കണ്ടില്ലെന്നു നടിക്കുന്നു.

'ഓരോ ശിശുവും ഒരു മുസ്ലിമായിക്കൊണ്ടുള്ള അവസ്ഥയിലാണ് ജനിക്കുന്നത്. പക്ഷേ അവന്റെ മാതാപിതാക്കളാണ് അവനെ ജൂതനും ക്രൈസ്തവനും സൊറോസ്ട്രിയനും ആക്കിത്തീർക്കുന്നത്.*9

മുസ്ലിം കുഞ്ഞുങ്ങൾ മുസ്ലിംകളുടെ പൊതു സ്വത്താണെന്ന മൗലാനയുടെ വാദത്തിന്റെ കേന്ദ്രബിന്ദു ശരിയാണെങ്കിൽ അത് മുസ്ലിം സന്തതികളിൽ മാത്രമെന്തിനു ഒതുക്കി നിർത്തുന്നു? അത് എന്തുകൊണ്ട് അമുസ്ലിം സന്തതികൾക്കു കൂടി ബാധകമാക്കുന്നില്ല? ഹദീസ് പ്രകാരം അമുസ്ലിം കുഞ്ഞുങ്ങൾ ജന്മനാ മുസ്ലിം എന്ന നിലക്ക് മുസ്ലിം സൊസൈറ്റിക്ക് അവകാശപ്പെട്ടതല്ലേ? ഇത് എല്ലാ അമുസ്ലിം സന്തതികളുടെയും പൂർണ നിയന്ത്രണം മൗദൂദിയൻ ഭരണകൂടത്തിന്റെ കൈയ്യിൽ ഏൽപിച്ചു കൊടുക്കുന്നു. ഇതുപ്രകാരം ഒരു സന്തതിയും മൗദൂദിയൻ പരിധിയിൽ പെട്ടതാകട്ടെ അല്ലാത്തതാവട്ടെ യാതൊരു വ്യത്യാസവും കൽപിച്ചിട്ടില്ല. അവരെല്ലാം മൗദൂദിയുടെ കരവലയത്തിലൊതുങ്ങുന്നു. മേലുദ്ധരിച്ച

*(ശേഷം 34-ാം പേജിൽ)*

**മുസാഫിർ**

## കുറിപ്പുകൾ

# സുനാമി ഉയർത്തുന്ന ചിന്തകൾ

ഡിസംബർ 26 ന് ഇന്ത്യൻ മഹാസമുദ്രത്തിലെ സുമാത്ര ദ്വീപിനടുത്ത് ബന്ദ ആച്ചെയിൽ സംഭവിച്ച ഭൂകമ്പത്തിന്റെ പ്രഭവകേന്ദ്രം കടൽത്തറയിൽ നിന്നും 10 കി.മീറ്റർ ആഴത്തിലായിരുന്നു. ഭൂകമ്പത്തിൽ നിന്നും അതിഭീമമായ ഊർജ്ജം ഏറ്റുവാങ്ങി രൂപം കൊണ്ട സുനാമി എന്ന രാക്ഷസത്തിരമാലകൾ കിഴക്കനേഷ്യൻ രാജ്യങ്ങളിലെ കടലോരങ്ങളിലേക്ക് ഇരച്ചു കയറിയപ്പോൾ മരിച്ചുവീണത് ഒന്നര ലക്ഷം മനുഷ്യജീവിതങ്ങൾ!

സുനാമി എന്ന ജപ്പാൻ പദത്തിനർത്ഥം 'തുറമുഖ തിര' എന്നാണ്. 'സു' എന്നാൽ തുറമുഖം 'നാമി' എന്നാൽ തിരയെന്നും. കടൽക്കരയിലേക്ക് തള്ളിക്കയറി തുറമുഖ സമാനമായ ജലഖണ്ഡങ്ങൾ സൃഷ്ടിക്കുന്നത് കൊണ്ടായിരിക്കാം രാക്ഷസതിരമാലകൾക്ക് സുനാമി എന്ന പേര് വന്നത്. അപൂർവ്വങ്ങളിൽ അപൂർവ്വമായ സുമാത്ര ഭൂകമ്പം റിക്ച്ചർ സ്കെയിലിൽ 9 ആണ് രേഖപ്പെടുത്തിയത്. കഴിഞ്ഞ നൂറു വർഷത്തിനിടയിൽ നാലാമത്തെ ഏറ്റവും വലിയ ഭൂകമ്പമാണിത്. ഇന്ത്യൻ മഹാസമുദ്രത്തിലൂടെ ജെറ്റ് വേഗത്തിൽ കുതിച്ച സുനാമി തരംഗങ്ങളാണ് ഈ പ്രകൃതികോപത്തെഇത്രവലിയ ഭൂവൃത്തത്തിൽ അഭൂതപൂർവ്വമായ പ്രകൃതി ദുരന്തമാക്കി മാറ്റിയത്. ഇന്ത്യയുടെ കിഴക്കൻ കടൽക്കരയിലാണ് സുനാമി മരണനൃത്തമാടിയത്. തമിഴ്നാട്ടിലും ആന്ധ്രയിലുമാണ് മരണസംഖ്യ കൂടുതൽ ഉയർന്നത്. കേരളത്തിലെ മരിച്ച 175 പേരടക്കം ഇന്ത്യയിൽ 13000 പേർ മരിച്ചുവെന്നാണ് അവസാനത്തെ കണക്ക്. ഇന്ത്യൻ സമുദ്രത്തിലെ ആന്തമാൻനിക്കോബാർ ദ്വീപിലുണ്ടായിരുന്ന അഞ്ചിലൊന്ന് പേരെങ്കിലും സുനാമിയിൽ അപ്രത്യക്ഷരായതായി പറയപ്പെടുന്നു. ഇന്തോനേഷ്യ, ശ്രീലങ്ക, തായ്ലണ്ട്, മലേഷ്യ മുതലായ രാജ്യങ്ങളിലെല്ലാം സുനാമി ദുരന്തം വിതച്ചു. 80,000 ആളുകളാണ് ഇന്തോനേഷ്യയിൽ മാത്രം മരിച്ചത്.

എന്താണ് ഭൂകമ്പങ്ങൾക്ക് കാരണം? മനുഷ്യൻ രാജ്യങ്ങൾക്ക് അതിർത്തി നിശ്ചയിച്ചത് പോലെ ഭൂമിയിൽ അതിർത്തി നിർണ്ണയിക്കപ്പെട്ട ചില ഖണ്ഡങ്ങളുണ്ട്. ലിതോസ്ഫിയറിക് പ്ലെയിറ്റ് (Lithosphearic Plate) എന്നാണ് അവ അറിയപ്പെടുന്നത്. ഇങ്ങനെയുള്ള 10 വൻ ഭൂഫലകങ്ങളും 20 ചെറിയ ഭുഫലകങ്ങളും ഭൂമിയിലുണ്ട്. വെള്ളത്തിലിട്ട പൊങ്ങുതടികൾ പോലെയുള്ള അവ വളരെ മന്ദമായി അകലുകയും അടുക്കുകയും ചെയ്യുന്നു. പ്ലെയിറ്റ് ടാക്ടോണിക്സ് എന്നറിയപ്പെടുന്ന ഈ പ്രതിഭാസമാണ് ഭൂകമ്പങ്ങൾക്ക് കാരണം. 1968 ലാണ് പ്ലേറ്റ് ടാക്ടോണിക്സ് അഥവാ ഭൂഫലക വിവർത്തനിക സിദ്ധാന്തം ആവിഷ്കൃതമായത്. വാസ്തവത്തിൽ ഭൂമിയുടെ ഉപരിതലം ഇന്ന് നാം കാണുന്നത് പോലെ രൂപപ്പെടുത്തിയെടുത്തത് ഭൂഫലകങ്ങളുടെ ഇത്തരത്തിലുള്ള വിസ്ഥാപനവും ചലനങ്ങളുമാണ്. പണ്ട് ഭൂമിയുടെ കരഭാഗമെല്ലാം ഒരു സ്ഥലത്ത് മാത്രം കേന്ദ്രീകരിക്കപ്പെട്ടതായിരുന്നു. 'ഗ്വാണ്ട്വാന' എന്ന് ഭൗമശാസ്ത്രജ്ഞന്മാർ വിളിക്കുന്ന ആ ഏക ഭൂഖണ്ഡത്തെ പിളർന്ന് ഭൂഖണ്ഡങ്ങളായി ഇന്നത്തെ രീതിയിൽ രൂപപ്പെടുത്തിയതും ഭൂമിയിൽ പർവ്വതങ്ങളും മലകളും നിലവിൽ വന്നതും പ്ലേറ്റ് ടാക്റ്റോണിക്സിന്റെ ഫലമായിട്ടാണ്.

പ്ലേറ്റ് ടാക്റ്റോണിക്സ് മൂന്നു വിധത്തിലുണ്ട്. 1) രണ്ട് ഫലകങ്ങൾ പരസ്പരം അകന്നുപോകുന്ന അതിരുകൾ ഉള്ളത് (Divergent Margin 2). രണ്ട് ഫലകങ്ങൾ പരസ്പരം കൂട്ടിമുട്ടുന്ന അതിരുകൾ ഉള്ളത് (Convergent Margin), 3). രണ്ട് ഫലകങ്ങൾ പരസ്പരം ഉരസി സമാന്തരമായി പോവുന്ന അതിരുകൾ ഉള്ളത് (Shear Margin). രണ്ട് ഫലകങ്ങൾ പരസ്പരം അകന്ന് പോകുമ്പോൾ ആ വിള്ളലിലേക്ക് ഭൂമിയുടെ ഉള്ളിൽ നിന്നും ലാവ തള്ളിക്കയറുന്നു. അവിടെ അത് തണുത്തുറഞ്ഞ് പുതിയ കടൽ തറകളും പാറകളും രൂപം കൊള്ളുകയും ഫലകങ്ങളുടെ ദോലനത്തെ തടയുകയും ചെയ്യുന്നു. അടിത്തറ പൊട്ടുമ്പോൾ കോൺക്രീറ്റ് ചെയ്ത് ഉറപ്പിക്കുകയും ഇളക്കം നിർത്തുകയും ചെയ്യുന്ന ഭൂമിയുടെ ഒരു സ്വയം സംവിധാനമാണിത്. അപ്രകാരം രണ്ട് ഫലകങ്ങൾ തമ്മിൽ കൂട്ടിമുട്ടി (Converge) അതിരുകൾ മുകളിലേക്ക് തിരഞ്ഞുകയറിയാണ് പർവ്വതങ്ങൾ രൂപപ്പെടുന്നത്. ഇന്ത്യൻ പ്ലെയിറ്റ് യൂറേഷ്യൻ പ്ലെയിറ്റിനു മേൽ ഇടിച്ചു കയറി വക്കുകൾ മേലോട്ടുയർന്നാണ് ഹിമാലയൻ പർവ്വതവും തിബത്തൻ പീഠഭൂമിയും ഉണ്ടായിട്ടുള്ളത്. ആ പ്രക്രിയ ഇപ്പോഴും

തുടരുന്നതിനാൽ ഹിമാലയ പർവ്വതം ഇപ്പോഴും വളരുകയാണ്. ചിലപ്പോൾ കൂട്ടിമുട്ടുന്ന ഫലകങ്ങളിൽ ഒന്നിന്റെ അരിക് തകർന്ന് ഭൂമിയുടെ അന്തർഭാഗത്തെ ചുട്ടുതിളയ്ക്കുന്ന ദ്രാവകാവസ്ഥയിലുള്ള ലാവാ ദ്രവത്തിലേക്ക് മുങ്ങി അതിൽ ലയിച്ചു ചേരുന്നു. ഇങ്ങനെ മുങ്ങിപ്പോകുന്ന മേഖലയെ നിമജ്ഞന മേഖല (Subduction Zone) എന്ന് പറയുന്നു. സുമാത്ര അത്തരത്തിലുള്ള ഒരു സബ്ഡക്ഷൻ മേഖലയിലാണ്. ഇന്ത്യൻ പ്ലെയിറ്റ് ബർമ്മാ പ്ലെയിറ്റിനെ ഇടിച്ചു താഴ്ത്തുന്ന ഭൗമ പ്രവർത്തനമാണ് ഈ മേഖലയിൽ നടക്കുന്നത്. ഇന്ത്യൻ പ്ലെയിറ്റ് ബർമ്മാ പ്ലെയിറ്റിനു നേരെ വർഷത്തിൽ 5 സെ. മീ. വേഗത്തിൽ നീങ്ങുന്നതായി ജിയോപൊസിഷനിങ്ങ് സംവിധാനങ്ങൾ രേഖപ്പെടുത്തിയതായി ഭൗമനിരീക്ഷണകേന്ദ്രങ്ങൾ പറയുന്നു. നിർമ്മാണവും സംഹാരവും അടങ്ങിയിട്ടുള്ള അത്ഭുതകരമായ പ്രവർത്തനങ്ങളാണ് നമ്മുടെ കാൽച്ചുവട്ടിൽ തന്നെയുള്ള ഭൂമിയിൽ നടന്നു കൊണ്ടിരിക്കുന്നത്. ഇത്തരം പ്രവർത്തനങ്ങളിലേക്ക് അഗാധമായ അർത്ഥങ്ങളിൽ പരാമർശിച്ചു കൊണ്ടുള്ളതും ഗവേഷണ വിചിന്തനങ്ങൾ ആവശ്യപ്പെടുന്നതുമായ നിരവധി വചനങ്ങൾ ഖുർആനിലുണ്ട്. ശിക്ഷാ രൂപത്തിലുള്ള ഭൂകമ്പങ്ങളെപ്പറ്റി പറയുന്നതോടൊപ്പം അല്ലാഹുവിന്റെ സൃഷ്ടിവൈഭവത്തെ വെളിവാക്കുന്ന പരാമർശങ്ങളും ഖുർആനിൽ കാണാം.

'ഭൂമിയിൽ അടുത്തടുത്ത് കിടക്കുന്ന പല ഖണ്ഡങ്ങളുമുണ്ട്' (13:5) 'അവൻ ഭൂമിയിൽ അടിയുറച്ച മലകൾ സ്ഥാപിച്ചിരിക്കുന്നു. നിങ്ങളെയും കൊണ്ട് ഭൂമി കുലുങ്ങാതിരിക്കാൻ വേണ്ടി'.(16:16) 'ആ സംഭവിക്കുന്നത് സംഭവിക്കുമ്പോൾ.... താഴ്ത്തുന്നതും ഉയർത്തുന്നതുമാണ്. ഭൂമി ശക്തമായി പ്രകമ്പനം ചെയ്യപ്പെടുകയും ചെയ്യും' (56:45)- പർവ്വതങ്ങൾ ഉറച്ചുനിൽക്കുന്നതായി നീ കാണുന്നു. എന്നാൽ അവ മേഘങ്ങൾ ചലിക്കുന്നത് പോലെ ചലിക്കുന്നു. എല്ലാ വസ്തുക്കളേയും സൃഷ്ടിച്ചു ബലപ്പെടുത്തിയിരിക്കുന്ന അല്ലാഹുവിന്റെ പ്രവർത്തനമാണിത് (27:89)

ഭൂകമ്പങ്ങളെക്കുറിച്ച് മനുഷ്യൻ എത്രതന്നെ മനസ്സിലാക്കിയാലും ഭൂകമ്പങ്ങളും അതുണ്ടാക്കുന്ന പ്രത്യാഘാതങ്ങളുടെ അളവും അപ്രവചനീയമായി തന്നെ തുടരാനാണ് സാധ്യത. കാരണം, ഭൗമ ഫലകങ്ങളുടെ ബലതന്ത്രത്തിന്റെ എല്ലാ ഘടകങ്ങളും നിർണ്ണയിച്ചു ഗണിച്ചുകൂട്ടാൻ മനുഷ്യന് സാധ്യമല്ല. സൂക്ഷ്മ കണങ്ങളെ (Particle Physics) പറ്റിയുള്ള ശാസ്ത്രം മുതൽ ഖഗോള ശാസ്ത്രം വരെയുള്ള മേഖലകളിൽ ഈ അപ്രവചനീയതയെ അഥവാ അരേഖീയത (Non Linearity) യെ സംബന്ധിച്ച് ശാസ്ത്രത്തിന് ബോദ്ധ്യം വന്നിരിക്കുന്നു. എല്ലാ ഭൗതിക പ്രവർത്തനങ്ങളും നാം അറിഞ്ഞുകഴിഞ്ഞു, അല്ലെങ്കിൽ നമുക്ക് അറിയാൻ കഴിയുന്ന നിശ്ചിത നിയമങ്ങൾ പ്രകാരമാണ് സംഭവിക്കുന്നത് എന്നായിരുന്നു ക്ലാസിക്കൽ ഭൗതികശാസ്ത്രം ധരിച്ചത്. അതായത് ഒരു വസ്തുവിന്റെ അല്ലെങ്കിൽ ഒരു വ്യൂഹത്തിന്റെ ചലനത്തിൽ പ്രാരംഭികാവസ്ഥ എത്ര കൃത്യമായി അറിയുന്നുവോ അതേ കൃത്യതയോടെ അതിന്റെ ഭാവി അവസ്ഥകളും പ്രവചിക്കാൻ കഴിയുമെന്നാണ് ക്ലാസിക്കൽ ഭൗതികത്വത്തിന്റെ നിലപാട്. ഈ ദർശനധാരക്കാണ് നിർണ്ണയതത്വം അഥവാ നിശ്ചിത തത്വം (Determinism) എന്ന് പറയുന്നത്. ഭൗതികശാസ്ത്രത്തിന്റെ ക്ലാസിക്കൽ കാലഘട്ടത്തിലുണ്ടായിരുന്ന നിർണ്ണിത തത്വം ക്വാണ്ടം തിയറിയുടെ വരവോടെ ചോദ്യം ചെയ്യപ്പെട്ടിരിക്കുകയാണ്. അതായത് ഒരു ഭൗതിക പിണ്ഡത്തിന്റെ അസ്തിത്വം നിർണ്ണയിക്കണമെങ്കിൽ അതിന്റെ സ്ഥാനവും വേഗതയും അറിയേണ്ടതുണ്ട്. എന്നാൽ സൂക്ഷ്മ കണങ്ങളെ ഈ ഭൗതികമാനദണ്ഡങ്ങളുപയോഗിച്ച് അളക്കാൻ സാധ്യമല്ല. ഉദാഹരണത്തിന് ചലിച്ചുകൊണ്ടിരിക്കുന്ന ഇലക്ട്രോണിന്റെ സ്ഥാനം എത്ര കൂടുതൽ കൃത്യമായി അളക്കാൻ ശ്രമിക്കുന്നുവോ അത്രയും കൂടുതൽ തെറ്റായിരിക്കും അതിന്റെ വേഗതയെ സംബന്ധിച്ച അറിവ്. അപ്രകാരം വേഗത കൃത്യമായി നിർണ്ണയിക്കാൻ ശ്രമിച്ചാൽ സ്ഥാനത്തെ സംബന്ധിച്ച അകൃത്യതയായിരിക്കും ഫലം. ഈ കണ്ടെത്തലോടെ സ്ഥാനത്തിന്റെയും ചലനത്തിന്റെയും അടിസ്ഥാനത്തിൽ പ്രതിഭാസങ്ങൾ പ്രവചിക്കാമെന്ന ഭൗതികശാസ്ത്രത്തിന്റെ അവകാശവാദം കാലഹരണപ്പെടുകയുണ്ടായി. പദാർത്ഥങ്ങൾ നിർമ്മിച്ചിരിക്കുന്ന അതിസൂക്ഷ്മ കണങ്ങൾ പദാർത്ഥങ്ങളെ സംബന്ധിക്കുന്ന ഭൗതിക നിയമങ്ങൾക്ക് വഴങ്ങുന്നില്ല എന്ന അറിവ് ആധുനിക കാലത്ത് ഭൗതിക ശാസ്ത്രത്തിന്നേറ്റ പ്രഹരമാണ്. അനിശ്ചിതത്വം (Uncert ainity), സംഭവ്യത അതായത് സംഭവിക്കുമോ ഇല്ലയോ എന്ന സാധ്യത (Probability), സ്ഥാനം നിർണ്ണയിക്കാൻ സാധിക്കായ്ക (Non Locality) മുതലായ പ്രതിഭാസങ്ങൾ ഭൗതിക ശാസ്ത്രം അംഗീകരിച്ചു കഴിഞ്ഞു. ഇത്തരം പരികല്പനകളുടെ അടിസ്ഥാനത്തിൽ ശാസ്ത്രീയ വസ്തുത എന്നാൽ അദൃശ്യങ്ങളിൽക്കൂടി വേരുകളുള്ള ഒരു സ്ഥൂല യാഥാർത്ഥ്യമാണെന്ന തിരിച്ചറിവ് ശാസ്ത്രത്തിന് കൈവന്നിട്ടുണ്ട്. ആധുനിക ശാസ്ത്രത്തിൽ ഉടലെടുത്ത 'കയോസ് സിദ്ധാന്തം' (Chaos Theory) അഥവാ 'അവ്യവസ്ഥാ സിദ്ധാന്തം' അതാണ് വ്യക്തമാക്കുന്നത്. എല്ലാം പ്രവചനത്തിന് വിധേയമാണെന്ന നിർണ്ണിത ശാസ്ത്രവാദത്തിന്റെ ശവപ്പെട്ടിയിൽ അടിച്ചിറക്കിയ മറ്റൊരു ആണിയാണ് കയോസ് സിദ്ധാന്തം. അതായത് ഖ ഗോള ബലതന്ത്രത്തിൽ ഏറെ ശ്രദ്ധ പിടിച്ചു പറ്റിയ ഒരു വിഷയമായിരുന്നു മൂന്നു വസ്തുക്കളുടെ ചലനം. രണ്ട് വസ്തുക്കൾ നിശ്ചിത വേഗത്തിൽ പരസ്പരം ആകർഷിച്ച് ചുറ്റിത്തിരിയുമ്പോൾ അത് നമുക്ക് കൃത്യമായി പ്രവചിക്കാൻ സാധിക്കുന്നു. എന്നാൽ മൂന്നാമതൊരു ഗുരുത്വാകർഷണ വസ്തു കൂടി ഈ ചലനത്തിൽ പങ്കെടുക്കുമ്പോൾ പ്രവചനം സങ്കീർണ്ണവും അസാധ്യവുമാവും. ചലനത്തിൽ പങ്കെടുക്കുന്നത് വിവിധ തോതിലുള്ള

മൂന്നിൽ കൂടുതൽ വസ്തുക്കളാണെങ്കിൽ സങ്കീർണ്ണതകൾക്ക് മേൽ സങ്കീർണ്ണത സൃഷ്ടിച്ച് ഈ പ്രതിഭാസത്തെ കൂടുതൽ അപ്രവചനീയമാക്കിത്തീർക്കുന്നു. തിളയ്ക്കുന്ന വെള്ളത്തിലെ കോർക്കിന്റെ ചലനം, പുകച്ചുരുളുകളുടെ ചലനം, തിരമാലകളുടെ ചലനം, ഗ്ലാസ്സിന്റെ പൊട്ടിച്ചിതറൽ എന്നീ ഭൗതിക പ്രതിഭാസങ്ങൾ ഏതു ദിശയിൽ എത്ര വേഗത്തിൽ ഏതു രൂപത്തിൽ സംഭവിക്കുമെന്ന് ശാസ്ത്രത്തിന് പ്രവചിക്കാൻ സാധ്യമല്ല. ആകാശത്തിലെ നക്ഷത്രങ്ങളുടെ വിന്യാസം തൊട്ട് കോശഘടനയിൽ വരെ പ്രപഞ്ചത്തിൽ മുഴുവൻ വ്യാപിച്ചു നിൽക്കുന്ന ഈ ക്രമരാഹിത്യ പ്രതിഭാസം ശാസ്ത്രത്തിന് പിടികിട്ടിയിട്ടില്ല. സംഭവിച്ചുകഴിഞ്ഞ ഈ യാഥാർത്ഥങ്ങളേയാണ് ശാസ്ത്രം ക്രമരാഹിത്യം എന്നു പറയുന്നത്. വാസ്തവത്തിൽ ഇതാണ് ക്രമം. അതായത് ശാസ്ത്രത്തിന് പിടികിട്ടാത്ത ദൈവത്തിന്റെ ക്രമം. അതിനെ ക്രമരാഹിത്യം എന്ന് വിളിക്കുന്നത് വിവരക്കേടാണെന്ന് ശാസ്ത്രത്തിന് അറിയാം. അതുകൊണ്ട് ഈ ക്രമരാഹിത്യങ്ങളെ കയോസ് സിദ്ധാന്തം ഭവ്യതയോടെ 'ക്രമമില്ലായ്മയിൽ മറഞ്ഞിരിക്കുന്ന ക്രമം' എന്ന് വിളിക്കുന്നു. ചുരുക്കത്തിൽ ഭൗതിക പ്രതിഭാസങ്ങളുടെ സൂക്ഷ്മ യാഥാർത്ഥ്യങ്ങളിലേക്ക് പോകുമ്പോൾ അനിശ്ചിതത്വവും അരേഖീയതയും അപ്രവചനീയതയും കണ്ട് ശാസ്ത്രം ഞെട്ടിത്തെറിക്കുന്നു. ക്വാണ്ടം തിയറി ഇത് ചൂണ്ടിക്കാണിച്ചപ്പോൾ ഒരു ഭൗതിക ശാസ്ത്രജ്ഞൻ ആത്മഹത്യയ്ക്ക് ശ്രമിച്ചത് അതുകൊണ്ടാണ്.

അത്ഭുതമെന്ന് പറയട്ടെ, ഭൂകമ്പങ്ങളടക്കമുള്ള പ്രകൃതികോപങ്ങളെ പറ്റിയും മറ്റു പല സംഭവങ്ങളെപ്പറ്റിയും പ്രവാചകന്മാർ പ്രവചിക്കുകയും അതേപടി പുലരുകയും ചെയ്യുമ്പോൾ അവർക്ക് ലഭിച്ച ദിവ്യവെളിപാടുകളുടെ സ്രോതസ്സിനെയാണ് അത് സത്യപ്പെടുത്തുന്നത്. പ്രവചനങ്ങൾ പുലരുന്നത് നമ്മുടെ അനുഭവ യാഥാർത്ഥ്യങ്ങളായി മാറുമ്പോൾ ശാസ്ത്രത്തിന് ഇത്തരം അതീത യാഥാർത്ഥ്യങ്ങൾക്ക് മുമ്പിൽ വിനയാന്വിതമായി നില്ക്കാനേ അവകാശമുള്ളൂ. കാരണം, ഭൗതിക മേഖലയിൽ തന്നെ വിശദീകരണങ്ങളില്ലാതെ അദൃശ്യങ്ങളിലും അനിശ്ചിതത്വത്തിലും ചൂഴ്ന്ന് നില്ക്കുന്ന അതീത യാഥാർത്ഥ്യങ്ങൾക്ക് മുമ്പിൽ എത്തും പിടിയും കിട്ടാതെ അന്തം വിട്ടു നിൽക്കുന്ന ഭൗതിക ശാസ്ത്രത്തിന് വെളിപാടുകളിലൂടെ ലഭിക്കുന്ന പ്രവചനങ്ങൾ പുലർന്ന് അനുഭവ യാഥാർത്ഥ്യങ്ങളായി മാറുമ്പോൾ അതിനെ നിഷേധിക്കാൻ അർഹതയില്ല. അത് വിശകലനം ചെയ്യാനുള്ള രീതിശാസ്ത്രം ശാസ്ത്രത്തിന്റെ കൈയ്യിലില്ല.

പാപങ്ങൾ ലോകത്ത് അധികരിക്കുമ്പോൾ പ്രകൃതി പ്രകമ്പിതവും പ്രകോപിതവുമാവുന്നു. പ്രവാചകന്മാരിലൂടെ ലോകത്ത് അവതരിപ്പിക്കപ്പെട്ട ധാർമ്മിക നിയമത്തിന്റേയും പ്രകൃതിയുടേയും രണ്ടിന്റേയും സ്രഷ്ടാവ് ദൈവമാണ്. ദൈവത്തിന്റെ നീതിയും നിയമങ്ങളുമാണ് മനുഷ്യനെയും പ്രകൃതിയെയും ഭരിക്കുന്നത്. അതായത് പ്രകൃതിയും മനുഷ്യനും ഉൾപ്പെട്ട പ്രപഞ്ച സാകല്യത്തിന് ഒരു ധാർമ്മിക പരിപ്രേക്ഷ്യമുണ്ട് എന്ന് സാരം. സ്വതന്ത്ര ജീവിയായ മനുഷ്യന് വേണ്ടിയാണ് ദൈവം ഈ പ്രപഞ്ചം സൃഷ്ടിച്ചത്. മനുഷ്യൻ പരിധി ലംഘിച്ച് പാപങ്ങൾ ചെയ്ത് മാർഗ്ഗ ഭ്രംശത്തിലാകുമ്പോൾ അല്ലാഹുവിന്റെ അധീനതയിലുള്ള പ്രകൃതി കോപിക്കുന്നു... ദുരന്തങ്ങൾ വിതയ്ക്കുന്നു. ഇങ്ങനെ നാശവും ദുരന്തങ്ങളും ഉണ്ടാകുന്നതിന് മുമ്പ് ഒരു പ്രവാചകനെ അയച്ചുകൊണ്ട് കാരുണ്യവാനായ അല്ലാഹു ആ ജനതയെ താക്കീത് ചെയ്യുന്നു. ഇത് അല്ലാഹുവിന്റെ അലംഘനീയമായ ഒരു നിയമമാണെന്ന് ഖുർആൻ ആവർത്തിച്ചു പറയുന്നു. "ഒരു ദൂതനെ അയയ്ക്കുന്നത് വരെ നാം ശിക്ഷിക്കാറില്ല" (17:16) 'നിന്റെ നാഥൻ നാടുകളെ നശിപ്പിക്കുന്നവനല്ല. അവയുടെ കേന്ദ്രസ്ഥാനത്ത് നമ്മുടെ വചനങ്ങൾ ഓതിക്കേൾപ്പിക്കുന്ന ഒരു ദൂതനെ നിയോഗിച്ച് മുന്നറിയിപ്പു നൽകുന്നത് വരെ. നാട്ടുകാർ അക്രമികളാകുന്ന അവസ്ഥയിലല്ലാതെ നാം നാടുകളെ നശിപ്പിക്കാറില്ല' (28:60). റസൂൽ തിരുമേനിയുടെ പ്രവചനപ്രകാരം ഈ കാലഘട്ടത്തിൽ ആഗതനായ വാഗ്ദത്ത മസീഹ് ഹദ്റത്ത് അഹ്മദുൽ ഖാദിയാനി (അ) ആധുനിക യുഗത്തിന്റെ സന്മാർഗ്ഗ ഭ്രംശങ്ങളേയും അപഥസഞ്ചാരങ്ങളേയും, പാപത്തിന്റെ ആധിക്യത്തേയും നോക്കി ഭൂകമ്പം പോലെയുള്ള വമ്പിച്ച പ്രകൃതി കോപങ്ങളെപ്പറ്റി താക്കീത് നൽകുകയുണ്ടായി. സുമാത്രയിൽ നിന്നും ഉത്ഭവിച്ച് ലക്ഷങ്ങളെ കൊന്നൊടുക്കിയ സുനാമി തരംഗം നമ്മുടെ ഹൃദയത്തിലും പ്രകമ്പനം സൃഷ്ടിക്കുമ്പോൾ നമ്മെ അതല്ലേ ഓർമ്മിപ്പിക്കുന്നത്! മരിച്ചവർക്ക് ഒരു നിമിഷം മാത്രമേ ദുരിതമനുഭവിക്കേണ്ടതുള്ളൂ. ലോകത്ത് ജീവിച്ചിരിക്കുന്ന സർവ്വ മനുഷ്യരിലും സുമാത്രാ സുനാമി ആധിയും ആശങ്കയും സൃഷ്ടിക്കുന്നു. മനുഷ്യനിർമ്മിതമായ ഒരു സുരക്ഷാ സംവിധാനവും മനുഷ്യന്റെ സഹായത്തിന് യോഗ്യമല്ലാതാകുന്ന ഭൂകമ്പം മനുഷ്യന്റെ നിസ്സഹായതയും നിസ്സാരതയും അവനെ ഓർമ്മിപ്പിക്കുന്നു. ദുരന്തങ്ങൾ മനുഷ്യനിൽ ദൈവചിന്ത ഉണർത്തുകയും മനുഷ്യഹൃദയം ആർദ്രചിത്തമായിത്തീരുകയും ചെയ്യുന്നു. സമൂഹത്തിന് അവരുടെ പാപകൃത്യങ്ങളെ സംബന്ധിച്ച് വീണ്ടുവിചാരത്തിന് അത് അവസരമൊരുക്കുകയും ചെയ്യുന്നു. സുനാമി ദുരന്തത്തിന് ശേഷം ലോകത്തെമ്പാടും നടക്കുന്ന ഏറ്റുപറച്ചിലുകളും, ആത്മപരിശോധനയും ഇതൊരു ദൈവിക പദ്ധതിയാണെന്ന് തന്നെ തെളിയിക്കുന്നു. പക്ഷേ ദുരന്തങ്ങൾ മനുഷ്യമനസ്സിൽ ഉണർത്തുന്ന വീണ്ടുവിചാരങ്ങൾ അവനെ യഥാർത്ഥ പരിഷ്ക്കരണത്തിലേക്ക് നയിക്കുമോ എന്നതാണ് പ്രശ്നം. ഈ കാലഘട്ടത്തെ സന്മാർഗ്ഗത്തിലേക്ക് നയിക്കാൻ ദൈവ നിയുക്തനായ വാഗ്ദത്ത മസീഹിന്റെ വചനങ്ങൾ ഒന്നുകൂടി നാം ശ്രദ്ധിക്കുക.

"അല്ലാഹുവിന്റെ വഹ്‌യിൽ ഭൂകമ്പങ്ങളെപ്പറ്റി അടിക്കടി പറയപ്പെട്ടരി

ക്കുന്നു. ഖിയാമത്തിന്റെ മാതൃകയി ലുള്ള ഭൂകമ്പങ്ങൾ ആയിരിക്കുമെന്നും വിവരിച്ചിരിക്കുന്നു. വിശുദ്ധ ഖുർആൻ 99-ാം അദ്ധ്യായം (സുറാ : ഖിയാമ:) തുടക്കത്തിൽ വിവരിച്ചത് പോലെ യുള്ള ഭൂകമ്പം തന്നെയായിരിക്കു മെന്ന് ഉറപ്പിച്ചു പറയാൻ എനിക്ക് സാധ്യമല്ല. ഇത് സാധാരണ ഭൂകമ്പം അല്ലാതിരിക്കാനും സാധ്യതയുണ്ട് ........ ഈ ഭയങ്കരമായ വിപത്ത് മതപര മായ ഭിന്നിപ്പിന്റെ കാരണത്താലോ ക്രിസ്ത്യാനിയോ ഹിന്ദുവോ ആയിരി ക്കുന്നത് കാരണമായോ ആരുടേയെ ങ്കിലും മേൽ ആപതിക്കുന്നതല്ല. ആരെങ്കിലും എന്റെ അനുയായി വൃന്ദ ത്തിൽ പ്രവേശിച്ചിട്ടില്ലാത്തതിനാൽ സംഭവിക്കുന്നതുമല്ല. ഇവരെല്ലാം ഈ അസ്വാസ്ഥ്യത്തിൽ നിന്നും മുക്തരാ കുന്നു. ഏതെങ്കിലും മതവുമായി ബന്ധപ്പെട്ടവരായിരിക്കെ കുറ്റകൃത്യങ്ങ ളിൽ ഏർപ്പെടുന്ന സ്വഭാവക്കാരനും ചതിയിലും വഞ്ചനകളിലും മുഴുകിയ വനും, വ്യഭിചാരിയും കൊലയാളിയും കള്ളനും ദ്രോഹിയും ദുർഭാവനക്കാ രനും ദുർഭാഷിയും ദുർവൃത്തനും ആരോ അവൻ അതിനെ തൊട്ട് പേടി ക്കേണ്ടതാകുന്നു. അവർ പശ്ചാത്ത പിച്ചു പിൻമാറുന്നുവെങ്കിൽ അവർ ക്കും വ്യസനിക്കേണ്ടതില്ല. നന്മ പ്രവർ ത്തിക്കുന്നവനും സദ്വൃത്തരുമാണെ ങ്കിൽ ഈ വിപത്ത് ഒഴിഞ്ഞുപോകാ വുന്നതാണ്. (ബറാഹീൻ, പഞ്ചം പേ. 120) അല്ലാഹു ലോകത്തെ പാപകൃ ത്യങ്ങളിൽ നിന്നും അതു ക്ഷണിച്ചു വരുത്തുന്ന സർവ്വനാശത്തിൽ നിന്നും രക്ഷിക്കട്ടെ ■

(ആമീൻ).

---

*(23 -ാം പേജിൽ നിന്ന് തുടർച്ച)*

തത്ത്വശാസ്ത്രജ്ഞനും യഹൂദയാഥാസ്ഥിതികത്വത്തിനെ തിരെ ആഞ്ഞടിച്ച വിഗ്രഹഭജ്ഞകനുമായ ഡച്ച് തത്ത്വ ജ്ഞാനി ബെറൂച്ച് സ്പിനോസ (Barukh Spinoza - 1632-1677) യഹൂദനവോത്ഥാനത്തിന്റെ പ്രാതഃസ്മരണീയനാണ്. യൂറോപ്പിൽ സെക്കുലറിസ്റ്റ് ആശയങ്ങൾക്ക് പ്രചാരം നൽകാൻ സ്പിനോസയുടെ യുക്തിവാദത്തിലും മനുഷ്യ ത്വത്തിലുമധിഷ്ഠിതമായ ചിന്തകൾക്ക് വലിയ പങ്കുണ്ട്. യഹൂദമതത്തിൽ ആധുനികതയുടെ വെളിച്ചം പകരാൻ ഇത് സഹായകമായി. യഹൂദസമുദായത്തെ യൂറോപ്പിലെ പൊതുസമൂഹവുമായി കൂട്ടിയിണക്കാൻ പ്രയത്നിച്ച മറ്റൊരു യഹൂദ പരിഷ്കർത്താവായിരുന്നു. ജർമ്മൻകാര നായിരുന്ന മോസസ് മെൻഡൽസോഹൻ (Moses Mendelssohn). സ്പിനോസയിൽ നിന്നും വിഭിന്നമായി ജൂതമതത്തിൽ അഭിമാനം കൊണ്ട ഇദ്ദേഹം തികച്ചും മത പരമായ പരിധിയിൽ നിന്നുകൊണ്ടുതന്നെ യഹൂദരിൽ ആധുനികതയുടെ ചൈതന്യം പകരാൻ ആവതും പരി ശ്രമിച്ചു. ആധുനിക ജൂതൻ (Modern Jew) എന്നറിയപ്പെ ടുന്ന മെൻഡൽ സോഹൻ. മതേതരമായ സെക്കുലർ ആശ യങ്ങളാൽ ആകൃഷ്ടനായിരുന്നു. പൊതുസമൂഹവുമാ യുള്ള യഹൂദികളുടെ കൂട്ടികലരൽ ജൂതമതത്തിന്റെ നിഷേ ധമല്ല എന്ന് യഹൂദസമുദായത്തെ അദ്ദേഹം പഠിപ്പിച്ചു. ഹീബ്രുവിന് പകരം യിദ്ദിഷ് ഭാഷ പഠിപ്പിക്കുകയും ആധു നിക വിഷയങ്ങളും, ശാസ്ത്രവും പഠിക്കാൻ യഹൂദികളെ ആഹ്വാനം ചെയ്യുകയും ചെയ്തു. ജർമ്മനിയിലെ വിശ്വ പ്രശസ്തനായ ഫിലോസഫർ ഇമ്മാനുവൽ കാന്റ് മെൻഡൽസോഹന്റെ സുഹൃത്തായിരുന്നു. സോഹന്റെ സുഹൃത്തുക്കളും ചിന്താലോകത്തെ സെക്കുലർ നേതാ ക്കളുമായ ക്രിസ്ത്യാനികൾ യഹൂദപീഡനങ്ങളും വിവേ ചനങ്ങളും അവസാനിപ്പിക്കാൻ ആഹ്വാനം ചെയ്തവരാ യിരുന്നു. യൂറോപ്യൻ നവോത്ഥാനത്തിന് സമാന്തരമായി ഉടലെടുത്ത ജൂതന്മാരുടെ ഹസ്കലാത്ത് ഖുർആൻ വിവ രിച്ച ജനങ്ങളുമായുള്ള കരാറിന്റെ അടിസ്ഥാനത്തിലുള്ള യഹൂദ വിമോചനത്തിന് നാന്ദി കുറിച്ചു.

(തുടരും)

References:


1. Jews, God and History - Max. I. Dimont.
2. Religious encyclopeadia: under the Title of 'Jewish thought and philosophy.'
3. Story of civilisation - Will Durant.
4. The Merchant of venice - William Shakespeare.
5. A History of Political theories - William Archibald Dunning - Vol. 1
6. പേപ്പസി ചരിത്രപരമായ പഠനം – ജോസഫ് പുലിക്കു ന്നേൽ
7. ബൈബിൾ
8. ലോകചരിത്രം – പ്രൊഫ. ഈ. ശ്രീധരൻ, കെ.പി.ദേവ ദാസ്.


■

---

*(30 -ാം പേജിൽ നിന്ന് തുടർച്ച)*

ഹദീസ് മൗലാന അവഗണിക്കു മ്പോൾ അദ്ദേഹത്തിന്റെ തർക്കശാ സ്ത്രത്തിന്റെ ബലം അദ്ദേഹത്തെ ഇത്തരം വിഡ്ഢിത്തത്തിലേക്കു നയി ക്കുന്നു.


1. തസ്നീം ദിനപത്രം – 15 ആഗസ്ത് 1952.
2. മൗലാനാ മൗദൂദി, മുസൽമാൻ ഔർ മൗജൂദാ സിയാസി കശ്മകശ് (പ ത്താൻ കോട്ട് – മക്തബ ജമാഅത്തെ ഇസ്ലാമി) ലാഹോർ – 1970) വോ. 1 പേ. 16.
3. I bid P. 132
4. I bid P. 166
5. I bid Vo. III P. 95
6. മൗലാനാ മൗദൂദി. റൂയിദാദെ ജമാ അത്തെ ഇസ്ലാമി (ലാഹോർ – 1970) ഭാഗം 1 പേ. 16
7. മുർത്തദ് കിശസാ ഇസ്ലാമി കാനൂൻ മെം (1950) പേ. 80–1
8. മുർത്തദ് കി ശസാ ഇസ്ലാമി കാനൂൻ മെ – (8ാം പതിപ്പ്)
9. അൽ ബുഹാരി കിതാബുൽ ജാനാ യിസ്


■

മുസാഫിർ

## കുറിപ്പുകൾ

# മനുഷ്യാവകാശം : ജമാഅത്തെ ഇസ്‌ലാമിയോട് ചില ചോദ്യങ്ങൾ

ഇംഗ്ലീഷിൽ ഒരു പഴഞ്ചൊല്ലുണ്ട്. Strike the iron while it is hot (ഇരുമ്പ് ചുട്ടുപഴുക്കുമ്പോൾ അതിന്മേൽ ആഞ്ഞടിക്കുക). കേരളത്തിലെ മുസ്‌ലിം രാഷ്ട്രീയാവസ്ഥ ഇപ്പോൾ ചുട്ടുപഴുത്ത പരുവത്തിലാണ്. അപ്പോഴാണ് തെരുവു നാടകവും, ഗാനമേളയും, പെൺവാണിഭകഥകളുമായി ജമാഅത്തെ ഇസ്‌ലാമിയുടെ പുറപ്പാട്. മനുഷ്യാവകാശം എന്ന ആയുധം കൊണ്ട് ജമാഅത്തുകാർ സമുദായത്തിനുമേൽ ആഞ്ഞടിക്കുകയാണ്. സോളിഡാരിറ്റിയിലേക്ക് മുസ്‌ലിം സമുദായത്തിൽ നിന്നും മാസ് റിക്രൂട്ട്മെൻറ് പ്രതീക്ഷിച്ചാണ് ഇപ്പറഞ്ഞ കുതൂഹലങ്ങളും കൂത്താട്ടങ്ങളും. നക്സലൈറ്റുകാരും കമ്മ്യൂണിസ്റ്റുകാരും ഉപയോഗിച്ച് പുറംമ്പോക്കിൽ തള്ളിയ തെരുവ് നാടകങ്ങളും വിപ്ലവ ഗാനങ്ങളും ജമാഅത്തെ ഇസ്‌ലാമി നാടകക്കാർ എടുത്തുപയോഗിച്ചില്ലെങ്കിലെ അത്ഭുതമുള്ളൂ. അവരും വിപ്ലവം നടത്തി ഭരണം പിടിച്ചടക്കേണ്ട ഒരു പാർട്ടിയാണല്ലോ. അതുകൊണ്ടാണ് ഈ അനുകരണം അല്ലാതെ നാടകവും ഗാനമേളയും പ്രവാചകന്മാരുടെ സുന്നത്താണെന്ന് ആരും ധരിക്കേണ്ട.

ഇന്ത്യയിലെ മറ്റെല്ലാ പൈശാചിക (താഗൂത്തി) ഭരണകൂടങ്ങളെയും സായുധ ജിഹാദിലൂടെ നശിപ്പിച്ച് അല്ലാഹുവിന്റെ ഭരണം സ്ഥാപിക്കുക എന്നതാണ് ജമാഅത്തെ ഇസ്‌ലാമിയുടെ അടിസ്ഥാന ലക്ഷ്യം. അല്ലാഹുവിന്റെ ഭരണം എന്നാൽ അല്ലാഹു നേരിട്ടു വന്ന് ഇന്ത്യൻ പാർലമെന്റിലിരുന്നു ഭരിക്കുമെന്നല്ല. അല്ലാഹുവിന് വേണ്ടി അതെല്ലാം ജമാഅത്തെ ഇസ്‌ലാമി നേതാക്കന്മാരാണ് നിർവഹിക്കുക. പ്രജകളായ നാം അതെല്ലാം അല്ലാഹുവിന്റേതാണെന്ന് കരുതിക്കൊള്ളണം. ജമാഅത്തെ ഇസ്‌ലാമിയുടെ ഒരു മുഖ്യഗതികേട് തങ്ങളുടെ സ്ഥാപക നേതാവിന്റെയും പ്രസ്ഥാനത്തിന്റെയും ലക്ഷ്യങ്ങളും പരിപാടികളും ജനാധിപത്യപ്രബുദ്ധമായ ഒരു നാട്ടിൽ പറയാൻ കൊള്ളാത്ത കൊടുംഭീകരതകളോ രാഷ്ട്രീയ അശ്ലീലത കളോ ആണ് എന്നുള്ളതാണ്. അതുകൊണ്ട് ഹൃദയാഭിലാഷങ്ങളെല്ലാം നാടകങ്ങളിലൂടെയും മറ്റെന്തെങ്കിലും പരിപാടികളിലൂടെയും വ്യംഗ്യമായി അവതരിപ്പിച്ച് കരഞ്ഞുതീർക്കുക എന്നതാണ് ജമാഅത്തുകാരുടെ നിയോഗം. വിവിധ മതങ്ങൾ കഴിയുന്ന രാജ്യമാണ് നമ്മുടേത്. ഇന്ത്യൻ ഭരണഘടനയുടെ പരിരക്ഷയിൽ ന്യൂനപക്ഷീയരായികഴിയുന്ന അവശരായ മുസ്‌ലിം ജനത, ആകർഷണീയമായ വേഷങ്ങൾ കെട്ടിയാടുന്ന ജമാഅത്തെ ഇസ്‌ലാമിയിൽ ആകർഷിക്കപ്പെട്ടാൽ മുസ്‌ലിംകൾക്ക് അത് ഒരു വൻദുരന്തമായി കലാശിക്കുമെന്ന് ഇവിടുത്തെ മുസ്‌ലിംകളും പൊതുജനങ്ങളും അറിയേണ്ടതുണ്ട്.

കേരളത്തിലെ പൊതുമണ്ഡലങ്ങളിലെ ബുദ്ധിജീവികൾക്കും പണ്ഡിതന്മാർക്കുമുള്ള ഒരു തകരാറ് മുസ്‌ലിം സംഘടനകളുടെ മത-സാമൂഹിക-രാഷ്ട്രീയവശങ്ങൾ പഠിച്ച് വിലയിരുത്താനോ, ശാസ്ത്രീയമായ രീതിയിൽ അതിനെ വിശകലനം ചെയ്യാനോ, ജനാധിപത്യത്തിൽ അവയുടെ സ്ഥാനം നിർണയിക്കാനോ കഴിയുന്നില്ല എന്നതാണ്. മുസ്‌ലിം സംഘടനകളെപറ്റി പലർക്കും വളരെ ഉപരിപ്ലവമായ അറിവേ ഉള്ളൂ. ഇതിന് ഒരു കാരണം മുസ്‌ലിം കക്ഷികളെ പറ്റി അഭിപ്രായം പറയൽ അങ്ങേയറ്റം അപകടം പിടിച്ച ഒരു പണിയാണ് എന്നതുകൊണ്ടാണ്. അഭിപ്രായം മുസ്‌ലിം കക്ഷിക്ക് അഹിതകരമാണെങ്കിൽ പിന്നെ അത്യന്തം വൈകാരികമായി പ്രതികരിച്ച് പറഞ്ഞയാളെ മുസ്‌ലിം വിരോധിയായി ചിത്രീകരിക്കുന്ന ഒരു സാഹചര്യം നിലവിലുണ്ട്. അതുകൊണ്ട് പല ബുദ്ധിജീവികളും മുസ്‌ലിംകളെ സന്തോഷിപ്പിച്ച് കഴിഞ്ഞുകൂടാൻ ആഗ്രഹിക്കുന്ന നമ്മുടെ ചില ബുദ്ധിജീവികളും, സാംസ്കാരിക നായകന്മാരും, രാഷ്ട്രീയക്കാരും ഭാഗ്യാന്വേഷികളാണ്. ജമാഅത്തെ ഇസ്‌ലാമിയുടെ തനിനിറം അറിഞ്ഞാൽ തന്നെ വമ്പിച്ച സമ്പത്തും,

മാധ്യമസ്വാധീനവും, വോട്ട് ബാങ്കും ഉള്ള അവരുടെ പിന്നാലെ ഭിക്ഷാംദേഹികളായി പോകുന്നവരാണ് ചിലരെല്ലാം. മതമൗലികവാദികളായി അകറ്റപ്പെട്ടു കഴിഞ്ഞിരുന്ന ജമാഅത്തെ ഇസ്‌ലാമി കേരളത്തിലെ പൊതുമണ്ഡലങ്ങളിലെ നേതാക്കന്മാരുമായി സൗഹൃദമുണ്ടാക്കി മാന്യത നേടിയെടുക്കാൻ നിഗൂഢമായി തീവ്രശ്രമത്തിലാണെന്ന കാര്യം കേരളത്തിലെ മിക്ക ബുദ്ധിജീവികൾക്കും അറിയുകയുമില്ല. ചുരുക്കത്തിൽ രാജാവ് നഗ്നനാണെന്ന് വിളിച്ചുപറയാനുള്ള നിഷ്ക്കളങ്കത നമ്മുടെ സാംസ്കാരികനായകന്മാരിലും ബുദ്ധിജീവികളിലും പെട്ട പലർക്കും നഷ്ടപ്പെട്ട ഒരു കാലമാണിത്.

ജമാഅത്തെ ഇസ്‌ലാമി അടിസ്ഥാനപരമായി ഒരു ഫാസിസ്റ്റ് കക്ഷിയാണ്. ഹിറ്റ്ലറുടെയും മുസ്സോളിനിയുടേയും ഫാസിസ്റ്റ്-നാസി സിദ്ധാന്തങ്ങളും സ്റ്റാലിന്റെ കമ്മ്യൂണിസ്റ്റ് സർവ്വാധിപത്യവും അരങ്ങ് തകർക്കുന്ന കാലഘട്ടത്തിലാണ് മൗലനാ മൗദൂദി ചിന്തിച്ചു തുടങ്ങിയത്. സ്വാഭാവികമായും അക്കാലത്തെ ഫാസിസ്റ്റ് മുന്നേറ്റങ്ങളിൽ ആകൃഷ്ടനായ മൗലാന മൗദൂദി ഇസ്‌ലാമിക സംജ്ഞകളുപയോഗിച്ച് തന്റെ ഫാസിസ്റ്റ് സ്വപ്നങ്ങളെ അലംകരിക്കുകയായിരുന്നു.

രാഷ്ട്രത്തെ ദൈവത്തോളം വാഴ്ത്തി പറയുക എന്ന അടയാളത്തിലാണ് ഫാസിസം ഏറ്റവും കൂടുതൽ തിരിച്ചറിയപ്പെടുന്നത്. ഫാസിസത്തിന്റെ ഒരു രീതിയാണത്. അനന്തവും ചോദ്യം ചെയ്യപ്പെടാനാവാത്തതുമായ അധികാരം ഭരണകൂടത്തിന്റെ കൈയിൽ സമാഹരിക്കപ്പെടാനാണ് ഫാസിസ്റ്റ് പ്രവണതയുള്ള പ്രത്യയശാസ്ത്രങ്ങൾ ഇത്തരം സിദ്ധാന്തങ്ങൾ ആവിഷ്കരിക്കുന്നത്. ഫാസിസ്റ്റ് സിദ്ധാന്തപ്രകാരം രാഷ്ട്രം ഒരു അതിമാനുഷസ്ഥാപനമാണ്. രാഷ്ട്രവും വ്യക്തിയുമായി തട്ടിച്ചു നോക്കുമ്പോൾ വ്യക്തി ഒന്നുമല്ല. രാഷ്ട്രം തന്നെയാണ് സർവസ്വവും, രാഷ്ട്രം എന്നത് ഏതെങ്കിലും സാമൂഹ്യലക്ഷ്യങ്ങൾ നേടാനുള്ള മാർഗമല്ല. അതൊരു ലക്ഷ്യം തന്നെയാണ്. ദൈവത്തിനു തുല്യമാണ് രാഷ്ട്രത്തിന്റെ അധീശത്വവും അപ്രമാദിത്വവും. ഹിറ്റ്ലറാണ് ഈ സിദ്ധാന്തം ആര്യൻ രാഷ്ട്രവാദമായി ജർമ്മനിയിൽ ആദ്യം അവതരിപ്പിച്ചത്. ജർമൻ ഫാസിസത്തിന്റെ താത്വികാചാര്യനായി ഗണിക്കപ്പെടുന്ന ഹെഗേൽ പറഞ്ഞത് 'രാഷ്ട്രം എന്നത് ഭൂമിയിലെ ദൈവത്തിന്റെ പ്രസ്ഥാനമാണ്' എന്നാണ്. ഹിന്ദുരാഷ്ട്ര വാദത്തിന്റെ ആചാര്യനായ ഗുരു ഗോൾവാക്കറുടെ 'വിചാരധാര'യിൽ പറഞ്ഞു 'ജീവനുള്ള ഈശ്വരൻ' ഹിന്ദുരാഷ്ട്രമാണ്. രാഷ്ട്രത്തെ ദൈവവുമായി ബന്ധിപ്പിക്കുന്ന ഈ ഫാസിസ്റ്റ് സിദ്ധാന്തവത്ക്കരണം ഏറ്റവും നഗ്നവും പ്രത്യക്ഷവുമായി ജമാഅത്തെ ഇസ്‌ലാമി സ്ഥാപകനായ മൗലാനാ അബുൽ അഅ്ലാ മൗദൂദിയാണ് ആവിഷ്കരിച്ചത്. മൗദൂദിയുടെ 'ഹുക്കൂമത്തെ ഇലാഹിയ്യ' അഥവാ 'അല്ലാഹുവിന്റെ ഭരണം' രാഷ്ട്രത്തെ ദൈവതുല്യമാക്കുന്ന ഒരു ഫാസിസ്റ്റ് ദർശനമാണ്. ലോകത്തുള്ള സമസ്ത മതവിഭാഗങ്ങൾക്കും മതം എന്നാൽ മനുഷ്യന്റെ അധ്യാത്മിക ജീവിതവുമായി ബന്ധപ്പെട്ട ദൈവോന്മുഖമായ ഒരു പദമാണ്. എന്നാൽ ജമാഅത്തെ ഇസ്‌ലാമിക്കാർക്ക് മതം (ദീൻ) എന്നാൽ സർവവിധ അധികാരങ്ങളും ശക്തിയും സമാഹരിക്കപ്പെട്ട രാഷ്ട്രമാണ്. ആ രാഷ്ട്രം പിടിച്ചെടുക്കാനുള്ള അടവും തന്ത്രവുമാണ് ഇസ്‌ലാമിക ആരാധനാക്രമങ്ങൾ. എത്രത്തോളമെന്നാൽ മുസ്‌ലിംകൾ അഞ്ചുനേരം നടത്തുന്ന സംഘടിത നമസ്കാരം പോലും രാഷ്ട്രം സ്ഥാപിക്കാനുള്ള സൈനിക ഡ്രില്ലായിട്ടാണ് മൗലാനാ സാഹിബ് കാണുന്നത്.(ഖുത്ബാത്ത് 1963, പേ. 190,191) ഇസ്‌ലാമിന്റെ ധാർമിക അധ്യാത്മിക പ്രഭാവത്തേയും, കാരുണ്യത്തിന്റെ മുഖത്തേയും നശിപ്പിക്കുന്ന ഇത്രയും വിനാശകരമായ മറ്റൊരു സിദ്ധാന്തവുമില്ല.

സാത്വികതയാണ് ദൈവ പ്രീതിയുടെ അടിസ്ഥാനം. മുസ്‌ലിമായി ജനിച്ചതിന്റെ പേരിൽ മാത്രം ദൈവം ഒരാളെ സ്നേഹിക്കുന്നില്ല. എന്നാൽ മൗദൂദിസാഹിബ് എഴുതിയ 'ഖുത്ബാത്' എന്ന ജമാഅത്തെ ഇസ്‌ലാമിക്കാരുടെ പ്രാമാണിക ഗ്രന്ഥം രണ്ടാം അധ്യായം ആരംഭിക്കുന്നത് മുസ്‌ലിമിന്റെ വംശാഭിമാനം ഊതിവീർപ്പിച്ചുകൊണ്ടുള്ള ഫാസിസ്റ്റ് വാഗ്ധാടിയോടെയാണ്. 'മുസ്‌ലിം സഹോദരന്മാരെ, മുസ്‌ലിം അമുസ്‌ലിമിനേക്കാൾ ഉത്കൃഷ്ടനാണെന്ന് ഓരോ മുസ്‌ലിമും വിശ്വസിക്കുന്നു. മുസ്‌ലിമിനെ അല്ലാഹു ഇഷ്ടപ്പെടുകയും അമുസ്‌ലിമിനെ വെറുക്കുകയും ചെയ്യുന്നു. മുസ്‌ലി മിനു അല്ലാഹു തന്റെ അനുഗ്രഹത്തെ പ്രദാനം ചെയ്യുന്നു. എന്നാൽ അമുസ്‌ലിമിനു അതു ലഭിക്കുന്നില്ല. മുസ്‌ലിമിന്റെ യാത്ര സ്വർഗത്തിലേക്കും അമുസ്‌ലിമിന്റേത് നരകത്തിലേക്കും' (ഖുത്ബാത് (1963 പതിപ്പ്) പേ.10).

ദീൻ (മതം) എന്നാൽ രാഷ്ട്രമാണെന്ന് സ്ഥാപിച്ചശേഷം മൗദൂദി സാഹിബ് തുടരുന്നു. 'മറ്റു വല്ല ദീനു (സ്റ്റേറ്റ്)കളുടേയും കീഴിൽ നിന്നുകൊണ്ട് ഇസ്‌ലാമിനെ തികച്ചും അനുസരിക്കുക തീരെ അസാധ്യമത്രെ. ഇതര ദീനോടു (രാഷ്ട്രത്തോട്) കൂട്ടുകൂടിയും ഈ ദീനിനെ അനുഗമിക്കാൻ കഴിയില്ല. അതിനാൽ ഈ ദീൻ സത്യമാണെന്ന് നിങ്ങൾ കരുതുന്നുവെങ്കിൽ സർവശക്തിയും പ്രയോഗിച്ച് അതിനെ ഭൂമുഖത്ത് സുസ്ഥാപിതമാക്കുകയോ അല്ലാത്തപക്ഷം അതേ പരിശ്രമത്തിൽ ജീവൻ ബലിയർപ്പിക്കുകയോ അല്ലാതെ നിങ്ങൾക്ക് ഗത്യന്തരമില്ല. (ഖുതുബാത്ത് (1963) പേ. 404).

ഇങ്ങിനെ മറ്റുള്ള രാഷ്ട്രങ്ങൾ നശിപ്പിച്ച് ഇസ്‌ലാമിക രാഷ്ട്രം സ്ഥാപിക്കാൻ സായുധ ജിഹാദിന് ആഹ്വാനം ചെയ്യുന്ന ജമാഅത്തെ ഇസ്‌ലാമിക്ക് മനുഷ്യാവകാശങ്ങളുടെ

വക്താക്കളാകാനോ ഈ രാജ്യത്ത് സമാധാനം സ്ഥാപിക്കാനോ സാധിക്കുമോ? ഇരട്ട മുഖവുമായി മനുഷ്യാവകാശ സംസ്ഥാപനത്തിന്ന് ജാഥ നയിക്കുന്ന ജമാഅത്തെ ഇസ്‌ലാമിയോടു ചില ചോദ്യങ്ങൾ ചോദിക്കട്ടെ.

**ചോദ്യങ്ങൾ**

**1** ജമാഅത്തെ ഇസ്‌ലാമി അധികാരത്തിൽ വന്നാൽ മറ്റു രാഷ്ട്രങ്ങൾ എന്നു അവർ വിശേഷിപ്പിക്കുന്ന ഹിന്ദുക്കൾ, ക്രിസ്ത്യാനികൾ, സിക്കുകാർ, – കമ്യൂണിസ്റ്റുകാർ എന്നിവരെ വെച്ചു പൊറുപ്പിക്കുമോ?

**2** ജമാഅത്തെ ഇസ്‌ലാമിയുടെ അല്ലാഹുവിന്റെ ഭരണത്തിൽ അമുസ്‌ലിംകൾക്ക് ഭരണം കൈയാളാൻ പറ്റുമോ?

**3** മൗലാന മൗദൂദി എഴുതുന്നു: മതേതരത്വം ആദ്യമേ ജനങ്ങളെ ദൈവഭയശൂന്യരും സനാതന ധാർമിക തത്വങ്ങളിൽ നിന്നു വിമുക്തരുമാക്കിത്തീർത്തു. അവർ തന്മൂലം ലഗാനില്ലാത്ത, ഉത്തരവാദിത്വബോധമില്ലാത്ത തനി സ്വേച്ഛാ പൂജകരായികഴിഞ്ഞു. അനന്തരം ദേശീയവാദം അവരെ ജനകീയസ്വാർഥത്തിന്റേയും അന്ധമായ ദേശീയപക്ഷപാതിത്വത്തിന്റേയും മുഴുത്ത അഹങ്കാരത്തിന്റെയും മദ്യം കുടിപ്പിച്ചു മത്തന്മാരാക്കി. ഇപ്പോഴിതാ ജനാധിപത്യം അതേ ജനങ്ങളുടെ ലഗാനില്ലാത്തതും മത്തു പിടിച്ചവരും താന്തോന്നിത്തപൂജകരുമായ ജനങ്ങളുടെ സാമൂഹ്യാഭിലാഷങ്ങൾക്ക് നിയമനിർമാണത്തിന്നുള്ള പൂർണാധികാരം സമ്മാനിച്ചിരിക്കുന്നു...... ഇങ്ങനെ സ്വേച്ഛാധികാരവും അധീശാധിപത്യവും നൽകപ്പെട്ടിട്ടുള്ള ഒരു ജനതയുടെ സ്ഥിതിയും ശക്തനും തോന്ന്യവാസിയുമായ ഒരു റൗഡിയുടെ സ്ഥിതിയും തമ്മിൽ വ്യത്യാസപ്പെടുന്നത് എന്തൊന്നിലായിരിക്കും? ശക്തനും തോന്ന്യവാസിയുമായ റൗഡി പരിമിതമായ തോതിൽ പ്രവർത്തിക്കുന്ന ഗുണ്ടായിസങ്ങളും തെമ്മാടിത്തങ്ങളും തന്നെയല്ലേ കൂടുതൽ വിപുലമായ തോതിൽ ആ ജനതയും പ്രവർത്തിക്കുക? (മതേതരത്വം ദേശീയത്വം ജനാധിപത്യം ഒരു താത്വിക വിശകലനം 1991 പതിപ്പ്– പേജ് 22).

മതേതരത്വം, ദേശീയത, ജനാധിപത്യം, എന്നീ രാഷ്ട്രീയ മൂല്യങ്ങൾ തനി റൗഡിസമാണെന്നാണ് ജമാഅത്തെ ഇസ്‌ലാമിയുടെ പ്രാമാണിക പുസ്തകത്തിൽ ആചാര്യൻ പറയുന്നത്. മനുഷ്യാവകാശം സംരക്ഷിക്കാൻ ജനാധിപത്യവും മതേതരത്വവും വേണമെന്നാണ് മനുഷ്യസ്നേഹികളുടെ നിലപാട്. മനുഷ്യാവകാശവാദികളായ ജമാഅത്തെ ഇസ്‌ലാമി, മതേതരത്വവും ജനാധിപത്യവും റൗഡിസമാണെന്ന് കരുതുന്നുണ്ടോ?

**4** "മറ്റു വല്ല ദീനുകളുടേയും കീഴിൽ നിന്നുകൊണ്ട് ഇസ്‌ലാമിനെ അനുസരിക്കുക അസാധ്യമത്രെ' (ഖുത്ബാത്1963–പേജ് 404) – എങ്കിൽ ഇന്ത്യൻ ജനാധിപത്യ റിപ്പബ്ലിക്കിൽ ജമാഅത്തെ ഇസ്‌ലാമിക്കാർക്ക് വിശ്വാസമില്ലേ? അതിനോടുള്ള ജമാഅത്തുകാരുടെ അനുസരണം കപടമാണോ? ജമാഅത്തുകാർ ഇപ്പോൾ ഇന്ത്യയിൽ അനുസരിക്കുന്ന ദീൻ ഏതാണ്?

**5** ജമാഅത്തെ ഇസ്‌ലാമി സ്ഥാപകനായ അബുൽ അഅ്‌ലാ മൗദൂദി നയിച്ച രക്തരൂക്ഷിതമായ പ്രക്ഷോഭണത്തിന്റെ ഫലമായിട്ടാണ് പാക്കിസ്ഥാൻ ജനറൽ അസംബ്ലി 1974 സെപ്തംബർ 7–ന് അഹ്മദികളെ അമുസ്‌ലിംകളായി പ്രഖ്യാപിച്ചത്. എല്ലാ മുസ്‌ലിംകക്ഷികളെപോലെ ഖുർആൻ, സുന്നത്ത്, ഹദീസ്, ഇജ്മാഅ്, ഖിയാസ് എന്നീ ഇസ്‌ലാമിക പ്രമാണങ്ങളിലെല്ലാം വിശ്വസിക്കുന്ന ഒരു കക്ഷിയെ അവരുടെ ഇച്ഛക്കെതിരായി അമുസ്‌ലിംകളാണെന്ന് പ്രഖ്യാപിച്ച് ന്യൂനക്ഷ മതക്കാരായി മാറ്റുന്നത് മനുഷ്യാവകാശങ്ങൾക്ക് വിരുദ്ധമല്ലേ?

**6** ഒരാൾ ഒരു മതത്തിന്റെ എല്ലാ വിശ്വാസപ്രമാണങ്ങളിലും വിശ്വസിക്കുകയും ആ മതക്കാരനാണെന്ന് പ്രഖ്യാപിക്കുകയും ചെയ്താൽ ആ മതത്തിൽ നിന്ന് അയാളെ പുറത്താക്കി അയാളുടെ എല്ലാ പൗരവകാശങ്ങളും, ജന്മാവകാശങ്ങളും മനുഷ്യവകാശങ്ങളും നിഷേധിക്കുന്നതും, അയാൾ ഹൃദയാത്മനാ വിശ്വസിക്കുന്ന മതം ആചരിച്ചാൽ ശിക്ഷക്ക് വിധേയമാക്കുന്നതും ഫാസിസവും, അവകാശനിഷേധവുമല്ലേ? ഇതിനെ അനുകൂലിക്കുന്ന ജമാഅത്തെ ഇസ്‌ലാമിക്ക് മനുഷ്യാവകാശ കാമ്പയിൻ കാലത്തെങ്കിലും നിലപാടിൽ വല്ല മാറ്റവുമുണ്ടോ?

**7** പാക്കിസ്താനിലെ പട്ടാള സേച്ഛാധിപതിയും മതരാഷ്ട്ര മൗലികവാദിയും ജമാഅത്തെ ഇസ്‌ലാമി സഹയാത്രികനുമായ ജനറൽ സിയാഉൽ ഹഖ് 1984–ൽ 20ാം നമ്പർ ഓർഡിനൻസ് പ്രകാരം അഹ്മദികൾ നമസ്കരിക്കുന്നതും, ഖുർആൻ പാരായണം ചെയ്യുന്നതും, അസ്സലാമു അലൈക്കും എന്ന് ആശംസിക്കുന്നതും ശിക്ഷയർഹിക്കുന്ന കുറ്റങ്ങളാക്കി മാറ്റുകയുണ്ടായി. നമ്മുടെ കാലത്തെ മനുഷ്യാവകാശത്തിന്റെ ഏറ്റവും കിരാതമായ ഈ ലംഘനങ്ങൾ ജമാഅത്തെ ഇസ്‌ലാമിയുടെ പിന്തുണയോടെയാണ് പാക്കിസ്ഥാനിൽ നടപ്പാക്കുന്നത്? ഇതിനോട് മനുഷ്യാവകാശ കാമ്പയിൻ നടത്തുന്ന ജമാഅത്തെ ഇസ്‌ലാമിയുടെ പ്രതികരണമെന്താണ്?

**8** മുസ്‌ലിമാണെന്ന് അവകാശപ്പെടുന്ന ഒരാളെ അമുസ്‌ലിമാണെന്ന് പ്രഖ്യാപിക്കുകയും അപ്രകാരം ജീവിച്ചില്ലെങ്കിൽ നിയമപ്രകാരം ശിക്ഷിക്കുമെന്ന് പറയുകയും ചെയ്യുന്നത് ഒരാളെ കപടവിശ്വാസം സ്വീകരിക്കാൻ നിർബന്ധിക്കലല്ലേ?

**9** നമസ്കാരം ദൈവിക ഭരണം സ്ഥാപിക്കാനുള്ള സൈനിക ഡ്രില്ലു പോലെയുള്ള പരിശീലനമാണെന്നു ജിഹാദിലൂടെ സായുധവിപ്ലവം നടത്തി അല്ലാഹുവിന്റെ ഭരണം സ്ഥാപിക്കണമെന്നും ജമാഅത്തെ ഇസ്‌ലാമിയുടെ പ്രാമാണിക ഗ്രന്ഥമായ 'ഖുത്ബാതിൽ' പറയുന്നു. എങ്കിൽ പിന്നെ കേഡർപാർട്ടികൾ നടത്തുന്ന അർധ സൈനിക ഡ്രില്ലുകളോട് ജമാഅത്തെ

ഇസ്ലാമിയുടെ നിലപാടെന്ത്?

**10** ജമാഅത്തെ ഇസ്ലാമി സ്ഥാപകൻ അബുൽ അഅ്ലാ മൗദൂദി സാഹിബിന്റെ നേതൃത്വത്തിൽ 1953-ൽ അരങ്ങേറിയ പഞ്ചാബിലെ അഹ്മദിയ്യാ വിരുദ്ധ കലാപത്തെ പറ്റി അന്വേഷിക്കാൻ ജസ്റ്റിസ് മുനീറിന്റെ നേതൃത്വത്തിൽ പാക്കിസ്ഥാൻ ഗവൺമെന്റ് ഒരു അന്വേഷണകമ്മീഷനെ നിയമിക്കുകയുണ്ടായി. കമ്മീഷനു മുമ്പാകെ മൗദൂദി സാഹിബ് രേഖാമൂലമാണ് മറുപടി നൽകിയത്. കമ്മീഷന്റെ ചോദ്യവും മൗദൂദി സാഹിബിന്റെ ഉത്തരവും ഇപ്രകാരമാണ്.

**ചോദ്യം:** തൊട്ടടുത്ത അയൽ രാജ്യം മതപരമായ അടിസ്ഥാനത്തിൽ തങ്ങളുടെ രാഷ്ട്രീയ വ്യവസ്ഥ കെട്ടിപ്പടുത്താൽ താങ്കളുടെ പ്രതികരണം എന്തായിരിക്കും?

**ഉത്തരം:** അവർ ആഗ്രഹിക്കുകയാണെങ്കിൽ അവർക്കത് ചെയയ്യാവുന്നതാണ്.

**ചോദ്യം:** നമുക്ക് ഇത്തരത്തിലുള്ള ഒരു ഇസ്ലാമിക ഗവൺമെന്റ് പാകിസ്ഥാനിലുണ്ടാവുകയാണെങ്കിൽ അതേപ്രകാരം താങ്കൾ ഹിന്ദുക്കൾക്ക് അവരുടെ മതമനുസരിച്ചുള്ള ഒരു ഭരണഘടനയുണ്ടാക്കാൻ അനുവദിക്കുമോ?

**ഉത്തരം:** തീർച്ചയായും, അത്തരത്തിലുള്ള ഒരു ഗവൺമെന്റിനു കീഴിൽ ഇന്ത്യൻ മുസ്ലിംകളെ മ്ലേച്ഛന്മാരേയും ശൂദ്രന്മാരെയുംപോലെ കണക്കാക്കിയാലും അവരുടെ ഗവൺമെന്റിലുള്ള പങ്കും പൗരന്മാർ എന്ന നിലക്കുള്ള അവരുടെ അവകാശങ്ങളുമെല്ലാം നിഷേധിക്കപ്പെട്ടാലും എനിക്കതിൽ യാതൊരു ആക്ഷേപവുമില്ല. വാസ്തവത്തിൽ അത്തരമൊരവസ്ഥ ഇന്ത്യ യിൽ നിലനിൽക്കുന്നുണ്ട്. ( Report of the court of Enquiry Constituted under Punjab Act 11 of 1954 to enquire into the Punjab Disturbances of 1953 P. 228.).

ഇന്ത്യയിലെ ജമാഅത്തെ ഇസ്ലാമിയുടെ സ്ഥാപകനായ മൗദൂദി സാഹിബ് വിഭജനത്തിന് ശേഷം പാക്കിസ്താനിലെത്തിയപ്പോൾ ഇന്ത്യൻ മുസ്ലിംകൾ മനുഷ്യാവകാശങ്ങൾ നിഷേധിക്കപ്പെട്ടവരും ചാതുർവർണ്യപ്രകാരം ജീവിക്കുന്നവരും ആയാൽ മതി എന്നാണ് അഭിപ്രായപ്പെടുന്നത്. ഇന്ത്യൻ മുസ്ലികളോടുള്ള സ്ഥാപക നേതാവിന്റെ ഈ ഉപദേശത്തെ പറ്റി ഇപ്പോൾ മനുഷ്യാവകാശ പ്രചോദിതരായ ജമാഅത്തെ ഇസ്ലാമിക്കാർ എന്തു പറയുന്നു?

**11** മുനീർ കമ്മീഷന്റെ മറ്റൊരു ചോദ്യവും മൗദൂദിയുടെ ഉത്തരവും ഇപ്രകാരം.

**ചോദ്യം:** ഇന്ത്യയും പാകിസ്ഥാനും തമ്മിൽ യുദ്ധമുണ്ടായാൽ ഇന്ത്യൻ മുസ്ലിംകളുടെ കടമയെന്താണ്?

**ഉത്തരം :** അവരുടെ കടമ വ്യക്തമാണ്. അവർ പാക്കിസ്ഥാനെതിരിൽ യുദ്ധം ചെയ്യരുത്. പാക്കിസ്ഥാന്റെ സുരക്ഷയെ അപകടപ്പെടുത്തുന്ന യാതൊന്നും ചെയ്യരുത്. (Munnir Commission Reprot P. 250).

ഇന്ത്യൻ മുസ്ലിംകളെ ഒറ്റുകാരും രാജ്യദ്രോഹികളുമാക്കി മാറ്റുന്ന ജമാഅത്തെ ഇസ്ലാമി സ്ഥാപകന്റെ ഈ നിലപാടിനോട് പ്രസ്ഥാനത്തിന്റെ നിലപാടെന്താണ്. നേതാവിനെ തള്ളിക്കളയുമോ? അതോ ജനിച്ച രാജ്യത്തോട് കൂറു പ്രഖ്യാപിക്കുമോ?

**12** 'മതത്തിൽ യാതൊരു നിർബന്ധവും പാടില്ല' എന്ന് പഠിപ്പിച്ച മതമാണ് ഇസ്ലാം. അബുൽ അഅ്ലാ മൗദൂദിയുടെ ജമാഅത്തെ ഇസ്ലാമിയുടെ രാഷ്ട്രാധിഷ്ഠിത ഇസ്ലാം പ്രകാരം ഇസ്ലാം മതത്തിലേക്ക് മറ്റു മതത്തിൽ നിന്ന് ആളുകൾ പരിവർത്തനം ചെയ്ത് വരാവുന്നതാണ്. എന്നാൽ ഇസ്ലാമിൽ നിന്ന് ആരെങ്കിലും മറ്റൊരു മതത്തിലേക്ക് മതം മാറിപോയാൽ (മുർത്തദായാൽ) അയാൾ വധാർഹനാണ്. അയാളെ കൊന്നുകളയണം. ഈ ഭീകരവാദം സമർഥിക്കാനായി മാത്രം മൗലാനാ മൗദൂദി 'മുർത്തദ് കീ ശസാ ഇസ്ലാമീ കാനൂൻമെ' എന്ന പേരിൽ ഒരു പുസ്തകവും രചിച്ചിട്ടുണ്ട്. കേരളത്തിലെ ജമാഅത്തെ ഇസ്ലാമി നേതാക്കന്മാരുടേയും നിലപാട് ഇത് തന്നെയാണെന്ന കാര്യം നമ്മെ അമ്പരിപ്പിക്കുന്നു. അവർ ഇക്കാര്യം മലയാളത്തിലും എഴുതി പ്രസിദ്ധീകരിച്ചിട്ടുണ്ട്. ('ഇസ്ലാമും യുക്തിവാദികളും' - ഒ. അബ്ദുറഹ്മാൻ, പേ. 163). അവരാകട്ടെ കേരളത്തിലെ മനുഷ്യാവകാശ പ്രവർത്തനത്തിന്റെ നേതാക്കന്മാരു മാണ്. മനുഷ്യാവകാശത്തിന്റെ ഘോരമായ ഈ നിഷേധവും മനുഷ്യാവകാശ പ്രവർത്തനവുമായി ഒത്തുപോകുന്നതെങ്ങനെ? ജമാഅത്തുകാരുടെ വിശദീകരണം കേൾക്കാൻ കൗതുകമുണ്ട്. ■

*(7 -ാം പേജിൽ നിന്ന് തുടർച്ച)*

ടേയും ഭൂകമ്പങ്ങളുടേയും മറ്റും ലൈവ് ചിത്രങ്ങൾ ടെലിവിഷൻ ചാനലുകളിലൂടെ ഭൂഗോളത്തിൽ എങ്ങും ഉള്ളവർ നേരിട്ട് നോക്കിക്കാണുകയുണ്ടായി. ലൂത്തിന്റെ രാജ്യത്തും നൂഹിന്റെ കാലത്തും നടന്ന സംഭവങ്ങൾ ഇക്കാലത്തെ ജനങ്ങൾക്ക് ദൃശ്യമാക്കാൻ വാഗ്ദത്ത മസീഹിന്ന് എങ്ങിനെ കഴിഞ്ഞു? അതെ, ഇത് ദൈവികമായ പ്രവചനം തന്നെയാണെന്ന് വ്യക്തമായിരിക്കുന്നു ■

(വിവ:)


*(16 -ാം പേജിൽ നിന്ന് തുടർച്ച)*


Organisation - 1978) P. 84-85

18. Samuel Huntington, (The clash of Civilisations' - 1995. P. 35.
19. Samuel Huntington 'the clash of civilisation and Remaking of the world order (1996) P. 258
20. Quoted in Gilles Kepel 'Jihad; the Trial of Political Islam (2002) P. 361-372.
21. Abdul Ala Maududi Fundamentals of Islam (1988) P. 243.
22. I bid P. 256
23. I bid P. 260
24. Middle East Policy, The forgotten Swamp; Navigating political Islam by Guilain Denoeux. June 2002 P. Vo.l. V. P.56.
25. Middle East Policy, Islam, Nationalism and resentment of Foreign domination by, Hentry Munson, (2003) P. 40. ■

## വാർത്തകൾ

# ഖുദ്ദാമുൽ അഹ്മദിയ്യാ രണ്ട് മേഖലകളാക്കി




ഡോ. സലാഹുദ്ദീൻ
ഖാഇദ്, വടക്കൻ മേഖല



ബി. ബി. അഹമ്മദ് കബീർ
ഖാഇദ്, തെക്കൻ മേഖല

**കോഴിക്കോട് :** കേരളത്തിലെ മജ്‌ലിസ് ഖുദ്ദാമുൽ അഹ്മദിയ്യ (അഹ്മദിയ്യാ യുവജന വിഭാഗം) ഇനി മുതൽ രണ്ട് ഇലാക്ക (മേഖല)കളായിട്ടായിരിക്കും പ്രവർത്തിക്കുക എന്ന് മജ്‌ലിസ് ഖുദ്ദാമുൽ അഹ്മദിയ്യാ ഭാരത് സദർ അറിയിച്ചതായി കേരള അമീർ ജ: എ.പി. കുഞ്ഞാമു സാഹിബ് പ്രസ്താവിച്ചു. വടക്കൻ മേഖലയുടെ ഖാഇദ് ആയി ഡോ. സലാഹുദ്ദീൻ സാഹിബിനേയും തെക്കൻ മേഖലയുടെ ഖാഇദ് ആയി ബി.ബി. അഹ്മദ് കബീർ സാഹിബിനെയും നിയമിച്ചു.

# അഹ്മദിയ്യാ ബുക്ക്സ്റ്റാൾ ആയിരങ്ങൾ സന്ദർശിച്ചു



**എറണാകുളം:** 2004 ഡിസംബർ 3 മുതൽ 12 വരെ എറണാകുളം ദർബാർ ഹാൾ ഗ്രൗണ്ടിൽ നടന്ന അന്താരാഷ്ട്ര ബുക് ഫെയർ കേരള ഗവർണർ ബഹുമാനപ്പെട്ട ആർ.എൽ. ബാട്യ ഉദ്ഘാടനം ചെയ്തു. അഹ്മദിയ്യാ ജമാഅത്ത് ബുക്സ്റ്റാൾ അന്താരാഷ്ട്ര ഫെയറിന്റെ മുഖ്യ ആകർഷണകേന്ദ്രമായി. മതലോകത്തെ നൂതനവും, ബുദ്ധിപരവും, പ്രബുദ്ധവുമായ ഒരു സാഹിത്യ സരണിയാൽ സമ്പന്നമായ അഹ്മദിയ്യാ ജമാഅത്തിന്റെ ആശയലോകം എന്താണെന്നറിയാൻ പുസ്തക പ്രേമികളിൽ നിന്നും അഭൂതപൂർവ്വമായ അന്വേഷണങ്ങളാണ് ഉണ്ടായത്. ജമാഅത്തിന്റെ സാഹിത്യം അടങ്ങിയ പുസ്തകങ്ങൾ വായനക്കാരുടെ പ്രത്യേക ശ്രദ്ധക്ക് വിഷയമാവുകയുണ്ടായി. സന്ദർശകരായ വായനക്കാരുടെ തുടരന്വേഷണങ്ങളും ഉണ്ടായിക്കൊണ്ടിരിക്കുന്നു. പണ്ഡിതന്മാരും ബുദ്ധിജീവികളും, സാധാരണക്കാരുമടക്കം ആയിരക്കണക്കിനാളുകൾ അഹ്മദിയ്യാ സ്റ്റാൾ സന്ദർശിച്ചു. വിശുദ്ധ ഖുർആൻ, ഇസ്‌ലാം മതതത്ത്വജ്ഞാനം, യേശു മിശിഹാ ഇന്ത്യയിൽ, യേശുക്രിസ്തു കാശ്മീരിൽ, തിരുനബിചരിത്രം, മതത്തിന്റെ പേരിൽ മനുഷ്യഹത്യ മുതലായ പുസ്തകങ്ങളും ഇംഗ്ലീഷ് പുസ്തകങ്ങളും വില്പനയിൽ മുന്നിട്ടുനിന്നു. അഹ്മദിയ്യാ ജമാഅത്ത് കേരള അമീർ എ.പി. കുഞ്ഞാമു സാഹിബ് ചീഫ് മിഷനറി മൗലാനാ മുഹമ്മദ് ഉമർ എന്നിവർ ബുക്സ്റ്റാൾ സന്ദർശിച്ചു. കാക്കനാട് പള്ളുരുത്തി കൊച്ചി എന്നീ ജമാഅത്തുകളുടെയും സജീവ സഹകരണത്തോടെ എറണാകുളം ജമാഅത്താണ് ബുക്സ്റ്റാൾ സംഘടിപ്പിച്ചത്. ■

*ബി.ബി. അഹ്മദ് കബീർ,*
*എറണാകുളം.*

# ജൽസാ സാലാന സമാപിച്ചു
# ശാന്തിയുടെയും സ്നേഹത്തിന്റെയും സന്ദേശം ലോകം മുഴുവൻ പരത്തുക
# ഹ. അമീറുൽ മുഅ്മിനീൻ

**ഖാദിയാൻ (ദാറുൽ അമാൻ):**

അഹ്മദിയ്യാ മുസ്ലിം ജമാഅത്തിന്റെ 113-ാം ആഗോള ജൽസ സാലാനാ (വാർഷിക സമ്മേളനം) ഇവിടെ പ്രത്യേകം സജ്ജമാക്കിയ 'ജൽസാഗാഹി'ൽ 2004 ഡിസംബർ 26, 27, 28 (ശനി, ഞായർ, തിങ്കൾ, ചൊവ്വ) തീയതികളിൽ വിജയകരമായി സമാപിച്ചു. 24 രാഷ്ട്രങ്ങളിൽ നിന്നായി ഇരുപത്തയ്യായിരത്തിലധികം അഹ്മദികൾ ജൽസയിൽ ഒത്തുചേർന്നു.

26 ന് രാവിലെ 10 മണിക്ക് അഹ്മദിയ്യാ മുസ്ലിം അഖിലേന്ത്യാ അധ്യക്ഷൻ ഹ: മിർസാ വസീം അഹ്മദ് സാഹിബ് ഇസ്ലാമിക ശ്യാമള പതാക ഉയർത്തിയതോടെ ഔപചാരികമായി ജൽസക്ക് തിരശ്ശീല ഉയർന്നു. മൂന്ന് ദിവസങ്ങളിലായി ഡോ. ഹാഫിസ് സാലിഹ് മുഹമ്മദ് അലാവുദ്ദീൻ (ഉസ്മാനിയ യൂണിവേഴ്സിറ്റി മുൻ ഖഗോള വിഭാഗം തലവൻ) ഹദ്റത്ത് മിർസാ വസിം സാഹിബ് (നാസിർ അഅ്ലാ, ഭാരത്) മൗലാനാ ഹക്കീം മുഹമ്മദുദ്ദീൻ സാഹിബ് (നാസിം ദാറുൽ ഖദാ - ഖാദിയാൻ), മൗലാനാ ബുർഹാൻ അഹ്മദ് സാഹിബ് സഫർ (നാസിർ നശ്റോ ഇശാഅത്ത്, ഭാരത് മൗലാനാ സഹീർ അഹ്മദ് സാഹിബ് ഖാദിം (നാസിർ ദഅ്വത്തെ ഇലല്ല് മൗലാനാ മുഹമ്മദ് കരീമുദ്ദീൻ സാഹിബ് ശാഹിദ് (അഡി. നാസിം - വഖ്ഫെ ജദീദ്) മൗലാനാ മുഹമ്മദ് ഉമർ സാഹിബ് (മുബല്ലിഗ് ഇൻചാർജ് - കേരള) മൗലവി, എം. നാസിർ അഹ്മദ് സാഹിബ് (മുബല്ലിഗ് കണ്ണൂർ - കേരള), മൗ. മഖ്സൂദ് അഹ്മദ് സാഹിബ് ഭട്ട് (മുബല്ലിഗ്, ഹൈദരാബാദ്), മൗ:ഗ്യാനി തൻവീർ അഹ്മദ് സാഹിബ് ഖാദിം (നാഇബ് നാസിർ ഇസ്ലാഹോ ഇർശാദ്) എന്നിവർ യഥാക്രമം ദൈവാസ്തിക്യം - ദിവ്യഭാഷണങ്ങളുടെ വെളിച്ചത്തിൽ, തിരുനബി ചരിത്രം , മസീഹ് മൗഊദ് (അ) ന്റെ ഖുർആനിക സേവനങ്ങൾ) സ്വഹാബാക്കളുടെ ചരിത്രം, മുസ്ലിം സമൂഹത്തിന്റെ ഐക്യം ഖിലാഫത്തിലൂടെ, അഹ്മദിയ്യാ പ്രസ്ഥാനത്തിന്റെ സേവനങ്ങൾ, ഇസ്ലാമിൽ സ്ത്രീകൾക്കുള്ള സ്ഥാനം, വസിയ്യത്ത് വ്യവസ്ഥിയും ഖിലാഫത്തും, അഹ്മദിയ്യാ വിശ്വാസങ്ങൾ, ഹ. അഹ്മദ് (അ) ന്റെ സത്യസാക്ഷ്യം, ഇസ്ലാമും ലോക സമാധാനവും എന്നീ വിഷയങ്ങളെ ആസ്പദമാക്കി പ്രസംഗിച്ചു.

ഒന്നാം ദിവസം ഉച്ചക്ക്ശേഷം അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് അൽഖാമിസ് ഹസ്റത്ത്. മിർസാ മസ്റൂർ അഹ്മദ് സാഹിബ് ഫ്രാൻസിൽ നിന്ന് MTA മുഖേന ജൽസ ഉദ്ഘാടനം ചെയ്തു.

ഹുസൂർ തന്റെ പ്രഭാഷണത്തിൽ സമാധാനത്തിന്റെയും സ്നേഹത്തിന്റെയും ഇസ്ലാമിക സന്ദേശങ്ങൾ ലോകം മുഴുവൻ പരത്താൻ ആഹ്വാനം ചെയ്തു. ഈ മാർഗത്തിൽ വരുന്ന പ്രതിബന്ധങ്ങളെ അവഗണിക്കാനും സ്ഥിര ചിത്തരായി മുന്നോട്ട് ഗമിക്കാനും ഹുസൂർ ആവശ്യപ്പെട്ടു. ലോകത്തിന് സമാധാനവും ശാന്തിയും പ്രദാനം ചെയ്യാൻ ഇന്ന് അഹ്മദിയ്യാ പ്രസ്ഥാനത്തെയാണ് അല്ലാഹു തെരഞ്ഞെടുത്തിരിക്കുന്നതെന്നും അദ്ദേഹം പറഞ്ഞു.

അഹ്മദിയ്യത്തിന്റെ പുരോഗമന വീഥിയിൽ വിഘ്നം സൃഷ്ടിക്കാൻ യത്നിക്കുന്നവർ പരാജയമടയുമെന്നും അതാണ് കഴിഞ്ഞ നൂറ്റാണ്ടിന്റെ ചരിത്രത്തിൽ നിന്ന് വ്യക്തമാകുന്നതെന്നും ഹുസൂർ പറഞ്ഞു.

28 ന് വൈകീട്ട് ഫ്രാൻസിൽ (പാരീസ്) നിന്ന് സമാപന പ്രഭാഷണവും ഹുസൂർ നടത്തി. സമാപന പ്രഭാഷണത്തിൽ ലോക സമാധാനത്തിനായി പ്രയത്നിക്കാനും പ്രാർത്ഥിക്കാനും ഹുസൂർ ആഹ്വാനം ചെയ്തു. ഏതാനും ദിവസം മുമ്പുണ്ടായ ഭൂകമ്പത്തിലും പ്രളയത്തിലും കഷ്ടതയനുഭവിക്കുന്നവരെ ഹുസൂർ പ്രാർത്ഥനയിൽ ഓർക്കാൻ പ്രത്യേകം അഭ്യർത്ഥിച്ചു.


മലയാളമടക്കം 5 ഭാഷകളിൽ തൽസമയ തർജ്ജമക്കുള്ള സംവിധാനം സമ്മേളനസ്ഥലത്ത് ഉണ്ടായിരുന്നു. മൗ. മുഹമ്മദ് ഇസ്മാഇയിൽ സാഹിബിന്റെ നേതൃത്വത്തിൽ മൗ. കെ. മഹ്മൂദ് അഹ്മദ് സാഹിബ്, മൗ. എം. നാസിർ അഹ്മദ് സാഹിബ്, മൗ. ശംസുദ്ദീൻ കാവശ്ശേരി, മൗ. എം. സഫർ അഹ്മദ് സാഹിബ് എന്നിവർ തർജ്ജമ നിർവ്വഹിച്ചു.

എല്ലാ ദിവസവും തഹജ്ജുദ് നമസ്കാരവും ദർസും ഉണ്ടായിരുന്നു. കേരളത്തിൽ നിന്ന് 500 ൽ അധിക പ്രതിനിധികൾ ജൽസയിൽ പങ്കെടുത്തു.

അമൃത്സർ എം. പി.യും മുൻ ക്രിക്കറ്റ് താരവുമായിരുന്ന നവജോദ് സിംങ്ങ് സിദ്ധു, അകാലിദൾ പ്രബന്ധക് കമ്മിറ്റി ചെയർ പേഴ്സൻ

## അനുസ്മരണം

# പി.എസ്. മൂസ്സക്കോയ സാഹിബ്




**കോഴിക്കോട് :** കുണ്ടുങ്ങൽ പുതിയ സ്രാങ്കിന്റകത്ത് പി.എസ്. മൂസ്സക്കോയ സാഹിബ് ഡിസം: 28 ചൊവ്വാഴ്ച കോഴിക്കോട്ട് നിര്യാതനായി. ഇന്നാലില്ലാഹി......

നാൽപതോ അൻപതോ വർഷങ്ങൾക്ക് മുമ്പ് തന്നെ ജമാഅത്തിന്റെ അനുഭാവിയായിരുന്ന മൂസ്സക്കോയ എച്ച്.എ. മൗലവി (മർഹും) സാഹിബുമായും മാർക്കർ ഹൗസുമായും ജമാഅത്തിലെ പഴയകാല പ്രവർത്തകരുമായും അടുത്ത ബന്ധം പുലർത്തിയിരുന്ന ആളായിരുന്നു. 1996 -ലാണ് അദ്ദേഹത്തിന് ബൈയ്യത്ത് ചെയ്ത് ജമാഅത്തിൽ പ്രവേശിക്കാനുള്ള ഭാഗ്യം സിദ്ധിച്ചത്. കോഴിക്കോട്ടെ പ്രശസ്തമായ തറവാട്ടിൽ ജനിച്ച മൂസ്സക്കോയ സാഹിബ് ജമാഅത്തിൽ പ്രവേശിച്ചതിന് ശേഷം കുടുംബത്തിൽ നിന്നും കടുത്ത എതിർപ്പ് നേരിട്ടു. അദ്ദേഹത്തെ കുടുംബം ബഹിഷ്കരിക്കുകയായിരുന്നു. ജമാഅത്തിൽ വരുന്നതിന് മുമ്പ് തന്നെ ജീവകാരുണ്യപ്രവർത്തനങ്ങളിലും, സാധുസംരക്ഷണരംഗത്തും സജീവമായി പ്രവർത്തിച്ചിരുന്ന മൂസ്സക്കോയാസാഹിബ് കോഴിക്കോട്ടെ മുസ്ലിം വൃത്തങ്ങളിൽ വ്യാപകമായി അറിയപ്പെടുന്ന വ്യക്തിയായിരുന്നു. കുടുംബത്തിൽ നിന്നും ബഹിഷ്കൃതനായ അദ്ദേഹം പിന്നീട് സംസ്ഥാന ജനറൽ സെക്രട്ടറിയായിരുന്ന കെ.യം. അഹ്മദ് കോയാസാഹിബിന്റെ വീട്ടിലായിരുന്നു മരണം വരെ താമസിച്ചത്. കോഴിക്കോട് ജമാഅത്തിലെ എല്ലാവർക്കും പ്രിയങ്കരനായിരുന്ന മൂസ്സക്കോയാ സാഹിബിന്റെ നിര്യാണം ജമാഅത്തിലാകമാനം മ്ലാനത പരത്തി. അല്ലാഹു പരേതന് ജന്നത്തും മഗ്ഫിറത്തും നൽകി അനുഗ്രഹിക്കട്ടെ. മക്കൾ : സി.പി. ആലിക്കോയ, സി.പി. മുഹമ്മദ്, അത്തിയത്തുൽ വദൂദ് ഭാര്യമാർ സി.പി. ഇമ്പിച്ചായിശബി (കോഴിക്കോട്) സി.പി. ജമീല (അലനല്ലൂർ).

*എം.കെ. മൊയ്തുണ്ണി,*

# മൗലവി മുഹമ്മദ് ഇസ്മായിൽ സാഹിബ് 'സത്യദൂതൻ' ചീഫ് എഡിറ്റർ



**കോഴിക്കോട് :** സത്യദൂതൻ ചീഫ് എഡിറ്ററായി മൗലവി മുഹമ്മദ് ഇസ്മായിൽ സാഹിബ് നിയമിക്കപ്പെട്ടതായി കേരള അമീർ എ. പി. കുഞ്ഞാമു സാഹിബ് അറിയിച്ചു. മൗലവി മുഹമ്മദ് ഉമർ സാഹിബ് വിരമിച്ച ഒഴിവിലേക്കാണ് മൗലവി മുഹമ്മദ് ഇസ്മായിൽ സാഹിബിനെ അഹ്മദിയാ കേന്ദ്ര പ്രസിദ്ധീകരണ വിഭാഗം നിയമിച്ചത്. 1978 ജമാഅത്തിൽ പ്രവേശിച്ച മൗലവി ഇസ്മായിൽ ആലപ്പുഴയിലെ ജനാബ് മുസ്തഫാ സാഹിബിന്റെ പുത്രനാണ്. സത്യദൂതന്റെ മുൻഎഡിറ്ററായി പ്രവർത്തിച്ച അദ്ദേഹം പ്രഗൽഭനായ വാഗ്മിയും എഴുത്തുകാരനുമാണ്. വിശുദ്ധ ഖുർആന്റെ മലയാള വിവർത്തന സമിതിയിൽ അംഗമായിരുന്ന മൗലവി സാഹിബ് 'ഹമാരാ ഹുദാ' എന്ന ഉർദു പുസ്തകം മലയാളത്തിലേക്ക് വിവർ ത്തനം ചെയ്തിട്ടുണ്ട്. ഹുസൂർ തിരുമനസ്സിന്റെ ഖുത്ബകളുടെ വിവർ ത്തനം അദ്ദേഹമാണ് നിർവ്വഹിക്കുന്നത്.

# സത്യദൂതൻ: അമീർ / പ്രസിഡണ്ടുമാരുടെ ശ്രദ്ധക്ക്

സത്യദൂതൻ പ്രചരണപക്ഷാചരണം വമ്പിച്ച വിജയമാക്കിമാറ്റാൻ എറണാകുളത്തും കോഴിക്കോട്ടും ചേർന്ന പ്രസിഡണ്ടുമാരുടെ യോഗം തീരുമാനിച്ച വിവരം അമീർ/പ്രസിഡണ്ടുമാരെ പ്രത്യേകം ഓർമിപ്പിക്കുന്നു. പൂർവ്വാധികം വരിക്കാരെ ചേർത്ത് സത്യദൂതന്റെ വരിക്കാരുടെ എണ്ണം വർദ്ധിപ്പിക്കാൻ ജമാഅത്തുകൾ പരിപാടികൾ ആവിഷ്കരിച്ച് ഓരോ അംഗത്തേയും ഈ സംരംഭത്തിൽ ഭാഗഭാക്കാക്കണെമെന്നും വിനീതമായി അഭ്യർത്ഥിക്കുന്നു. തബ്ലീഗ് രംഗത്ത് സത്യദൂതൻ ചെയ്യുന്ന നിശബ്ദ സേവനം ഓർത്തുകൊണ്ട് ഓരോ ജമാഅത്തും മത്സരബുദ്ധിയോടെ ഇതിൽ പങ്കാളികളാവണമെന്ന് അഭ്യർത്ഥിക്കുന്നു. അമീർ/ പ്രസിഡണ്ടുമാർ ജനുവരി 20ാം തിയ്യതിക്കകം വരിസംഖ്യ സത്യദൂതൻ മാനേജറുടെ പേരിൽ അയച്ചുകൊടുക്കാൻ താല്പര്യപ്പെടുന്നു.

**എ.പി. കുഞ്ഞാമു, അമീർ**
അഹ്മദിയ്യാ മുസ്ലിം
ജമാഅത്ത്, കേരള

■

---

ബീബി ജഹീർ കൗർ, പഞ്ചാബ് ഡെ. സ്പീക്കർ ദർബാരി ലാൽ എന്നിവർ ജൽസയെ അഭിസംബോധന ചെയ്തു.

രാഷ്ട്രപതി, പ്രധാനമന്ത്രി, ആഭ്യന്തര മന്ത്രി, സംസ്ഥാന ഗവണർമാർ, മുഖ്യമന്ത്രിമാർ, തുടങ്ങിയവർ സന്ദേശം അയച്ചിരുന്നു. ■

**മൗലവി മുഹമ്മദ് ഇസ്മായിൽ**

സൂഫിക്കഥ

# മേൽക്കൂരയിലെ ഒട്ടകം

മഹാനായ ഇബ്റാഹിം അദ്ഹം ബൽക്കി രാജ്യം ഭരിക്കുന്ന കാലം സുഖസമൃദ്ധമായ കൊട്ടാരത്തിലെ ശയ്യാമുറിയിൽ രാജാവ് പള്ളിയുറക്കത്തിനായി വന്നു. പട്ടുമെത്തയിൽ കിടന്ന് രാജാവ് സുഖനിദ്രയിലേക്ക് ആഴ്ന്നിറങ്ങി. അപ്പോൾ കൊട്ടാരത്തിന്റെ മേൽത്തട്ടിൽ നിന്നും ഒരു കാൽപെരുമാറ്റം കേട്ടു. രാജാവ് സുഖസുഷുപ്തിയിൽ നിന്നും ഞെട്ടിയുണർന്നു.

'ആരവിടെ'? ശബ്ദം കേട്ട ദിക്കിലേക്ക് ദൃഷ്ടി പായിച്ച് രാജാവ് ചോദിച്ചു. അപ്പോൾ മേൽത്തട്ടിൽ നിന്നും ഒരശരീരി ശബ്ദം ഉയർന്നു.

'ഞാനാണ്, അങ്ങയുടെ സ്നേഹിതൻ'

'സ്നേഹിതനോ', നീ അവിടെ എന്താണ് ചെയ്യുന്നത്' രാജാവ് ശബ്ദമുയർത്തി ചോദിച്ചു.

'ഞാൻ എന്റെ കാണാതെപോയ ഒട്ടകത്തെ തിരയുകയാണ്' അശരീരി മൊഴിഞ്ഞു.

ഹേ; വിഡ്ഢീ! നീ എന്ത് വൃഥാവേലയാണ് ചെയ്യുന്നത്? ഒട്ടകത്തെ നഷ്ടപ്പെട്ടാൽ ആരെങ്കിലും മേൽക്കൂരയിൽ തിരയുമോ? അത് ഒട്ടകം മേയുന്ന സ്ഥലമല്ലെന്ന് നിനക്കറിയില്ലെ. രാജാവ് പരിഹാസവും കോപവും കലർത്തി ചോദിച്ചു.

വീണ്ടും മേൽതട്ടിൽ നിന്നും ശബ്ദമുയർന്നു: 'അതെ, താങ്കൾ എന്തൊരു വിഢിത്വമാണോ ചെയ്യുന്നത് അതേ വിഡ്ഢിത്വമാണ് ഞാനും ചെയ്യുന്നത്.'

കോപിഷ്ഠനായ രാജാവ് ചോദിച്ചു:

'ഞാൻ എന്ത് വിഡ്ഢിത്തമാണ് ചെയ്യുന്നത്?'

ഉടനെ അശരീരിയുടെ മറുപടി:

'ഈ കൊട്ടാരത്തിലെ ആഢംബരപൂർണമായ ജീവിതത്തിൽ മദിച്ചുല്ലസിച്ച് ജീവിക്കുന്ന താങ്കൾ ദൈവത്തെ തിരയുന്നില്ലെ? അതുപോലെയുള്ള ഒരു വൃഥായത്നത്തിലാണ് ഞാനും'

'ആഢംബരപ്രിയനായ ഇബ്റാഹിമിബ്നു അദ്ഹമിന്' ഈ മറുപടി ഒരു ആത്മീയാഘാതമാണ് സമ്മാനിച്ചത്.

***സമ്പാ: എ. എം.***

## ഐഹിക ജീവിതത്തിന്റെ നിസ്സാരത

നിങ്ങൾ അറിഞ്ഞു കൊൾക. ഐഹിക ജീവിതം ഒരു കളിയും വിനോദവും അലങ്കാരവും നിങ്ങൾ പരസ്പരം വമ്പു നടിക്കലും ധനത്തിലും സന്തതിയിലും പെരുമകാണിക്കലും മാത്രമാണ്.

(വി. ഖുർആൻ 57:21)

## പി.എം. ആമിന ഉമ്മ

**ചേലക്കര:** ചേലക്കരയിലെ ഒന്നാമത്തെ അഹ്മദി മൗലവി എം. ഹസ്സൻകുട്ടി സാഹിബ് (മർഹും)ന്റെ പത്നി പി.എം. ആമിന ഉമ്മ (78) ഒക്ടോബർ 14ന് (വ്യാഴം) നിര്യാതയായി. ഇന്നാലില്ലാഹി വഇന്നാ ഇലൈഹി റാജിഊൻ.

മൗലവി സാഹിബിനുശേഷം ചേലക്കരയിൽ ബയ്അത്ത് ചെയ്ത ആദ്യ ഏഴുപേരിൽ പരേതയും ഉൾപ്പെടുന്നു. ഒരു ഘട്ടത്തിൽ സഹോദരന്മാർ പലരും അഹ്മദിയ്യത്തിൽ നിന്ന് പുറത്ത് പോവുകയും ജമാഅത്ത് വിടാൻ ഇവരേയും പ്രേരിപ്പിച്ചെങ്കിലും അവർ ഉറച്ചുനിൽക്കുകയാണ് ചെയ്തത്.

പരേതയെ അല്ലാഹു ജന്നത്തും മഗ്ഫിറത്തും നൽകി അനുഗ്രഹിക്കട്ടെ. പരേത ഹജ്ജ് കർമം അനുഷ്ഠിച്ചിട്ടുണ്ട്.

ചേലക്കരയിലെ മമ്മു-ഫാത്വിമ ദമ്പതികളുടെ മകളാണ് പരേത. മക്കൾ : ടി. അനസ് (പ്രസിഡണ്ട്, ചേലക്കര ജമാഅത്ത്), ടി. ഖാലിദ് (സഈം അൻസാറുല്ലാഹ്, ചേലക്കര), ടി. അബ്ബാസ്, ടി.എം. മുഹമ്മദ് (മുബല്ലിഗ്), ടി. ബദറുദ്ദീൻ (മുൻ പ്രസി. ചേലക്കര), ടി. നഫീസക്കുട്ടി, ടി. സൈനബ്, ടി.റുഖിയ്യ. **- എ.എസ്.**

## ഏ. പി. ഇമ്പിച്ചായിശബി

**കോഴിക്കോട്:** ജമാഅത്തിലെ മുൻ നായിബ് അമീറും മസ്ജിദ് നിർമ്മാണക്കമ്മിറ്റി ട്രഷററും ആയിരുന്ന പരേതനായ എം. എം. കോയ സാഹിബിന്റെ ഭാര്യ എ. പി. ഇമ്പിച്ചായിശബി (78) സാഹിബ് 2004 ഡിസംബർ 31 ന് വെള്ളിയാഴ്ച ബംഗ്ലൂരിൽ വെച്ച് നിര്യാതയായി. ഇന്നാലില്ലാഹി... കോഴിക്കോട്ടായിരുന്നു കബറടക്കം.

കോഴിക്കോട് ലജ്നാ ഇമാഇല്ലായുടെ മുൻ പ്രസിന്റായിരുന്നു പരേത ജമാഅത്തിനു വേണ്ടി വളരെയധികം സേവനങ്ങളർപ്പിച്ച സ്ത്രീയായിരുന്നു. പാവങ്ങളെ സഹായിക്കുന്ന ഒരു നല്ല ധർമ്മിഷ്ഠ കൂടിയായിരുന്നു അവർ.

മക്കൾ : ഇസ്മത്ത്, ഇശ്റത്ത്, സീനത്ത്, നിശ്ബത്ത് എന്നിവർ മക്കളും അബ്ദുറസാക്ക്, അബ്ദുറശീദ്, അബ്ദുൽ കരീം, ബശീർ അഹ്മ്മദ് എന്നിവർ ജാമാതാക്കളുമാണ്. സർവ്വശക്തൻ പരലോകത്ത് അവർക്ക് ജന്നത്തും മഗ്ഫിറത്തും നൽകി അനുഗ്രഹിക്കുമാറാകട്ടെ. ആമീൻ. ■

**എം.കെ.ഐ.**